

# ശ്രീ. വി.ടി.വി.ദാമോദരൻ
## ആദരഗ്രന്ഥം



# EDITOR'S NOTE

ബാന്ധവമില്ലാത്ത ബന്ധങ്ങളിലൂടെയാണ് പ്രപഞ്ചം നിലനിന്നുപോരുന്നത്. ചേതനവും അചേതനവുമായ വസ്തുക്കൾ തമ്മിലുള്ള കൊടുക്കൽ വാങ്ങലുകൾ അത്തരം ബന്ധങ്ങളെ പരിപോഷിപ്പിച്ചുകൊണ്ടിരിക്കുന്നു. വാങ്ങുന്നതിന്റെ കണക്ക് സൂക്ഷിച്ചാലും കൊടുക്കുന്നതിന്റെ കണക്ക് ഓർമ്മിക്കാൻ ശ്രമിക്കുന്നത് അതിന്റെ പ്രഭ കെടുത്തും. കടലിൽ കളയുമ്പോഴും അളന്നുകളയണമെന്ന ചൊല്ല് അപ്രസക്തമാണ് ഇവിടെ. വേദനിക്കുന്നിടത്ത് മനസ്സ് കൊണ്ടുനിർത്തുക എന്നത് ചെറിയ കാര്യമല്ല. അങ്ങനെയുള്ള കാഴ്ചകൾ താരതമ്യേന കുറവായിരിക്കും, പുതിയ കാലത്ത്. ഈ പശ്ചാത്തലത്തിലാണ് വി.ടി.വി. ദാമോദരൻ എന്ന വ്യക്തിയുടെ പ്രസക്തി അന്വേഷിക്കുന്നത്.

സമാധാനത്തെക്കുറിച്ച്, സമചിത്തതയെക്കുറിച്ച് പട്ടേലുമായി സംസാരിക്കുന്ന മധ്യേയാണ് പ്രാർത്ഥനാസമയം വൈകിയെന്നറിഞ്ഞ് ധൃതിപിടിച്ച് ബിർലാമന്ദിരത്തിന് പിന്നിലെ പുൽത്തകിടിയിലൂടെ അദ്ദേഹം വേഗത്തിൽ നടന്നത്. എല്ലാവരെയും ഒരുപോലെ കാണാനുള്ള കണ്ണുകൾക്കായി പ്രാർത്ഥിക്കാൻ കയറുംമുമ്പ് ഗോഡ്സേയുടെ തോക്കിലെ തിരകൾ ആ ഹൃദയത്തെ പകുത്തുകൊണ്ട് ആർത്തലച്ചു. അപ്പോഴും ആ ചുണ്ടുകൾ ശാന്തമായിരുന്നു. സമാനതകളില്ലാത്ത ആ ജീവിതത്തിന്റെ നേർസാക്ഷ്യം അദ്ദേഹത്തെ അടുത്തറിയാത്ത പരിസരങ്ങളിൽ പരിചയപ്പെടുത്തുക എന്നതും അപൂർവ്വതയാണ്.

സ്വാശ്രയത്വത്തിന്റെ പ്രതീകമായ ചർക്ക വേറിട്ടൊരു ജീവിതചുറ്റുപാടിൽ വലിയ പ്രതീക്ഷകൾ സമ്മാനിക്കും. അധ്വാനിച്ച് മാത്രം വിശപ്പകറ്റണമെന്ന നിർബന്ധം കാഴ്ചക്കാരിൽ ഉണ്ടാക്കാൻ ഇതുവഴി സാധിക്കും. അല്ലെങ്കിൽ ആ ഉപകരണത്തിന്റെ പശ്ചാത്തലമൂല്യത്തെക്കുറിച്ച് അന്വേഷിക്കാനുള്ള പ്രേരണ അവരിലുണ്ടാക്കും. ഒപ്പം നാട്ടിലെ അമ്പറുകളിൽ ഈ ചർക്കയാണ് സ്ത്രീകളുടെ ആത്മാഭിമാനം സംരക്ഷിച്ച് ചില്ലറത്തുട്ടുകൾ സമ്മാനിച്ചത് എന്നും ഓർമ്മിക്കാനവസരമുണ്ടാവും.

വി.ടി.വി. ഇതിനെല്ലാം നിമിത്തമായി, നിയോഗം പോലെ. ഇത് മറ്റുള്ളവർക്കും ആവുന്നതേയുള്ളു. വാദത്തിനുവേണ്ടി അങ്ങനെയും വാദിക്കാം. പക്ഷെ അങ്ങനെ സംഭവിച്ചില്ലല്ലോ എന്നതാണ് വി.ടി.വി.യെ പ്രസക്തനാക്കുന്നത്. അതാണ് 'ആദരം' പരിപാടിയുടെ ഉള്ളടക്കവും. ജീവിതത്തിൽ കുറച്ച് മാത്രം ലഭിക്കുന്ന സമയവും കാലവും ഇങ്ങനെ ചില നന്മകൾക്ക് വേണ്ടി നീക്കിവെക്കുന്ന മനസ്സുകളെ അടയാളപ്പെടുത്തേണ്ടത് ചുറ്റുമുള്ളവരുടെ കടമയാവും, ചില സന്ദർഭങ്ങളിൽ. ഇത് ഇത്രമാത്രം.

മരുഭൂവിലെ തെളിനീരിന് മലയിടുക്കുകളിലെ കുളിനീരിനേക്കാൾ പ്രാധാന്യമുണ്ട്. നീരുറവ കുറവാണെങ്കിലും കാരുണ്യത്തിന്റെ മരുനീര് വറ്റാത്ത ചില കിണറുകൾ അവശേഷിക്കുന്നുണ്ട്, ഇപ്പോഴും. അതിലെ സ്നേഹസാന്നിധ്യം ഓർത്തെടുക്കാനുള്ള ശ്രമം ഈ രൂപത്തിൽ നിങ്ങളെ ഏൽപ്പിക്കുന്നു. ഒരു അവകാശവാദവുമില്ലാതെ, സ്നേഹസ്മൃതിയായി മാത്രം ■

സി.വി.വിനോദ്കുമാർ
എഡിറ്റർ

# CONTENTS

## let's look out the WINDOW






**10** ദാമു –സാമൂഹ്യപ്രതിബദ്ധതയുള്ള കവിമനസ്സ്/ ഖാലിദ് അൽധൻഹാനി

**12** സമർപ്പിത സേവനത്തിന്റെ ഗാന്ധിരൂപം/ വൈ. സുധീർകുമാർ ഷെട്ടി

**14** ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് ഒരാമുഖം/ അഡ്വ: ശശി വട്ടക്കൊവ്വൽ

**16** The Diminutive Giant/ Dr. V.C. Raveendran

**18** കർമ്മോർജ്ജത്തിന്റെ വൈയക്തികരൂപം/ ഡോ: ഇ.ശ്രീധരൻ

**21** ഗാന്ധിജിയുടെ ചർക്ക–സുസ്ഥിര ഭാവിയുടെ പ്രതീകം/ഡോ: എം.പി. മത്തായി

**24** വി.ടി.വി./ എം.എ. റഹ്മാൻ

**26** Why Mahatma / Birad Rajaram Yajnik

**28** ഗാന്ധിജിയും സ്വാശ്രിതവ്യവസ്ഥയും/ പ്രൊഫ: കെ.രാജഗോപാലൻ

**30** വി.ടി.വി.ദാമോദരന്റെ പ്രസക്തി/ പ്രൊഫ:ബി.മുഹമ്മദ് അഹമ്മദ്

**33** മണലാരണ്യത്തെ നാട്ടുചെമ്പകം/ ടി.പി.ഭാസ്കര പൊതുവാൾ

**34** പയ്യന്നൂർ–ഗാന്ധിയൻ പാരമ്പര്യം/ യു.രാജേഷ്

**38** വി.ടി.വി.യുടെ വഴികൾ/ ഡോ:ആർ.സി. കരിപ്പത്ത്

**53** വി.ടി.വി.എന്ന ഇതിഹാസം/ ചന്ദ്രൻ മുണ്ടക്കാട്

**54** വിശ്വാസം തെളിച്ച കർമ്മപാത/ പി.കെ.പ്രേമരാജൻ


**58** ഇങ്ങനെയും ഒരു മനുഷ്യൻ/ നസീർ രാമന്തളി

**64** കടൽ കടന്നെത്തിയ ഗാന്ധിയൻ/ രമേഷ് പയ്യന്നൂർ

**66** അബൂദാബിയിലെ മഹാത്മാഗാന്ധി ശില്പം/ ചിത്രൻ കുഞ്ഞിമംഗലം

**68** അറേബ്യൻ മണ്ണിൽ പയ്യന്നൂരിന്റെ മുദ്ര ചാർത്തിയ സഹൃദയൻ/സഫറുള്ള പാലപ്പെട്ടി

**72** കൊടക്കാട്ടെ വി.ടി.വി./ ഡോ: എം.എസ്. നായർ



# MARU NEER


76 പ്രവാസി മലയാളികളിലെ സ്നേഹത്തണൽ/ടി.പി.എൻ. അനിൽ

80 ഏഴൈതോഴൻ/ വേലിക്കകത്ത് കുഞ്ഞിരാമൻ

84 പയ്യന്നൂരിന്റെ വി.ടി.വി./ ക്ലിന്റു പവിത്രൻ

86 നന്മയുടെ തീരംതേടുന്നവർ/ വെദിരമന വിഷ്ണു നമ്പൂതിരി

89 ഞാനറിയുന്ന വി.ടി.വി./ നസീർ പാങ്ങോട്

90 മാതൃകായോഗ്യനായ സാമൂഹ്യ പ്രവർത്തകൻ/ ഉസ്മാൻ കരപ്പാത്ത്

94 ചെണ്ടുമല്ലിപ്പൂവ്/ ടി.സി.വി. സതീശൻ

95 എന്റെ പയ്യന്നൂർ/ വി.ടി.വി. ദാമോദരൻ

## editorial board



cover, layout, design, printing:
origin graphics, pnr 9746703055

Photos: Sathyan Kadiyan, Abu Dhabi
Ramas Rajeevan, Rakesh Puthur
Typing: Varamudra Offset

المقر الهندي الثقافي الاجتماعي
الحاصل على جائزة "برافاسي بهاراتيبا سمان

**India Social & Cultural Centre**
Pravasi Bharatiya Samman Awardee

1st May 2019



**Dr. V.C. Ravindran**
**Payyanur**

Dear Doctor Ravindran,

I am delighted to learn that the Elite Populace of Payyanur is honouring one of the active members of India Social & Cultural Centre, Abu Dhabi ("ISC'), Mr. V.T.V. Damodaran ("VTV") for his contributions to Socio-Cultural and Humanitarian activities, and you are bringing out a Souvenir to commemorate this occasion.

I must emphasize, it was under the initiative of VTV, many folk arts of Kerala were brought and performed at the ISC and other parts of gulf countries.

One of the most significant achievements of his life was the installation of the statue of Mahatmaji at the ISC premises for which the entire Indian diaspora are proud of him. Furthermore, he has brought and installed a Charka, the symbol of Indian independence, at the Indian Embassy premises in Abu Dhabi. VTV will ever be remembered for his multifarious selfless deeds, be it charitable, philanthropic, cultural, or literary.

I wish continued success to VTV for his noble work and salute the people of Payyanur.

Yours sincerely,

**D. Natarajan**
**Hon.President**
**India Social & Cultural Centre, Abu Dhabi**

Website : www.iscabudhabi.com

ص.ب : ٨١٦ - أبوظبي - الامارات العربية المتحدة - تلفون : ٠٢-٦٧٣٠٠٦٦ - فاكس : ٠٢-٦٧٣٢٨٩٩ - بريد الالكتروني : info@iscabudhabi.com
P.O. BOX : 816 - ABU DHABI - U.A.E - TEL. : 02-6730066 - FAX : 02-6732899 - E-mail : info@iscabudhabi.com

## AADHARAM
## PROGRAMME COMMITTEE:

Chairman:
Dr. V.C. Raveendran

Working Chairman:
Prof. K. Rajagopalan

Convenor:
Dr. E. Sreedharan

Vice Chairmans:
K. P. Balakrishna Poduval
K.U. Vijayakumar
P.U. Rajan
K.P. Sreedharan
A.K.P. Narayanan
M.T. Annur
Keybeeyar Kannan
P. Sukumaran Master

Treasurer:
K. Krishnan Master

Members:
C.V. Vinodkumar
U. Rajesh
T.K. Santhosh
Satheesan Sathidevi
E. Devadas
Chithran Kunhimangalam
U. Narayanan
V.V.K. Poduval
P.M. Balakrishnan
P. Mohanan
B. Sajithlal

# M E S S A G E




Khalid Al Dhanhani



# ദാമു - സാമൂഹ്യ പ്രതിബദ്ധതയുള്ള കവിമനസ്സ്

തനത്ശൈലിയിൽ തന്റെ ചുറ്റുപാടുകളെ വസ്തുനിഷ്ഠമായി അപഗ്രഥനം നടത്തി അനുയോജ്യമായ കാല്പനികത ചേർത്ത് ആകർഷകമായ നിരവധി കവിതകളൊരുക്കി പ്രതിഭാധനനായ കാവ്യഹൃദയത്തിനുടമയാണ് ശ്രീ.വി.ടി.വി. ദാമോദരൻ.

കഠിനാദ്ധ്വാനവും ആത്മാർത്ഥതയും കൈമുതലാക്കി ഇന്ത്യ-യു.എ.ഇ സാമൂഹിക സാംസ്കാരിക മേഖലകളിൽ നിറഞ്ഞുനിൽക്കുന്ന ദാമോദരനെ സ്നേഹപുരസ്സരം ഞാൻ ദാമു എന്നു വിളിക്കാൻ ഇഷ്ടപ്പെടുന്നു. പ്രിയ സ്നേഹിതൻ ആദരണീയമായ സംഭാവനകളിലൂടെ മാതൃകാപരവും ആകർഷകവുമായ വ്യക്തിത്വത്തിനുടമയാണ്.

സൗമ്യമായ പെരുമാറ്റത്തോടൊപ്പം പ്രൊഫഷണലിസം പ്രകടമാക്കി ഇന്ത്യക്കാരായ തന്റെ സഹോദരങ്ങൾക്കിടയിൽ നിരന്തരം പ്രവർത്തിച്ചുകൊണ്ട് അവരുടെ പ്രയാസങ്ങളും മറ്റു പ്രശ്നങ്ങളും പരിഹ



ഖാലിദ് അൽ ധൻഹാനി
പ്രസിഡണ്ട്, ഫുജൈറ സോഷ്യൽ ആൻഡ് കൾച്ചറൽ സെന്റർ, യു.എ.ഇ.

രിക്കുന്നതു വഴി ദാമുവിലെ മനുഷ്യസ്നേഹി പ്രശംസയർഹിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ സാമൂഹികമേഖലകളിൽ സുപരിചിതനായിത്തീർന്ന അദ്ദേഹം ജനഹൃദയങ്ങളിൽ ഊഷ്മളമായ സ്നേഹബന്ധങ്ങളും നേടിയെടുത്തു.

സാമൂഹിക പ്രവർത്തനമേഖലകളിലെന്നപോലെ സാഹിത്യമേഖലയിലും അദ്ദേഹം പ്രകടിപ്പിക്കുന്ന അടങ്ങാത്ത ആവേശവും ശ്രദ്ധേയമാണ്. പ്രത്യേകിച്ച് കവിതകളോടുള്ള അദ്ദേഹത്തിന്റെ പ്രണയം വളരെയേറെ അർത്ഥസമ്പുഷ്ടവും മനോഹരവുമായ കവിതകളുടെ രചനയിലേക്ക് അദ്ദേഹത്തെ കൊണ്ടെത്തിച്ചു. ലളിതമായ ഭാഷാസൗന്ദര്യം പ്രകടമാക്കിയുള്ള ദാമുവിന്റെ കാവ്യരചന കൃത്യവും വ്യക്തവുമായ വാക്കുകൾ യഥാസ്ഥാനങ്ങളിൽ ഉപയോഗിക്കുക വഴി ആസ്വാദന ഹൃദയങ്ങൾ കീഴടക്കുന്നു. മാനവികതയും സാഹോദര്യവും ഇതൾവിരിയുന്ന വരികൾ അനുവാചക ഹൃദയങ്ങളിലേക്ക് ശാന്തമായി കയറിപ്പറ്റുമ്പോൾ ദാമുവിന്റെ ദേശസ്നേഹവും ആത്മാഭിമാനവും തുളുമ്പുന്ന കവിതകൾ ഓരോരുത്തരിലേക്കും ആവേശമായി പടരുന്നു.

അദ്ദേഹം ഉപയോഗിക്കുന്ന ബിംബങ്ങൾ പോലും കൃത്യമായ സൂചനകൾ നൽകുന്നവയാണ്.

ഇന്ത്യ-യു.എ.ഇ സാഹിത്യ സാംസ്കാരിക ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിൽ പ്രശംസനീയമായ പങ്കുവഹിച്ചുകൊണ്ടിരിക്കുന്ന ദാമു ഇരുരാജ്യങ്ങളിലെയും സാഹിത്യനായകന്മാരെ ഉൾപ്പെടുത്തി പരസ്പര സഹകരണം മെച്ചപ്പെടുത്തികൊണ്ടുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുവന്നതിൽ വിജയം വരിച്ചിട്ടുണ്ട്.

ദീർഘകാലമായി യു.എ.ഇയിൽ ജീവിക്കുന്ന ദാമു മറ്റു പലരിൽ നിന്നും വിഭിന്നമായി ഉപജീവനമാർഗ്ഗം എന്ന ലക്ഷ്യത്തിനപ്പുറം ഈ നാടിനോടും ഇവിടുത്തെ ജനങ്ങളോടും ആദരവോടെ പെരുമാറുകയും ചെയ്യുന്നതോടൊപ്പം രാജ്യം ആർജിച്ചെടുത്ത നേട്ടങ്ങൾ സുന്ദര കാവ്യങ്ങളാക്കി സമൂഹത്തിന്റെ മുന്നിലേക്ക് പകർന്നു നൽകുകയും ചെയ്തിരിക്കുന്നു.

2016ലെ കേരള സന്ദർശനവേളയിലായിരുന്നു എനിക്ക് ദാമുവിന്റെ വ്യക്തി വൈശിഷ്ട്യവും സാഹിത്യ സാംസ്കാരിക ഔന്നത്യവും കൂടുതൽ മനസ്സിലാക്കാൻ സാധിച്ചത്.

കേരളത്തിലെന്നല്ല ഇന്ത്യയിൽ തന്നെ ചിരപുരാതനമായ അന്നൂർ സഞ്ജയൻ സ്മാരക ഗ്രന്ഥാലയത്തിൽ സംഘടിപ്പിച്ച കവിസമ്മേളനം മറക്കാനാവാത്ത അനുഭവമായിരുന്നു.

സ്നേഹത്തിന്റെ പൊന്നാടയും സൗഹൃദത്തിന്റെ ഉപഹാരവും നൽകി സംഘാടകർ എന്നെ സ്വീകരിച്ചു. ആദ്യമായി ആ ഗ്രന്ഥാലയത്തിൽ കവിതകൾ അവതരിപ്പിച്ച അറബിക് കവി ആയിത്തീരുവാൻ എനിക്ക് ഭാഗ്യമുണ്ടായി. ആ യാത്രയിൽ ഇന്ത്യ-യു.എ.ഇ. സാംസ്കാരികബന്ധങ്ങൾ വളർത്താനും ഊട്ടിയുറപ്പിക്കാനും ഉതകുന്ന ഒട്ടേറെ പരിപാടികളിൽ ഭാഗവാക്കാകുവാൻ എനിക്ക് സാധിച്ചു.

പയ്യന്നൂരിലെ ഗ്രാമം പ്രതിഭ സംഘടിപ്പിച്ച സാംസ്കാരിക സമ്മേളനം, കോൽക്കളി പ്രദർശനം, ശ്രീ. മുണ്ടക്കാട് ചന്ദ്രന്റെ നേതൃത്വത്തിൽ കണ്ണൂരിലെ ചിലങ്ക സാംസ്കാരിക വേദിയുടെ കവി സമ്മേളനം തുടങ്ങി വിഭിന്നശേഷിയുള്ള കുട്ടികളുടെ കേന്ദ്രമായ എം.ആർ.സി.എച്ചിലെ വൈകാരികമായിത്തീർന്ന സന്ദർശനം, പയ്യന്നൂരിലെ പ്രാദേശിക ചാനലായ നെറ്റ് വർക്കിലെ അഭിമുഖം തുടങ്ങിയവ ഇതിൽ ചിലതു മാത്രമാണ്.

ഈ യാത്രയിലുടനീളം കാണുന്നവരോടെല്ലാം സ്നേഹനിർഭരമായ പെരുമാറ്റവും കരുതലും പ്രകടിപ്പിക്കുന്നതോടൊപ്പം ഓരോ കാര്യങ്ങളിലും കാണിക്കുന്ന സൂക്ഷ്മതയും കഠിനാധ്വാനവും എത്രമേൽ മഹത്വമേറിയ മനസ്സിനുടമയാണ് ദാമു എന്നത് ഞാൻ അനുഭവിച്ചറിഞ്ഞു.

അതെ, മനുഷ്യത്വത്തിന്റെ കുലീനമായ ആവിഷ്കാരമാണ് പ്രിയ സുഹൃത്ത് വി.ടി.വി.ദാമോദരൻ. ആദരവോടെ ഞാൻ അദ്ദേഹത്തിനു ലഭിക്കുന്ന ഈ അംഗീകാരത്തിന് സർവ്വവിധ ഭാവുകങ്ങളും നേരുന്നു



വൈ. സുധീർകുമാർ ഷെട്ടി

# വി.ടി.വി.: സമർപ്പിത സേവനത്തിന്റെ ഗാന്ധിരൂപം

ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും എന്നെ ഏറ്റവും ആകർഷിച്ച മഹത്‌വ്യക്തിത്വം മഹാത്മാഗാന്ധി യുടേതാണ്. ഏകലവ്യഭാവത്തോടെ എന്നും പിന്തുടരുന്ന ഗുരുനാഥൻ. അറിയുന്തോറും അതിശയങ്ങളുടെ വായിച്ചുതീരാത്ത പുസ്തകമായി വളരുന്ന ഗാന്ധിജിയുടെ ഓർമ്മകൾക്ക് മുമ്പിൽ മനസ്സുകൊണ്ട് നമസ്കരി ക്കാത്ത ഒരു ദിവസംപോലും എന്റെ ജീവിതത്തിലുണ്ടായിട്ടില്ലെന്നു വേണം പറയാൻ. നമ്മൾ ഏതു മണ്ഡലത്തിൽ പ്രവർത്തിച്ചാലും ഏറ്റവും മാതൃകാപ രമായി കൃത്യങ്ങൾ നിർവ്വഹിക്കാനു ള്ള പാഠങ്ങൾ ആ ജീവിതം സദാ നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. പിടിച്ചെടുക്കുന്നതിനു പകരം വിട്ടു കൊടുക്കലാണ് പുണ്യമെന്ന് സ്വന്തം സത്യാന്വേഷണപരീക്ഷണങ്ങളിലൂടെ



കണ്ടെത്തിയ മഹാനാണ് മഹാത്മജി, നേട്ടങ്ങളിൽ മാത്രം അഭിരമിക്കുന്ന ഈ സ്വാർത്ഥകാലത്തിൽ ആ മുഖം മറയ്ക്കപ്പെടുകയോ മായ്ക്കപ്പെടുകയോ ചെയ്യുന്ന ദുരവസ്ഥയും നമ്മളിന്ന് ഖേദത്തോടെ കണ്ടുനിൽക്കേണ്ടിവരുന്നു. കുറ്റിയറ്റുപോകുന്ന ഒരു വംശമായി ഗാന്ധിയൻ സമൂഹം നേർത്തുവരികയാണ്. ഗാന്ധിഘാതകരും അവരുടെ ആശയങ്ങളും കൊണ്ടാടപ്പെടുന്നിടംവരെ കാര്യങ്ങൾ അധഃപതിച്ചിരിക്കുന്നു.

അതിസങ്കീർണ്ണമായ ഈ കാലഘട്ടത്തിൽ ഗാന്ധിസ്മൃതികളും ജീവിതചര്യയും ഉയർത്തിപ്പിടിക്കാൻ നിരന്തരം പരിശ്രമിക്കുന്ന ഒരാളായിട്ടാണ് പ്രവാസലോകത്തും നാട്ടിലും വി.ടി.വിയെന്ന് ചുരുക്കത്തിൽ ഞങ്ങളെല്ലാം വിളിക്കുന്ന വി.ടി.വി. ദാമോദരൻ. ജീവിതലാളിത്യത്തിലും മതേതരനിഷ്ഠയിലും സ്വഭാവ പെരുമാറ്റഗുണങ്ങളിലും ഗാന്ധിയൻ മൂല്യങ്ങൾ സൂക്ഷിക്കുന്ന അദ്ദേഹം എന്റെ അബുദാബി വാസകാലത്തെ ഉറ്റമിത്രങ്ങളിൽ ഒരാളാണ്. എത്രയോവട്ടം നിരവധി മണിക്കൂറുകൾതന്നെ ഞങ്ങൾ രാഷ്ട്രപിതാവ് മഹാത്മജിയെ കുറിച്ചും അദ്ദേഹത്തിന്റെ സർവ്വതലസ്പർശിയായ കർമ്മപുണ്യങ്ങളെ കുറിച്ചും സംസാരിക്കാനിടയായിട്ടുണ്ട്. ഗാന്ധിജിയുടെ സ്വഭാവവിശേഷങ്ങൾ പലതും സ്വജീവിതത്തിൽ പുലർത്തിയിരുന്ന യു.എ.ഇ. രാഷ്ട്രപിതാവ് മഹാനായ ഷെയ്ഖ് സായിദ് ഞങ്ങൾക്കിരുവർക്കും ഒരുപോലെ പ്രിയങ്കരനായതും ഇത്തരം ആശയവിനിമയങ്ങളിലൂടെയാണ്.

ഗാന്ധിജി നമ്മുടെ രാഷ്ട്രീയ ചിത്രങ്ങളിൽ നിന്നെല്ലാം അകറ്റപ്പെടുകയാണെന്ന അസഹ്യമായ തിരിച്ചറിവ് കൊണ്ടാണ് അബുദാബി ആസ്ഥാനമായി 'ഗാന്ധി സാഹിത്യവേദി'യെന്ന സ്മൃതിസമിതി വി.ടി.വി. രൂപീകരിച്ചത്. അന്നുതൊട്ടിന്നുവരെ ഈ സമിതി മുന്നോട്ടുവെച്ച ഗാന്ധിജി അനുസ്മരണപരിപാടികളിലെല്ലാം ഞാനും ഞങ്ങളുടെ സ്ഥാപനങ്ങളായ യു.എ.ഇ. എക്സ്ചേഞ്ചും എൻ.എം.സി.യും സജീവ പങ്കാളികളായിട്ടുണ്ട്. അതിലേറ്റവും ശ്രദ്ധേയമാണ് അബുദാബി ഇന്ത്യ സോഷ്യൽ ആൻഡ് കൾച്ചറൽ സെന്ററിൽ സ്ഥാപിച്ച മഹാത്മജിയുടെ വെങ്കലപ്രതിമ. ഇന്ത്യൻ സമൂഹത്തിന്റെ അബുദാബിയിലെ ഏറ്റവും വലിയ പൊതുസംഘടനയായ ഐ.എസ്. സി.യിൽ നമ്മുടെ പ്രിയങ്കരനായ മഹാത്മാ ഗാന്ധി സ്ഥിരസാന്നിധ്യമായതിൽ എനിക്ക് അനല്പമായ സന്തോഷമുണ്ട്.
പിന്നീട് ചർക്കയും തക്ലിയും കൊണ്ടുവന്ന് അബുദാബിയിൽ സ്ഥാപിച്ചതും വി.ടി.വി യും കൂട്ടരും തന്നെ. മഹാത്മജിയുടെ ജന്മദിനവും അദ്ദേഹത്തിന്റെ രക്തസാക്ഷിത്വദിനവും ഉൾപ്പെടെ വിശേഷദിവസങ്ങളിലും അല്ലാതെയും ഗാന്ധിസ്മൃതികൾ പ്രവാസികൾക്ക്, വിശേഷിച്ചും കുട്ടികൾക്ക് പകരുന്ന യജ്ഞവും ഇവർ ചെയ്തുവരുന്നുണ്ട്.

ഗാന്ധിജിയെക്കുറിച്ചും ഷെയ്ഖ് സായിദിനെ കുറിച്ചും ഇരുരാജ്യങ്ങളും തമ്മിലുള്ള ഊഷ്മളബന്ധത്തെ കുറിച്ചും വി.ടി.വി. എഴുതിയ കവിതകൾ അറബിയിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളതും സാംസ്കാരിക വിനിമയത്തിന് ചാലകമായിട്ടുള്ളതാണ്. അട്ടംപൊട്ടിക്കുന്ന ഉച്ചത്തിൽ തന്നെക്കുറിച്ചൊന്നും പറയാതെ, ഗാന്ധിജിയുടെ ശൈലിയിൽ പതിയെ തന്റെ ചുമതലകൾ ചെയ്തുതീർക്കുന്നയാളാണ് വി.ടി.വി. അദ്ദേഹത്തെ സ്വന്തം നാടായ പയ്യന്നൂർ ആദരിക്കുന്നുവെന്ന ശുഭവാർത്ത എന്നെയും വളരെ സന്തോഷിപ്പിക്കുന്നു. സർവ്വ ഭാവുകങ്ങൾ!

# ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഒരാമുഖം

ജീവിതം അത്യധികം സങ്കീർണ്ണവും ദുരിതപൂർണ്ണവുമായിക്കൊണ്ടിരിക്കുന്ന ഒരു കാലത്താണ് ജീവകാരുണ്യ പ്രവർത്തനങ്ങളെക്കുറിച്ച് നാം ചിന്തിക്കുന്നത്. മറ്റുള്ളവരുടെ സഹായമില്ലാതെ മുന്നോട്ട് നീങ്ങാൻ കഴിയാത്ത ദുരിതജീവിതങ്ങൾ അനവധിയാണ് നമുക്കു ചുറ്റും. അത്തരം ആളുകളെ കണ്ടെത്താനും സഹായിക്കാനും അവരെ സാധാരണ ജീവിതത്തിലേക്ക് കൈപിടിച്ച് കൊണ്ടുവരാനും ഒരു കൈത്താങ്ങായി നിലകൊള്ളാനും തയ്യാറാവുന്നവർ വിരളവുമാണ്. ഇങ്ങനെ ഒരു സാഹചര്യത്തിലാണ് അന്നൂരിലെ പ്രവാസിയായ ശ്രീ. വി.ടി.വി.ദാമോദരന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമായിത്തീരുന്നത്. സഹജീവികളുടെ സങ്കടങ്ങളിൽ സ്വയം ഹൃദയം ചേർത്തുവെക്കുന്ന വി.ടി.വിയെ ജന്മദേശം ആദരിക്കുന്ന ഈ വേളയിൽ അദ്ദേഹത്തിന് എല്ലാ നന്മകളും ആശംസിക്കുന്നു.

പയ്യന്നൂർ നഗരസഭാ പരിധിക്കുള്ളിൽ രോഗബാധിതരും ദരിദ്രരും പലപല സാമൂഹിക സാഹചര്യങ്ങളാൽ മുഖ്യധാരാജീവിതത്തിൽ നിന്ന് പുറംതള്ളപ്പെട്ടവരുമായ ആളുകൾക്ക് സഹായമെത്തിക്കാൻ ശ്രീ. വി.ടി.വി കാണിച്ച ത്യാഗസന്നദ്ധത എക്കാലവും ഓർമ്മിക്കപ്പെടും. സ്ഥിരരോഗിയായ ആളുകൾക്ക് മരുന്നായും, ചലനശേഷിയില്ലാത്തവർക്ക് വീൽചെയറായും, കിടന്നുറങ്ങാൻ കൂരയില്ലാത്തവർക്ക് വീടായും, പഠിക്കാൻ വഴിയില്ലാതെ വിദ്യാഭ്യാസം നിർത്തേണ്ടിവരുന്ന കുട്ടികൾക്ക് പാഠപുസ്തകമായും സഹായങ്ങളെത്തിക്കാൻ അദ്ദേഹം കാണിച്ച സന്നദ്ധത അംഗീകരിക്കേണ്ടതുതന്നെയാണ്. ഇത്തരം പ്രവർത്തനങ്ങളിൽ സാക്ഷിയാവാനും ചെക്ക് കൈമാറാനും സഹായവിതരണം നൽകാനും പലപ്പോഴും എനിക്ക് അവസരമുണ്ടായിട്ടുണ്ട്. നിസ്വാർത്ഥ സേവനത്തിന്റെ ഉദാത്ത മാതൃകകൾ മുന്നോട്ടുവെക്കുന്ന വി.ടി.വി പയ്യന്നൂരിന്റെ അഭിമാനമാണ്.

ലോകം ഏകമനസ്സോടെ ആദരിക്കുന്ന ഒരു വ്യക്തിത്വമാണ് മഹാത്മാ ഗാന്ധിയുടേത്. എന്നാൽ അദ്ദേഹത്തിന്റെ ശില്പസാന്നിദ്ധ്യം വിദേശങ്ങളിൽ വിരളമാണ്. യു.എ.ഇ പോലുള്ള രാജ്യങ്ങളിൽ അഹിംസയുടെ പ്രവാചകനായ ഗാന്ധിജിയുടെ പ്രതിമ സ്ഥാപിക്കുക എന്നത് എളുപ്പമുള്ള കാര്യമല്ല. രാജ്യാന്തരബന്ധം ഉൾപ്പെടെ അനവധി കടമ്പകൾ കടന്നുവേണം ഇത്തരം ഒരു ശ്രമം നടത്തേണ്ടത്. എന്നാൽ ഗാന്ധിജിയുടെ സന്ദർശനം കൊണ്ടും അദ്ദേഹത്തിന്റെ സമരാഹ്വാനങ്ങളെ അതേപടി സ്വീകരിച്ച പ്രദേശം എന്ന നിലയിലും പയ്യന്നൂരിൽ നിന്നും ഗാന്ധി പ്രതിമ കൊണ്ടുപോയി അബുദാബിയിൽ സ്ഥാപിക്കുക എന്ന മഹത്തായ ഒരു സംരംഭത്തിന് നേതൃത്വം





അഡ്വ.ശശി വട്ടക്കൊവ്വൽ
ചെയർമാൻ, പയ്യന്നൂർ നഗരസഭ




നൽകി എന്നത് ശ്രീ. വി.ടി.വിയുടെ സാമൂഹ്യ പ്രതിബദ്ധത വെളിവാക്കുന്ന കാര്യമാണ്. ഇതിനുവേണ്ടി എന്തുമാത്രം ത്യാഗം അദ്ദേഹം സഹിച്ചിട്ടുണ്ടെന്ന് നേരിട്ടറിയാം. മാത്രമല്ല, അബുദാബിയിൽ ചെന്ന് ആ പ്രതിമയിൽ പുഷ്പാർച്ചന നടത്താനുള്ള ഭാഗ്യം ലഭിച്ച ഒരു പയ്യന്നൂർക്കാരൻ കൂടിയാണ് ഞാൻ. ആ സംരംഭത്തിന് ലോകരാഷ്ട്ര നേതാക്കൾ നൽകിയ പിന്തുണ വളരെ വലുതായിരുന്നു. അതുപോലെ ഇന്ത്യൻ എംബസിയിൽ ചർക്കയും നൂലും സ്ഥാപിച്ചതും ശ്രദ്ധേയമായ കാര്യം തന്നെ. വി.ടി.വിയുടെ ജീവിതത്തിലെ ഏറ്റവും നല്ല ഓർമ്മകളായിരിക്കും ഇവയെന്ന് നിസ്സംശയം പറയാം.

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന പയ്യന്നൂർ പ്രദേശത്തെ കുട്ടികളെ അതീവജാഗ്രതയോടെ പരിപാലിക്കുന്ന ഒരു സ്ഥാപനമാണ് എം.ആർ.സി.എച്ച്. പയ്യന്നൂരിന്റെ ജനകീയ ഡോക്ടർ ശ്രീ. വി.സി.രവീന്ദ്രന്റെ നേതൃത്വത്തിൽ അവിടെ നടത്തുന്ന പ്രവർത്തനങ്ങൾ ഇതരദേശങ്ങൾക്ക് മാതൃകയാണ്. എം.ആർ.സി.എച്ചിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുവാനും സഹകരിക്കുവാനും ശ്രീ. വി.ടി.വി ഒരു കണ്ണിയായി പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ശ്രമഫലമായി അവിടുത്തെ കുട്ടികൾക്ക് വലിയതോതിലുള്ള സഹായം എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾ നിലനിന്നുപോരേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിനുവേണ്ടി പ്രയത്നിക്കുന്നവരോടൊപ്പം നിൽക്കുക എന്നത് പൊതുപ്രവർത്തകരുടെ കടമയുമാണ്. ആ അർത്ഥത്തിൽ ശ്രീ.വി.ടി.വിയെപ്പോലുള്ള ആളുകളുടെ സംഭാവനകളെ പോസിറ്റീവായി കാണാനും അംഗീകരിക്കുവാനുമാണ് ഞാൻ ഇഷ്ടപ്പെടുന്നത്. ശ്രീ.വി.ടി.വിക്ക് ഭാവുകങ്ങൾ നേരുന്നു

# The diminutive giant VTV

Dr.V.C.Raveendran



Mankind has always been fascinated by the 'Davids'. The story of David - Goliath encounter mesmerised our intellect and imagination, not merely as a story of the victory of the underdog but also because of the message it conveyed. The message that however 'Small' you are, however much the odds are against you, one could achieve many a near-impossible goals, with passion, commitment and relentless preparation.



I have always hero worshipped my friend V.T.V.Damodaran as a veritable'David'. Soft-spoken but gently assertive, never argumentative yet convincing, ever ready to yield but never yielding on stands, the never-say-die attitude in the face of adversity, and above all, the meticulous methodical preparation of proposed projects, no wonder this man has 'conquered' so many goliaths in this stride.

My association with this gem of a man was through MRCH (Malabar Rehabilitation Centre for Handicapped), Payyanur. Dr. Mohan Ramdas the Founder President, Late Prof. P.V. Padmanabhan and myself visited UAE in 2004 with the intention of seeking assistance from the expatriates to raise funds for our proposed school building for the special school. VTV and his team took charge of our entire expedition, arranging stay, convening meetings with expatriates, arranging media coverage and finally ensuring that a substantial fund was realised. What stood out during our UAE mission glaringly was the way VTV handled our programs, taking into account the rules and strict work ethics of that country. He literally adopted MRCH and roped in other philanthropists to join hands with MRCH. It was indeed a revelation to observe the way he paced our itinerary and the way he cajoled and inspired persons and associations to attend our meetings. As the natural culmination of our friendship,VTV along with M. Abdul Salam, Amir Thayyil and T.P. Gangadharan joined MRCH as associate directors.

I would like to point out on record that, since then, VTV and his innumerable contacts has been the backbone of the financial source of MRCH, including a subsequent fund raising visit 2 years later. Moreover we were aware of the role VTV played in our special school bagging the prestigious Chirayikkezhu Ansar International Award Instituted by Friends of Abudhabi Malayalee Samajam. And also the way he ensured the offering by Padmashree M.A.Yusuf Ali a Whopping Rs10 Lakhs to MRCH at the award handing over ceremony. He was also the main instrumental force in MRCH acquiring a 12 seater school van as donation by the Payyanur Souhruda Vedi, Abu Dhabi. MRCH owes a lot to this diminutive giant for its phenomenal growth as well as its sustenance all these years.

This man never ceased to astound me with manifold activities in diverse fields; be it training of the expatriates and staging of the Payyanur 'Kolkali' in the UAE, innumerable charity projects like Home for the Homeless, being a benefactor of charitable projects such as MRCH and HOPE, liaisoning with Indian Embassy and Astute Diplomatic Wire- Pulling to help expatriates in trouble, acquiring sufficient proficiency in arabic literature to enable him to translate a few poems, being a Maverick by embracing the Baha'i Faith etc etc. But his most brilliant accomplishment, his masterpiece without doubt, is the enshrining of the Gandhi Statue at the entrance of India Social Centre, Abu Dhabi.The audacious conception of a statue in a country which is averse to idol worship, the harnessing of funds for the project, the judicious selection of Chithran Kunhimangalam, the most apt artist, for the task, the arranging of a befitting ceremonious send off to 'The Gandhi' at Payyanur, taking care of the logistics involved in the transport (Replete with impediments and red tapism) and the final enthroning of the vibrant figure of the Father of our Nation in a grandiose function in Abu Dhabi; The whole story has a 'Bhageeratha' touch to it. Shri V.T.V.Damodaran, with this one deed has made Indians proud. A diminutive giant, indeed!



# വി.ടി.വി.ദാമോദരൻ കർമ്മോർജ്ജത്തിന്റെ വൈയക്തികരൂപം





ഡോ.ഇ.ശ്രീധരൻ

അസാധ്യമെന്നു തോന്നുന്നത് സാധ്യമാക്കുന്നേടത്താണ് ഒരാളുടെ കർമ്മോർജ്ജത്തിന്റെ ശക്തി നാമറിയുന്നത്. അവിടെയാണ് വ്യക്തിമഹത്വത്തിന്റെ ഗ്രാഫുയരുന്നത്. മനസ്സും ശരീരവും ശക്തമായി സമ്മേളിക്കുന്ന അപൂർവ്വക്കാഴ്ചയാണത്. പ്രതിമകളിൽ വിശ്വസിക്കാത്തൊരു നാട്ടിൽ സ്വദേശി പോലുമല്ലാത്ത ഒരാളുടെ പ്രതിമ സ്ഥാപിച്ചെടുക്കുകയെന്നതും അതിന്ന് ലോകാംഗീകാരം ലഭ്യമാക്കുകയെന്നതും ഒരുപക്ഷേ അസാധ്യങ്ങളുടെ കൂട്ടത്തിൽപ്പെടുത്തേണ്ട ഒരു കാര്യം തന്നെയാണ്. അത്തരമൊന്നിന്റെ ഫലസിദ്ധിയ്ക്ക് നിമിത്തമായത് വി.ടി.വി.യെന്ന ത്ര്യക്ഷരിയിൽ അറിയപ്പെടുന്ന ശ്രീ.വി.ടി.വി.ദാമോദരനെന്ന സാമൂഹ്യപ്രവർത്തകനാണ്. ജന്മസിദ്ധമായ ശാരീരിക-മാനസികോർജ്ജങ്ങളെ സമന്വയിപ്പിച്ച് കർമ്മോർജ്ജമായി പരിവർത്തിപ്പിച്ച്, സഫലമാക്കിയ ദൃഢോദ്യമത്തിന്റെ മറ്റൊരു പേരെന്ന് നമുക്ക് അദ്ദേഹത്തെ വിളിക്കാം.

ശ്രീ.വി.ടി.വി.ദാമോദരൻ ചെയ്തത് അബുദാബിയിൽ ഗാന്ധിപ്രതിമ സ്ഥാപിച്ച് പുതിയൊരു ചരിത്രം സൃഷ്ടിച്ചുവെന്നുള്ളതാണ്. ലണ്ടനിലും അമേരിക്കയിലും ദക്ഷിണാഫ്രിക്കയിലും പാക്കിസ്ഥാനിലുമെല്ലാം ഗാന്ധിപ്രതിമ സ്ഥാപിച്ചിട്ടുണ്ടായിരിക്കാം. എന്നാൽ ഗൾഫ് രാജ്യങ്ങളിൽ ആദ്യമായിട്ടാണ് അത്തരമൊരു പ്രതിമ സ്ഥാപിക്കപ്പെടുന്നത്. പ്രതിമകൾ പരിചിതമല്ലാത്ത ഒരു നാട്ടിൽ ഗാന്ധിപ്രതിമ സ്ഥാപിക്കുന്നതിലൂടെ ഒരു പുതിയ ചരിത്രദൗത്യമാണ് ശ്രീ. വി.ടി.വി ചെയ്തുതീർത്തത്.

ലോകാരാധ്യരായ നേതാക്കളുടെയിടയിൽ മഹാത്മജിയുടെ സ്ഥാനം അദ്വിതീയമാണെന്ന് നമുക്കെല്ലാവർക്കുമറിയാം. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തെ ഇന്ത്യയിൽ അസ്തമിപ്പിച്ചത് അർദ്ധനഗ്നനായ ആ ഫക്കീറിന്റെ കർമ്മോർജ്ജത്തിലൂടെയാണ്. അസാധ്യമായിട്ടൊന്നുമില്ലെന്ന് അദ്ദേഹം ലോകത്തിനു കാണിച്ചുകൊടുത്തു. ചോര ചീന്താതെ, കൊല്ലും കൊലയുമില്ലാതെ, സഹനസമരത്തിന്റെ പാതയിലൂടെ സമരം നയിച്ച് വിജയശ്രീലാളിതമായ കഥ, ലോകത്തിൽ മഹാത്മജിക്കല്ലാതെ മറ്റാർക്കുണ്ട്? കാലമെത്ര ഇരുണ്ടാലും ലോകമെത്ര മലിനമായാലും അവിടങ്ങളിൽ ചെറുതിരിനാളം പോലെ ഗാന്ധി കടന്നുവരും. അതാണ് ഭാവിയുടെ പ്രതീക്ഷ.

മുന്നേ സൂചിപ്പിച്ചതുപോലെ ഗാന്ധിജിയുടെ ഒരർദ്ധകായപ്രതിമ അബുദാബിയിലെ ഇന്ത്യൻ സോഷ്യൽ സെന്ററിന്റെ പ്രവേശന കവാടത്തിൽ സ്ഥാപിച്ചുവെന്നതാണ് അസാദ്ധ്യത്തെ സാധ്യമാക്കിയ വി.ടി.വി.യുടെ കൃത്യം. ചെറിയൊരു ഹോംവർക്കിലൂടെ സാധിക്കുന്ന കാര്യമല്ലിത്. സൂക്ഷ്മവും കൃത്യവുമായ ആസൂത്രണം അവശ്യമുള്ള കാര്യമാണിത്. പ്രതിബന്ധങ്ങളുടെ മലമ്പാമ്പ് വരിഞ്ഞുമുറുക്കിയപ്പോഴും സമചിത്തതയോടെ അദ്ദേഹത്തിന് അതിൽ നിന്നെല്ലാം പുറത്തു കടക്കാൻ കഴിഞ്ഞു. ടെൻഷനടിച്ച് ഹൃദയത്തെ സ്തംഭിപ്പിച്ചില്ല, പാതിവഴിയിൽ വിട്ട് ഓടിയുമില്ല, പരാതി പറഞ്ഞ് ആളുകളെ വെറുപ്പിച്ചില്ല. ഒടുവിൽ വിജയിച്ചപ്പോൾ, പരിഹസിച്ചവരോടും സഹായിച്ചവരോടും അദ്ദേഹം പുഞ്ചിരി തൂകി.

പ്രതിമകൾ അപൂർവ്വമായ നാട്ടിൽ പ്രതിമ സ്ഥാപിക്കുവാനും അത് തനിക്കാരാധ്യനായ മഹാത്മജിയുടേതാകണമെന്നും തീരുമാനിച്ച മനസ്സിനു കൊടുക്കണം പകുതി മാർക്ക്. മനസ്സൊരുങ്ങിയാലേ ശരീരമൊരുങ്ങൂ. ഇത് രണ്ടുമൊരുങ്ങിയാലേ പുറം സഹായം ലഭ്യമാകൂ. ഇതെല്ലാം ഒത്തുചേർന്നാലേ കാര്യം വിജയത്തിലെത്തൂ. വി.ടി.വി. ചെയ്തതുമതാണ്. മനസ്സും ശരീരവും അദ്ദേഹത്തിന്റെ ഇച്ഛയ്ക്ക് അനുസരിച്ച് വന്നപ്പോൾ, കുറേയേറെ സഹായികളെയും കിട്ടി. അദ്ദേഹത്തിന്റെ ഇച്ഛാശക്തിയ്ക്കു മുമ്പിൽ കടമ്പകൾ ഓരോന്നായി മാറി.

സാംസ്ക്കാരിക ജീർണ്ണത കോലം തുള്ളുമ്പോഴും തിരയൊഴുക്കിൽപ്പെടാതെ മൂല്യസംസ്കൃതിയുടെ കാവൽക്കാരിയെപ്പോലെ നിലകൊള്ളുന്നതും സ്വാതന്ത്ര്യസമരത്തിന്റെ ഉജ്ജ്വലചരിത്രം നെഞ്ചിൽ പേറുന്നതുമായ നാട്ടിൽ നിന്ന്, പയ്യന്നൂരിൽ നിന്നാകണം പ്രതിമ അബുദാബിയിലെത്തേണ്ടത് എന്നത് അദ്ദേഹത്തിന്റെ ഉറച്ച തീരുമാനമായിരുന്നു. പയ്യന്നൂരെന്നത് അദ്ദേഹത്തിന് ഗാന്ധിസ്പർശമേറ്റ ഭൂമി മാത്രമല്ല, തന്നെ പെറ്റുപോറ്റിയ മണ്ണുകൂടിയാണ്. ഗാന്ധിമൈതാനവും ഗാന്ധിമാവും ഗാന്ധിയന്മാരും അടയാളപ്പെടുത്തിയ പയ്യന്നൂരെന്ന മാതൃഭൂമിയിൽ നിന്നും പ്രതിമ അബുദാബിയിലേക്കു പറക്കണം. ഇച്ഛ പ്രവൃത്തിക്കു വഴി മാറി. കുഞ്ഞിമംഗലം ചിത്രൻ മനോഹരമായ പ്രതിമയൊരുക്കിക്കൊടുത്തു. സുഹൃത്തുക്കളെല്ലാം ചേർന്ന് നാടറിയിച്ച് അതിനെ വി.ടി.വി.യുടെ കൈയിലേൽപ്പി

"

സാംസ്ക്കാരികജീർണ്ണത കോലം തുള്ളുമ്പോഴും തിരയൊഴുക്കിൽപ്പെടാതെ മൂല്യസംസ്കൃതിയുടെ കാവൽക്കാരിയെപ്പോലെ നിലകൊള്ളുന്നതും സ്വാതന്ത്ര്യസമരത്തിന്റെ ഉജ്ജ്വലചരിത്രം നെഞ്ചിൽ പേറുന്നതുമായ നാട്ടിൽ നിന്ന്, പയ്യന്നൂരിൽ നിന്നാകണം പ്രതിമ അബുദാബിയിലെത്തേണ്ടത് എന്നത് അദ്ദേഹത്തിന്റെ ഉറച്ച തീരുമാനമായിരുന്നു.

ച്ചു. സാങ്കേതിക നിയമങ്ങളുടെ കുരുക്കിൽപ്പെട്ട് പ്രതിമ തടയപ്പെട്ടപ്പോൾ എവിടെ നിന്നൊക്കെയോ ഗാന്ധിസ്പർശമേറ്റവരുടെ സഹായമെത്തി, പ്രതിമ അബുദാബിയിലെത്തി. അവിടെ എവിടെയായിരിക്കണം ഇതു സ്ഥാപിക്കേണ്ടതെന്നും വി.ടി.വി.ക്ക് നിശ്ചയമുണ്ടായിരുന്നു. അബുദാബിയിലെ മുഴുവൻ ഇന്ത്യക്കാരുടേയും പ്രാതിനിധ്യം വഹിക്കുന്ന ഇന്ത്യൻ സോഷ്യൽ സെന്ററിന്റെ പ്രവേശന കവാടത്തിൽ തന്നെ അത് സ്ഥാപിക്കാനായി എന്നതും വലിയ നേട്ടം തന്നെ.

അബുദാബിയിലെത്തുന്ന ഇന്ത്യക്കാർ ആരായാലും അവരിന്ന് ഇന്ത്യൻ സോഷ്യൽ സെന്റർ സന്ദർശിച്ച് ഗാന്ധിജിയെ നമസ്ക്കരിക്കുന്നതായി വാർത്തകളിലൂടെ നാമറിയുന്നു. ഇന്ത്യക്കാർ മാത്രമല്ല, വിദേശികളും ഗാന്ധിപ്രതിമയ്ക്കുമുന്നിൽ കൂപ്പുകൈകളോടെയും പുഷ്പാഞ്ജലി സമർപ്പിച്ചും ലോകനേതാവിനെ ആദരിക്കുന്ന കാഴ്ച മാധ്യമങ്ങളിലൂടെ വന്നുകൊണ്ടിരിക്കുന്നു. ഗാന്ധിപ്രതിമയെ കുറിച്ചുള്ള വാർത്തകൾ വിവിധ രാജ്യങ്ങളിൽ പ്രചരിക്കുന്നു. കൂടെ വി.ടി.വി.യും പയ്യന്നൂരും അനുസ്മരിക്കപ്പെടുന്നു.

ഗാന്ധിപ്രതിമയുടെ അബുദാബിയാത്ര വിജയകരമായതിന്റെ പശ്ചാത്തലത്തിലാണ് പയ്യന്നൂരിൽ നിന്നും ചർക്കയും നൂലും അബുദാബിയിലെത്തിക്കുവാനുള്ള ശ്രമം വി.ടി.വി.നടത്തുന്നത്. നമുക്കറിയാം ഇന്ത്യൻ ദേശീയതയുടെ ഉദാത്തമായ ചിഹ്നമാണ് ചർക്കയും നൂലുമെന്നത്. ഇന്ത്യാക്കാരെ സ്വാശ്രയത്വത്തിന്റെ പാഠങ്ങൾ പഠിപ്പിക്കുവാൻ മഹാത്മജി ആവിഷ്കരിച്ച മാർഗ്ഗമായിരുന്നു അത്. നമ്മൾ നൂറ്റ നൂല് കൊണ്ടും നമ്മൾ നെയ്ത വസ്ത്രം കൊണ്ടും 'നിർമ്മിതമിതനീതിയ്ക്കൊരന്ത്യാവരണം' എന്നു പാടിയതുപോലെ ബ്രിട്ടീഷുകാരൻ തീർത്ത അനീതിയ്ക്ക് അവസാന കുപ്പായം തുന്നിയത് ചർക്കയിലൂടെ നൂറ്റിയെടുത്ത നൂലിലൂടെയായിരുന്നു. അത് നമ്മുടെ സ്വാശ്രയത്വത്തിന്റേയും സ്വാഭിമാനത്തിന്റേയും പ്രതീകമാണ്. അബുദാബിയിലെ ഇന്ത്യൻ എംബസിയിൽ സ്ഥാപിച്ചിട്ടുള്ള ചർക്കയും നൂലും പയ്യന്നൂരിലെ ഖാദികേന്ദ്രത്തിൽ നിന്നും കൊണ്ടുപോയതാണെന്ന കാര്യം, സംശയം വേണ്ട, ചരിത്രത്തിൽ തങ്കലിപികളിൽ കുറിച്ചിടും. ആ ദേശീയമുദ്രയുടെ സംവാഹകനായതും വി.ടി.വി.തന്നെ.

ചർക്ക നമ്മുടെ സ്വാശ്രയത്വത്തിന്റേയും സ്വാഭിമാനത്തിന്റേയും പ്രതീകമാണ്. അബുദാബിയിലെ ഇന്ത്യൻ എംബസിയിൽ സ്ഥാപിച്ചിട്ടുള്ള ചർക്കയും നൂലും പയ്യന്നൂരിലെ ഖാദി കേന്ദ്രത്തിൽ നിന്നും കൊണ്ടു പോയതാണെന്ന കാര്യം, സംശയം വേണ്ട, ചരിത്രത്തിൽ തങ്കലിപികളിൽ കുറിച്ചിടും. ആ ദേശീയ മുദ്രയുടെ സംവാഹകനായതും വി.ടി.വി.തന്നെ.

ഇങ്ങനെ അസാധ്യമെന്നു തോന്നിയ രണ്ടു മഹത്കൃത്യങ്ങളാണ് ശ്രീ. വി.ടി.വി. അടുത്തിടെയായി ചെയ്തുതീർത്തിട്ടുള്ളത്. മുന്നേ ചൊന്നതുപോലെ ഇച്ഛാശക്തിയും കർമ്മശേഷിയും അദ്ദേഹത്തെ തുണച്ചു. സുഹൃത്തുക്കളുടെ അകമഴിഞ്ഞ പിന്തുണയും കിട്ടി. മഹാത്മജിയുടെ അദൃശ്യകരസ്പർശവുമേറ്റു. ജന്മനാടിന്റെ സാംസ്ക്കാരികത തണലേകി. ഇതിനെല്ലാം പുറമേ കൈയിൽ നിന്നും ചെലവായ തുകകൾ.... സമയം.... ആരോഗ്യം. ജോലിയിലൂടെ സ്വരൂപിച്ച സമ്പാദ്യം നഷ്ടപ്പെടുത്തി സത്കീർത്തിയുടെ സമ്പാദ്യം അദ്ദേഹം നേടിയെടുത്തു.

കിട്ടുന്ന വരുമാനത്തിലൊരു ഭാഗം കാരുണ്യക്കാവലിനായി നീക്കിവെക്കുന്ന വി.ടി.വി. തന്റെ ദൈവസ്പർശം പലയിടങ്ങളിലും അടയാളപ്പെടുത്തിയിട്ടുണ്ട്. എണ്ണിയെണ്ണിപ്പറയാനൊന്നും ഞാനിവിടെ മെനക്കെടുന്നില്ല. അങ്ങനെ ചെയ്താൽ അതൊരു അപരാധമായി മാറും. താനുൾപ്പെടുന്ന സമൂഹത്തെ തന്നോടൊപ്പം കാണുന്ന ആ വിശാലവീക്ഷണത്തെ അംഗീകരിക്കേണ്ടേ..... ആദരിക്കേണ്ടേ..... പുതിയ തലമുറയ്ക്ക് അതൊരു പാഠമായി കൈമാറേണ്ടേ.... ധാർമ്മികതയും നൈതികതയും സൗഹാർദ്ദവും പാരസ്പര്യവും പണയം വെക്കുന്ന പുതിയ കാലത്തിൽ കരുണ വറ്റാത്ത മനസ്സുകളുണ്ടെന്ന് കാട്ടിക്കൊടുക്കേണ്ടതില്ലേ.... അതിനുവേണ്ടിയാണ് മെയ് 11 ന്ന് പയ്യന്നൂരിൽ ഒരു ആദരപരിപാടിക്ക് രൂപം കൊടുത്തത്. പേക്കൂത്തുകളിൽ അഭിരമിക്കുവാനല്ല, പാരസ്പര്യമൂട്ടുന്ന നറുംനിലാവിൽ അലിയുവാനാണ് പുതിയ തലമുറയെ പഠിപ്പിക്കേണ്ടത്



# ഗാന്ധിജിയുടെ ചർക്ക: സുസ്ഥിരഭാവിയുടെ പ്രതീകം


ഡോ: എം.പി.മത്തായി
(എഡിറ്റർ, ഗാന്ധിമാർഗ്ഗ്, ന്യൂഡൽഹി)



അധികം പേരും ചർക്കയെ ഒരു പ്രതീകമായും, ചരിത്രസ്മാരകമായും മറ്റുമാണ് ഇന്ന് കണക്കാക്കുന്നത്. വിവരസാങ്കേതികവിദ്യയുടെ വിദ്യുത്പ്രവാഹത്തിൽ കണ്ണഞ്ചി നിൽക്കുന്ന സത്യാനന്തര യുഗത്തിലെ മനുഷ്യർക്ക് ചർക്ക ഉപയോഗശൂന്യമായ ഒരു പുരാവസ്തുവിനപ്പുറത്ത് ഒന്നുമല്ല. ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രം അറിയുന്നവർ പോലും ഒരു പ്രതീകം എന്നതിനപ്പുറം ഒരു പ്രാധാന്യവും ഇന്ന് ചർക്കക്ക് നൽകുന്നില്ല. ഇന്ന് ഉപയോഗശൂന്യവും, നാളെ പുനരുജ്ജീവന സാധ്യത ഇല്ലാത്തതുമായ ഒരു പുരാവസ്തു മാത്രമാണോ ചർക്ക?

ഭൗതികമായി നിരീക്ഷിക്കുമ്പോൾ ചക്രങ്ങളിൽ കറങ്ങുന്ന ഒരു ഉപകരണമാണ് ചർക്ക. മനുഷ്യജീവിതത്തെ ഏറ്റവും വിപ്ലവകരമായി മാറ്റിത്തീർത്ത ശാസ്ത്രീയ കണ്ടുപിടുത്തം ചക്രമാണെന്ന് കരുതുന്നവർ അനേകരുണ്ട്. ചക്രസിദ്ധാന്തത്തിൽ നിന്ന് രൂപപ്പെട്ട അസംഖ്യം ഉപകരണങ്ങളിൽ ഏറ്റവും പ്രാചീനമായ ഒന്നാണ് ചർക്ക. എഫ്.എം. ഫെൽഡ്ഡൗസിന്റെ "Ancient History of the Spinning Wheel'' എന്ന ഗ്രന്ഥം

> ഇന്ത്യൻ ഗ്രാമങ്ങളിലെ തൊഴിലില്ലായ്മ പരിഹരിക്കാനും, ഗ്രാമീണ ജനതക്ക് ഉപജീവനത്തിനുള്ള മിനിമം വരുമാനം സൃഷ്ടിക്കാനും നൂൽനൂൽപ്പും, നെയ്ത്തും പുനരുജ്ജീവിപ്പിക്കുകയാണ് ഒരേ ഒരു പ്രായോഗിക മാർഗ്ഗം എന്നു വിലയിരുത്തി ഗാന്ധിജി.



ചർക്കയുടെ ചരിത്രത്തെ സമഗ്രമായി വിശദീകരിക്കുന്ന ആധികാരിക പഠനമാണ്. ഈജിപ്തിലാണ് ചർക്ക ആദ്യമായി നിർമ്മിച്ചത് എന്നാണ് ഫെൽഡൗസിന്റെ നിഗമനം. ആദ്യമായി നിർമ്മിക്കപ്പെട്ടത് എവിടെയായാലും നാഗരികതകൾ രൂപപ്പെട്ട് വികസിച്ച പ്രദേശങ്ങളിലെല്ലാം വസ്ത്രനിർമ്മാണവുമായി ബന്ധപ്പെട്ട് ചർക്ക ഉപയോഗിച്ചിരുന്നു എന്നതിന് തെളിവുകളുണ്ട്. നൂൽനൂല്പ് യന്ത്രവൽക്കൃതമായത് 18-ാം നൂറ്റാണ്ടിലാണെന്ന് എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്ക അഭിപ്രായപ്പെടുന്നു.

ഇന്ത്യൻ ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായിരുന്നു നൂൽനൂൽപ്പും, നെയ്ത്തും എന്ന് പൗരാണിക ഭാരതത്തിന്റെ ചരിത്രം വ്യക്തമാക്കിത്തരുന്നു. ആധുനിക കാലത്ത് ഈ ചരിത്രസത്യത്തിന്റെ പ്രാധാന്യവും, പ്രസക്തിയും ഏറ്റവും സൂക്ഷ്മമായി ഗ്രഹിച്ച വ്യക്തി ഗാന്ധിജിയായിരുന്നു. ബ്രിട്ടീഷുകാർ അവരുടെ വ്യവസായ താല്പര്യം സംരക്ഷിക്കാനും, കമ്പോളം വികസിപ്പിക്കാനുമായി ഇന്ത്യൻ നെയ്ത്ത് വ്യവസായത്തെ ആസൂത്രിതമായി തകർക്കുകയാണുണ്ടായത്. ഇന്ത്യൻ ഗ്രാമങ്ങളുടെ ദാരിദ്ര്യവൽക്കരണം അങ്ങനെയാണ് സംഭവിച്ചത്. ഇന്ത്യൻ ഗ്രാമങ്ങളിലെ തൊഴിലില്ലായ്മ പരിഹരിക്കാനും, ഗ്രാമീണ ജനതക്ക് ഉപജീവനത്തിനുള്ള മിനിമം വരുമാനം സൃഷ്ടിക്കാനും നൂൽനൂൽപ്പും, നെയ്ത്തും പുനരുജ്ജീവിപ്പിക്കുകയാണ് ഒരേയൊരു പ്രായോഗിക മാർഗ്ഗം എന്ന് വിലയിരുത്തി, ഗാന്ധിജി. അതുകൊണ്ട് ഖാദിഗ്രാമവ്യവസായങ്ങളുടെ പുനരുജ്ജീവനവും, പ്രചരണവും അദ്ദേഹം ഏറ്റെടുത്തു. ഈ സംരംഭത്തിന്റെ ചിഹ്നമായി ചർക്ക. കോൺഗ്രസ്സിൽ അംഗത്വത്തിന് സ്വയം നൂറ്റ നൂല് ഫീസായി നൽകണമെന്ന് വ്യവസ്ഥ ചെയ്തു. നിത്യേന ഒരു നിശ്ചിത സമയം നൂല് നൂറ്റ് ഗാന്ധിജി മാതൃക കാണിച്ചു. ചർക്കയുടെ സംഗീതം കൊണ്ട് ഇന്ത്യൻ ഗ്രാമങ്ങൾ മുഖരിതമായി. കോൺഗ്രസ് പതാകയുടെ മധ്യത്തിൽ ചർക്കയുടെ ചിത്രം ആലേഖനം ചെയ്ത് ഇന്ത്യൻ ദേശീയതയുടെ ചിഹ്നമായി ചർക്കയെ മഹത്വൽക്കരിച്ചു. ഖാദി ധരിക്കുന്നത് ദേശാഭിമാനത്തിന്റെയും, ദേശീയബോധത്തിന്റെയും പ്രഖ്യാപനമായി തിരിച്ചറിയപ്പെടാൻ തുടങ്ങി. ചർക്കക്ക് ചുറ്റും ഒരു കാല്പനിക പരിവേഷം സൃഷ്ടിക്കപ്പെട്ടു.

പ്രായോഗിക ആദർശവാദിയായിരുന്ന ഗാന്ധിജിക്ക് ചർക്ക ഒരേ സമയം പ്രയോഗത്തിന്റെയും, ആദർശത്തിന്റെയും മൂർത്തരൂപമായിരുന്നു. ഗ്രാമീണരുടെ ജീവനോപാധിയും, ഗ്രാമീണ സമ്പദ്ഘടനയുടെ ആധാരശിലയുമായി അദ്ദേഹം ചർക്കയെ മനസ്സിലാക്കി. അതേ സമയം നൂൽക്കുന്നവരിൽ സ്നേഹം, വിനയം, അനുകമ്പ തുടങ്ങിയ



സദ്ഭാവങ്ങൾ ജനിപ്പിക്കുകയും, ഗർവ്വ് നശിപ്പിക്കുകയും ചെയ്യുന്ന ഒരു ഉപകരണമായും ചർക്കയെ അദ്ദേഹം തിരിച്ചറിഞ്ഞു. ഇന്ത്യയുടെ നവയുഗധർമ്മത്തിന്റെ പ്രതീകം എന്ന് ഗാന്ധിജി ചർക്കയെ വിശേഷിപ്പിച്ചു. "ഞാൻ ചർക്കയിൽ ഓരോ നൂല് വലിക്കുമ്പോഴും, ഇന്ത്യയിലെ ദരിദ്രരെപ്പറ്റി ചിന്തിക്കുന്നു. ഓരോ നൂലിലും ഞാൻ ദൈവത്തെ അഭിദർശിക്കുന്നു" എന്ന് അദ്ദേഹം എഴുതി.

ഇന്ത്യയുടെ ദേശീയപതാകയുടെ മധ്യത്തിൽ ചർക്കയുടെ ചിത്രം ആലേഖനം ചെയ്യണം എന്ന് ഗാന്ധിജി ആവശ്യപ്പെട്ടു എങ്കിലും പ്രസ്തുത നിർദ്ദേശം നിരാകരിക്കപ്പെടുകയാണുണ്ടായത്. പകരം നെഹ്റുവിന്റെ നിർദ്ദേശമായ അശോകചക്രം അംഗീകരിക്കപ്പെട്ടു. ഇന്ത്യൻ സംസ്കാരത്തിലും, ചരിത്രത്തിലും ചർക്കക്ക് നൽകേണ്ട പ്രാമുഖ്യത്തെപ്പറ്റി ഗാന്ധിജിക്കുണ്ടായിരുന്ന സ്വപ്നമാണ് പ്രസ്തുത നിർദ്ദേശത്തിൽ പ്രതിഫലിച്ചത് എന്നു വ്യക്തമാണ്.


ഇന്റർനെറ്റ് വിപ്ലവത്തിന്റെ ഈ യുഗത്തിൽ ചർക്കയെ എങ്ങനെയാണ് മനസ്സിലാക്കേണ്ടതും, സ്വീകരിക്കേണ്ടതും എന്നത് ഒരു തുറന്ന ചോദ്യമാണ്. ഒരു പ്രതീകമായി ചർക്ക പ്രതിഷ്ഠിക്കുന്നതിനെ ആരും പ്രശ്നവൽക്കരിക്കുമെന്ന് തോന്നുന്നില്ല. എന്നാൽ നിത്യം, ഒരു നിശ്ചിത സമയം, വ്യാപകമായി ഉപയോഗിക്കുന്ന ഒരു ഉപകരണമായി ചർക്കയെ അംഗീകരിക്കാനും, ഉപയോഗിക്കാനും എത്രപേർ തയ്യാറാകും എന്നത് വിശദമായി ചർച്ച ചെയ്യേണ്ട ഒരു പ്രശ്നമാണെന്നുറപ്പാണ്. ഒരു കാര്യം മാത്രം സൂചിപ്പിക്കാം. പതിവായി നൂല് നൂറ്റിരുന്നവർക്കും, നൂൽക്കുന്നവർക്കും ചർക്ക ഒരേ സമയം പ്രത്യുല്പാദനപരമായ ഒരു പ്രവൃത്തിക്കും, ധ്യാനത്തിനും ഇടം നൽകുന്ന ഒരു വിശേഷ ഉപകരണമാണ്. ചർക്കയുടെ സംഗീതം ജീവിതവ്യഥകളെ അകറ്റുന്ന ലേപനൗഷധം തന്നെയാണ് എന്നും ഗാന്ധിജി എഴുതിയത് ഇന്നും പ്രസക്തം തന്നെയാണ്. ഒരു പുതിയ യന്ത്രവ്യവസ്ഥയേയും, ഒരു പുതിയ നാഗരികതയെയുമാണ് ചർക്ക പ്രതീകവൽക്കരിക്കുന്നത്. അത് സ്വീകരിക്കണമോ, വേണ്ടയോ എന്നത് കേവലം വ്യക്തിപരമായ ഒരു പ്രശ്നമല്ല, മറിച്ച് ഭാവി നാഗരികതയുമായി അവിഭാജ്യമായി ബന്ധപ്പെട്ട പ്രശ്നമാകുന്നു. ഒരു സുസ്ഥിര നാഗരികതയുടെ സജീവ പ്രതീകമാണ് ചർക്ക





# വി.ടി.വി


എം.എ.റഹ്മാൻ



എൻവിസാജ് ഒപ്പുമരത്തിന്റെ ഭാഗമായി ലോകമലയാളികളുടെ ഏകോപനം നടത്തുന്ന വേളയിൽ ഞങ്ങൾക്കൊപ്പംചേർന്ന ഒരു സഹജീവിസ്നേഹിയായി വി.ടി.വിയെ കാണാനാണെനിക്കിഷ്ടം. കറകളില്ലാത്ത നിഷ്ക്കളങ്ക മനസ്സിന്നുടമ. അഗാധമായ സാമൂഹ്യാവബോധത്താൽ നയിക്കപ്പെടുന്ന തുറന്ന പ്രവർത്തനങ്ങൾക്കുടമ. ഇരകളുടെ ദൈന്യതയോട് എപ്പോഴും കൂറുപുലർത്തിയ ഒരു മനുഷ്യൻ. 2010 ഒക്ടോബറിൽ കേന്ദ്രമന്ത്രി കാസർഗോഡ് വന്ന് എൻഡോസൾഫാനെ രക്ഷിക്കാൻ നടത്തിയ വാഗ്ധോരണികളെ തുടച്ചുമാറ്റാൻ ശ്രമിച്ച ഒരു ഗൾഫ് മലയാളി. അബുദാബിയിൽ എൻവിസാജിന്റെ ശാഖ രൂപീകരിച്ച് ആഗോള എൻഡോസൾഫാൻ നിരോധനത്തിനായി ഒപ്പുമരം ഉയർത്തിയ വേളയിൽ തന്നെ ഞങ്ങൾക്കൊപ്പം നിന്നു. ഞാനവിടെ ചെല്ലുമ്പോൾ വി.ടി.വി.എന്ന മൂന്നക്ഷരം യു.എ.ഇ

ഒപ്പുമരം സാധ്യമാക്കിയ എൻഡോസൾഫാൻ ആഗോള നിരോധനവും, തുടർന്നുള്ള എൻവിസാജ് കൂടി കൊടുത്ത സുപ്രീം കോടതി റിട്ടിന്റെ ഫലമായുള്ള ഇന്ത്യൻ നിരോധനവും തൽഫലമായി സഹജീവികൾക്ക് കൈവന്ന നിയമപരവും, ആരോഗ്യ ശാസ്ത്രപരവും, ഭരണഘടനാപരവുമായ ആനുകൂല്യങ്ങളും, ഒരിക്കൽ രാഷ്ട്രീയപ്പാർട്ടികളാൽ നിഷേധിക്കപ്പെട്ട അവകാശങ്ങളുടെ വീണ്ടെടുക്കലും താൻ കൂടി ഭാഗമായ എൻവിസാജിന്റെ കൂടി പ്രവർത്തനഫലമാണെന്ന ബോധം ആ കണ്ണുകളിലെ തിളക്കങ്ങളിൽ ഞാൻ കാണുന്നു.

എക്സ്ചേഞ്ചിന്റെ സി.ഇ.ഒ.സുധീർകുമാർ ഷെട്ടിയെ അദ്ദേഹത്തിന്റെ സ്വന്തം ഗ്രാമമായ എൻമകജെയിൽ എൻഡോസൾഫാൻ വരുത്തിയ ദുരന്തങ്ങളെ ബോധ്യപ്പെടുത്തുന്നു. ഞാൻ സ്റ്റേജിൽ കയറി ദുരന്തമഴയുടെ ആഘാതം പറഞ്ഞുകൊണ്ടിരിക്കെത്തന്നെ സുധീർകുമാർഷെട്ടി എഴുന്നേറ്റ് നിന്ന് സ്വന്തം ഗ്രാമത്തിലെ പാലിയേറ്റീവ് ചികിത്സയുടെ ഉത്തരവാദിത്വം ഏറ്റെടുത്തു. അഞ്ചുലക്ഷം വരെയുള്ള ചെലവാണ് അദ്ദേഹം പ്രഖ്യാപിച്ചത്. (അത് എൻമകജെയിലെ ബഡ്സ് സ്കൂളിൽ വേണ്ട ഫിസിയോതെറാപ്പി സെന്ററിന് നൽകാനുള്ള ശ്രമത്തിലാണ് ഞങ്ങൾ.) ആ പ്രഖ്യാപനം കേട്ട് വി.ടി.വി.യുടെ മനസ്സ് കുളിർക്കുന്നത് ഞാൻ സ്റ്റേജിലിരുന്നു കണ്ടു. ഒരിക്കൽ എൻവിസാജ് വേദിയിലേക്ക് അദ്ദേഹം ഒരുലക്ഷം രൂപയുടെ പത്തു ചെക്കുകളുമായി വന്നു. അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ തന്നെ പത്തു സഹജീവികൾക്ക് ഞങ്ങളത് വിതരണം ചെയതു. ഒപ്പുമരവേളയിൽ പതിനഞ്ചു ദിവസവും എന്നെ ബന്ധപ്പെട്ട ഒരാളാണദ്ദേഹം. ആകുലതകൾ വരിഞ്ഞു മുറുകുമ്പോൾ അന്യരുമായി അത് പങ്കുവെച്ച് സ്വയം വിമോചിതമാകുന്ന ആ മനസ്സാണ് ക്ഷിപ്രം അദ്ദേഹത്തെക്കൊണ്ട് കാര്യങ്ങൾ ചെയ്യിക്കുന്നത്. ഓൾ കേരള വുമൻസ് കോളേജ് അലുമ്നി- അബുദാബി, പയ്യന്നൂർ സൗഹൃദവേദി, അബുദാബി എൻവിസാജ് എന്നിവരുടെ ധനസഹായങ്ങൾ ഒപ്പുമരത്തിന്റെ സംഘാടനവേളയിലെ ചെലവുകൾക്കായി അദ്ദേഹം എത്തിച്ചില്ലായിരുന്നെങ്കിൽ നിസ്വരായ ഞങ്ങൾ നടത്തിയ 'ഒപ്പുമരം' തന്നെ ഉണ്ടാവില്ലായിരുന്നു. നിലവിൽ അദ്ദേഹം എൻവിസാജ് അബുദാബി യൂണിറ്റിന്റെ കോ-ഓർഡിനേറ്ററാണ്. ഒപ്പുമരം സാധ്യമാക്കിയ എൻഡോസൾഫാൻ ആഗോള നിരോധനവും, തുടർന്നുള്ള എൻവിസാജ് കൂടി കൊടുത്ത സുപ്രീംകോടതി റിട്ടിന്റെ ഫലമായുള്ള ഇന്ത്യൻ നിരോധനവും തൽഫലമായി സഹജീവികൾക്ക് കൈവന്ന നിയമപരവും, ആരോഗ്യ ശാസ്ത്രപരവും, ഭരണഘടനാപരവുമായ ആനുകൂല്യങ്ങളും, ഒരിക്കൽ രാഷ്ട്രീയപ്പാർട്ടികളാൽ നിഷേധിക്കപ്പെട്ട അവകാശങ്ങളുടെ വീണ്ടെടുക്കലും താൻ കൂടി ഭാഗമായ എൻവിസാജിന്റെ കൂടി പ്രവർത്തനഫലമാണെന്ന ബോധം ആ കണ്ണുകളിലെ തിളക്കങ്ങളിൽ ഞാൻ കാണുന്നു. ഹൃദയം തുറന്ന ആശംസകൾ




# Why Mahatma?

Birad Rajaram Yajnik
Trustee, IGNCA - Indira Gandhi National Centre for the Arts
Curator, Mahatma Gandhi Digital Museums
Managing Director & Publisher, Visual Quest India



I was born 99 years after Gandhiji's birth or twenty years after he ceased to walk this earth. Needless to say I never had the opportunity to see him or hear him in person; my exposure to him in the initial years of my life was the story of independence at bedtime by my grandmother Niveditha, watching Nivedita's sister Tarunika spinning the charkha and a chapter in middle school text book.

October 2nd, National holiday in India and the minute of silence on the 30th of January each year have served as a constant recall on the name Mahatma and the person Gandhi.

The film Gandhi by Sir Richard Attenborough, like many from my generation was the first real comprehensive exposure to Mohandas Karamchanth Gandhi, I was 14 and it was a film that moved me to accepting the power and wisdom of the man. I saw the English version.

Over the next twenty six years his name and context have crossed me a few times, some in the form of simple discussions and some in the spate of films from Bollywood that hover around his name.

What I am trying to say is that I come from a generation that sees Gandhi multiple times a day with out an emotional connect or a realisation of the values he stood for. Our recall is limited to the image of Gandhi on the Indian rupee notes, postage stamps and dusty photograph in government offices.

I am from a generation that does not associate Khadi with peace and non violence but with politics and

corruption. The charkha is just an Uber kool artefact. And the context of Salt is Iodised or not.

I am from a generation that has lost the power to learn from his experiments of truth. All we get is trivia and 1000 word articles whether or not he said the words "Hey Ram" when he was assassinated. Or if he was to be blamed for the politics of that day or have we put him on a pedestal that's too high.

We have forgotten to see the glass full, its time to move on and leverage his principles for the success of humanity. We need to draw from his experiments, he was a scientist of Human Values and scientists don't make mistakes they experiment. A scientist never fails, he is a creator, if he is in the process of creating a heat conductor, in every so called failure he is creating an insulator.

## Learning from a Man we made the Mahatma



Power of being morally right. Your opponent's conscience is your biggest ally. One of Mahatma Gandhi's strongest strategies was to bring into play the conscience of the opponent as an ally and this is only possible if you are morally right. However I was confronted with a question. In today's world does the opponent have a conscience?
What happens to this power of being morally right, if the opponent's conscience does not exist?

Then a few weeks later I recalled a clip from a wildlife Television Channel...It shows a leopard killing a baboon as it's a sworn enemy and a major food source in the wild. But then something changes when it realise that the baboon has an infant with it. The predator transforms into a protector and the leopard spends the entire night protecting the newborn against a pack of hyenas. I don't think that an animal (Humans included) exists in this world that does not have a conscience and am convinced that the Gandhian principle of being morally right would still hold true as long as the animal world exists on this planet.

## Change Agent and Karma Yoga

The concept of karma is powerful, however the message and practice has been diluted. The message is more associated with fate, referring to the good and the bad events in life as being associated with, "Your karma" indicating the Hindu Philosophy of rebirth and deeds in past life drive your present. It is a great source of optimism and helps us all live an optimum life... but what about the 2nd half of the message that you need to be a change agent in present life and practice Karma Yoga.The concept of practicing Karma Yoga is simple - be a change agent expect nothing for your actions and I think one of the best examples of a Karma Yogi in the last century is Mohandas Karamchand Gandhi.

## Simple messaging is effective messaging

Gandhiji with his message of Non cooperation and Non violence kept it so simple that people from all sections and layers of society could relate to it, much like the product positioning of the I pod, a simple device with a single control point providing an effective solution of high quality music.

His call for the boycott of foreign clothes and yet be cheered during his visit by the workers of the British cloth mills shows the power to communicate in a simple but effective manner with reason.

I hope that the generations of today will draw from his experiments of life and seek their interpretations



പ്രൊഫ.കെ.രാജഗോപാലൻ

# ഗാന്ധിജിയും സ്വാശ്രിത വ്യവസ്ഥയും



മനുഷ്യരാശിയുടെ പൊതുനന്മയ്ക്ക് വേണ്ടിയുള്ള അവശ്യവസ്തുക്കളുടെ അഭ്യന്തര നിർമ്മാണവും, ഉപയോഗവുമാണ് ഗ്രാമവികസനമെന്ന് ഗാന്ധിജി പ്രസ്താവിക്കുകയുണ്ടായി.

ജനകീയാത്രൂണവും, ഗ്രാമ സ്വരാജും സ്വാശ്രയത്വവും ഇപ്പോഴും ജനങ്ങൾക്ക് പ്രതീക്ഷകൾ നൽകുന്നുണ്ടെങ്കിലും ബഹുരാഷ്ട്ര കുത്തകകളുടെ വിപണന സൗകര്യങ്ങൾക്കുവേണ്ടി നാം നമ്മുടെ കാർഷിക വ്യവസ്ഥയെ ഉപേക്ഷിക്കുന്ന സ്ഥിതിയാണിന്നുള്ളത്. ഭൂഗോളവൽക്കരണം ഇന്ത്യയുടെ ഗ്രാമീണ ജീവിതത്തെ സമ്പദ്‌വ്യവസ്ഥയുടെ സ്വയം പര്യാപ്തതയിലേക്കുള്ള കുതിച്ചുചാട്ടത്തിന്ന് ഭീഷണി സൃഷ്ടിച്ചിരിക്കയാണ്. ആഗോള മുതലാളിത്തവും, സാമ്രാജ്യത്വ ശക്തികളും ഒരുക്കുന്ന ഭീഷണി ഗാന്ധിജി തന്റെ സാമ്പത്തികചിന്തകളിൽ ജനങ്ങളെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. മനുഷ്യരാശിയുടെ പൊതുനന്മയ്ക്ക് വേണ്ടിയുള്ള അവശ്യവസ്തുക്കളുടെ അഭ്യന്തര നിർമ്മാണവും, ഉപയോഗവുമാണ് ഗ്രാമവികസനമെന്ന് ഗാന്ധിജി പ്രസ്താവിക്കുകയുണ്ടായി. വികസനം യാഥാർത്ഥ്യമാകുന്നത് ഇന്ത്യയിലെ ദരിദ്രവിഭാഗത്തിന്റെ ഉന്നതി സമ്പൂർണ്ണമാകുന്നതോടെയാണ്. ഗാന്ധിജി സ്വപ്നം കണ്ട ഗ്രാമസ്വരാജ് സാക്ഷാത്കരിക്കപ്പെടണമെങ്കിൽ സമൂഹത്തിലെ ദുർബല ജനവിഭാഗത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾക്ക് നിയമപരമായ പരിരക്ഷണം ലഭിക്കേണ്ടതുണ്ട്. അവരുടെ ജീവിതാവശ്യങ്ങൾ സാധ്യമാക്കുന്ന സാമ്പത്തികാന്തരീക്ഷം, രാഷ്ട്രീയ-സാമൂഹ്യ മാറ്റങ്ങൾ, പാരിസ്ഥിതിക പ്രതിരോധങ്ങൾ എന്നിവയ്ക്കു മാത്രമേ സ്വാശ്രയ ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ.

കാർഷികസംസ്കാരം അട്ടിമറിക്കപ്പെട്ട ഒരു നവഭാരതത്തിലാണ് നാമിപ്പോൾ ജീവിക്കുന്നത്. ഭൂമിയെ ചൂഷണം ചെയ്താണ് ആധുനിക ഗതാഗത സൗകര്യങ്ങളും ദേശീയ പാതകളും തുരങ്കങ്ങളും നിർമ്മിച്ചുവരുന്നത്.

വിദേശികൾ പൂർണ്ണമായും നമ്മെ കീഴ്പ്പെടുത്തുന്നതിനു മുമ്പ് ഗാന്ധിയൻ സ്വാശ്രയ സിദ്ധാന്തത്തെ ഒരു ദേശീയ ബദലായി ഇന്ത്യൻ ജനത അംഗീകരിക്കേണ്ടതായിട്ടുണ്ട്.

### നാട്ടറിവും സ്വദേശിയും

ആഭ്യന്തര വിഭവങ്ങളും മനുഷ്യശേഷിയും ഉപയോഗിച്ചുള്ള ഉത്പാദനമാണ് സ്വദേശി. ജനകീയ ഉൽപാദനവും ജനകീയ വിതരണവും ധാർമ്മിക ഉപഭോഗവും ഉൾക്കൊള്ളുന്ന ഒരു സ്വാശ്രിതവ്യവസ്ഥയാണ് ഗാന്ധിയൻ സങ്കല്പം. ഗാന്ധിജിയുടെ ഭാഷയിൽ "സ്വദേശി അത്യന്താപേക്ഷിതമായ ഒരു അനുഷ്ഠാനമാണ്. അയൽക്കാരെ എന്തിനും ആശ്രയിക്കുക എന്നത് നമ്മുടെ അസ്തിത്വത്തിന്റെ പവിത്രതയെ ലംഘിക്കലാണ്." നമ്മുടെ ഭൂമിയെപ്പോലും മറ്റുള്ളവർക്ക് അടിയറ വെക്കുന്നു. ബഹുരാഷ്ട്ര കമ്പനികളുടെ ഉൽപ്പന്നങ്ങൾക്കായി ഗ്രാമങ്ങൾ തീറെഴുതികൊടുക്കുകയാണ് ഭരണാധികാരികൾ.

### ഗാന്ധിജിയും സ്വാശ്രയത്വവും

നമ്മുടെ ഗ്രാമങ്ങൾ ജീവിതസന്ധാരണത്തിന് ആവശ്യമായ ചർക്കകൾ ഉൽപ്പാദിപ്പിക്കണമെന്ന് ഗാന്ധിജി നിർദ്ദേശിക്കുകയുണ്ടായി. വൻതോതിലുള്ള രാസവള-കീടനാശിനികളുടെ ഉപയോഗം മണ്ണിന്റെ സമൃദ്ധിയെ നശിപ്പിക്കുന്നത് ഒഴിവാക്കാൻ ജൈവവളങ്ങൾ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത കർഷകരെ ബോദ്ധ്യപ്പെടുത്തുന്നതിനായുള്ള സാക്ഷരതായജ്ഞങ്ങൾ അനിവാര്യമാണെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. കാർഷിക സംസ്കാരം അട്ടിമറിക്കപ്പെട്ട ഒരു നവഭാരതത്തിലാണ് നാമിപ്പോൾ ജീവിക്കുന്നത്.ഭൂമിയെ ചൂഷണം ചെയ്താണ് ആധുനിക ഗതാഗത സൗകര്യങ്ങളും ദേശീയ പാതകളും തുരങ്കങ്ങളും നിർമ്മിച്ചുവരുന്നത്. പുഴകൾ ജീവിതത്തിന്റെ ജലധാരയാണ്. പുഴകൾ അപ്രത്യക്ഷമാകുമ്പോൾ കൃഷിയിടങ്ങൾ തരിശുനിലങ്ങളാവുകയും സ്വാശ്രയജീവിതത്തിനു ഭീഷണിയാവുകയും ചെയ്യുന്നു. ഗാന്ധിയൻ സ്വാശ്രയ സിദ്ധാന്തത്തിന്റെ അടിസ്ഥാനം മനുഷ്യാദ്ധ്വാനമാണ്. എന്നാൽ നമുക്ക് വിയർക്കാൻ മനസ്സില്ല എന്നു മാത്രമല്ല യന്ത്രസമാനരായി നാം ജീവിക്കുന്നു, പരാശ്രയരായി മാറുന്നു. കാർഷികനയത്തെക്കുറിച്ച് ഗാന്ധിജിക്ക് വ്യക്തമായ ധാരണയുണ്ടായിരുന്നു. കർഷകനിൽ ഗാന്ധിജി നാട്ടറിവും പാരമ്പര്യവും സമ്മേളിക്കുന്നത് മുൻകൂട്ടി കണ്ടിരുന്നു. മണ്ണിന്റെ സ്വഭാവവും, കാലാവസ്ഥമാറ്റങ്ങളും ജ്യോതിശാസ്ത്രവും ഭൂമിശാസ്ത്രവും കർഷകന് അറിയാവുന്നതാണ്.

### തൊഴിൽ മേഖലയും സ്വാശ്രയത്വവും

രാജ്യത്തെ വ്യാവസായിക നയം പൊതുമേഖലയുടെ വളർച്ചക്ക് സഹായകരമല്ലാതായിരിക്കുന്നു. വൻകിട വ്യവസായങ്ങൾ കോർപ്പറേറ്റുകൾക്കും വിദേശികൾക്കുമായി സംവരണം ചെയ്യപ്പെട്ടിരിക്കയാണ്. ബാങ്ക്-ഇൻഷൂറൻസ് മേഖലകളിൽ വിദേശവൽക്കരണം നടക്കുന്നു. തൊഴിൽമേഖല ഇന്ന് അസംതൃപ്തരാണ്. ഗ്രാമങ്ങളുടെ സ്വയം പര്യാപ്തതക്ക് ഗാന്ധിജി നിർദ്ദേശിച്ചത് ഖാദി-ഗ്രാമവ്യവസായങ്ങളായിരുന്നു. നൂൽനൂൽപ്പ് മഹായജ്ഞങ്ങളാക്കിക്കൊണ്ട് സ്വാശ്രയത്വത്തിന്റെ വഴികൾ തുറന്നുകിടന്നു. എന്നാൽ തകർച്ചയെ അതിജീവിക്കാൻ ഖാദിവ്യവസായത്തിന് കഴിഞ്ഞില്ല എന്നത് പരമാർത്ഥം. ഇന്ത്യയുടെ അദ്ധ്വാനിക്കുന്ന ജനസഞ്ചയത്തിന്റെ മനസ്സിൽ നൂൽനൂൽപ്പിന്റെ പ്രഭാവത്തെപ്പറ്റി ഗാന്ധിജിക്ക് ഉറച്ച വിശ്വാസമുണ്ടായിരുന്നു. ഖാദിപ്രസ്ഥാനത്തിന്റെ വളർച്ചയിലൂടെ ഗ്രാമീണ വ്യവസായന്തരീക്ഷം വിപുലീകരിക്കുമെന്ന് ഗാന്ധിജി വിശ്വസിച്ചു. വിദേശികൾ പൂർണ്ണമായും നമ്മെ കീഴ്പ്പെടുത്തുന്നതിനു മുമ്പ് ഗാന്ധിയൻ സ്വാശ്രയസിദ്ധാന്തത്തെ ഒരു ദേശീയബദലായി ഇന്ത്യൻ ജനത അംഗീകരിക്കേണ്ടതായിട്ടുണ്ട്



# വി.ടി.വി. ദാമോദരന്റെ പ്രസക്തി

പ്രൊഫ.ബി.മുഹമ്മദ് അഹമ്മദ്

പയ്യന്നൂർ - സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ കർമ്മഭൂമിയാണ്. മലയാള സാഹിത്യത്തിന്റെ വടക്കൻ പെരുമയാണ്. നാടൻ കലകളുടെ ഈറ്റില്ലമാണ്. സാംസ്കാരിക മഹത്വത്തിന്റെ ജ്വാലാമുഖമാണ്.

പയ്യന്നൂരിന്റെ ഈ എല്ലാ സവിശേഷതകളും മനസ്സിന്റെ ശോഭയാക്കിയ വ്യക്തിത്വമാണ് വി.ടി.വി ദാമോദരന്റേത്.

പ്രവാസി മലയാളികളിൽ കനിവിന്റെ ഉറവയാണ് വി.ടി.വി.ദാമോദരൻ. ചെറുപ്പത്തിൽ ജീവിത വഴികൾ തേടി വി.ടി.വി അബുദാബിയിലേക്ക് പോയി. സാമാന്യം തിളക്കമാർന്ന ഒരു ജോലി അവിടെ സമ്പാദിച്ചു. പക്ഷേ, അവിടെ ഒരു വി.ഐ.പി. പരിവേഷത്തിൽ 'ദന്തഗോപുര'വാസിയാവാനല്ല അദ്ദേഹം ശ്രമിച്ചത്. പ്രവാസി മലയാളികളിലെ ചെറിയ തൊഴിൽ ചെയ്യുന്ന, തൊഴിലില്ലാത്ത എണ്ണമറ്റ ദൈന്യതയാർന്ന മുഖങ്ങൾ അദ്ദേഹം കണ്ടു. അവരെ സഹായിക്കാനുള്ള വഴികൾ തിരഞ്ഞു.

പയ്യന്നൂരിൽ നിന്ന് യു.എ.ഇയിലെത്തുന്ന പ്രശസ്തരും അപ്രശസ്തരുമായ എല്ലാവർക്കും വി.ടി.വിയുടെ സ്നേഹസ്പർശം ലഭിച്ചിട്ടുണ്ട്. അദ്ദേഹം തന്നെ രൂപം നൽകിയ പയ്യന്നൂർ സൗഹൃദവേദി നാട്ടിൽ നിന്നെത്തുന്നവർക്ക് ഒത്തുചേരാനുള്ള വേദിയായിരുന്നു. അവിടെ അവർ ആദരിക്കപ്പെട്ടു. ഉപഹാരങ്ങൾ നൽകപ്പെട്ടു. തീർത്തും മാനസികോല്ലാസത്തിനുള്ള സന്ദർഭങ്ങളുണ്ടായി.

യു.എ.ഇയിലെ കേരളീയർക്ക് അവരുടെ സാംസ്കാരിക പ്രവർത്തനങ്ങളുടെ ആശ്രയകേന്ദ്രം വി.ടി.വി.ആയിരുന്നു. അവരുടെ കവിതകൾ, കഥകൾ,

കലാമേന്മകൾ ഇവക്കൊക്കെ പ്രചോദനമായത് പയ്യന്നൂരിന്റെ ഈ പ്രിയ പുത്രനാണ്, കേരളത്തിലെ മിക്കാവാറും സാഹിത്യസാംസ്കാരിക കലാനായകന്മാർ അബുദാബിയിലെത്തുമ്പോൾ അവരുടെ സർഗ്ഗവിസ്മയങ്ങൾ അവിടെ അവതരിപ്പിക്കാൻ അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നത് വി.ടി.വിയാണ്.

തീർച്ചയായും നമുക്കൊരു വലിയ ലോകവും അതോടൊപ്പം ചെറിയ ലോകവുമുണ്ട്. സമ്പന്നതയുടെ ആകാശവിതാനവും ദാരിദ്ര്യത്തിന്റെ കുപ്പത്തൊട്ടിയുമുണ്ട്. പ്രവാസികൾ എല്ലാവരും സുഖിതജീവിതത്തിന്റെ ആഢംബരസൗഭാഗ്യം പുണർന്നവരാണ് എന്ന് നാം കരുതരുത്. ലേബർ കേമ്പുകളിൽ കഴിയുന്നവർ, വിസയില്ലാതെ അലയുന്നവർ, ചുരുങ്ങിയ സമ്പാദ്യം കൊണ്ട് നാട്ടിലേക്കു പോകാൻ കഴിയാത്തവർ, അവശർ, ആർത്തർ, ആലംബഹീനർ തുടങ്ങിയവർ അവിടെയുണ്ട്. അവരുടെ നെടുനിശ്വാസത്തിൽ ആശ്വാസമെത്തിക്കാൻ നിരന്തരമായ ചാരിറ്റി പ്രവർത്തനങ്ങളിലൂടെ ശ്രമിച്ച ഒരാളാണെന്ന പരോപകാരത്തിന്റെ കണിക്കൊന്നയായി ഈ ധാർമ്മിക വ്യക്തിത്വം നിറഞ്ഞുനിൽപ്പുണ്ട്. ഭിന്നശേഷികളായ കുട്ടികൾ, വൃദ്ധസദനങ്ങളിലെ



അന്തേവാസികൾ, വീടില്ലാത്ത പാവങ്ങൾ ഇവരിലേക്കെല്ലാം അദ്ദേഹത്തിന്റെ സഹായ ഹസ്തം നീളുന്നുണ്ട്. അദ്ദേഹത്തിന്റെ സേവനപ്രവർത്തനങ്ങളൊന്നും പൊങ്ങച്ചങ്ങളല്ല. മറ്റുള്ളവരെ കാണിക്കാനുള്ളതല്ല. ഒരിക്കലും തല ഉയർത്തിപ്പിടിച്ചു മാത്രം നടക്കുന്ന ഗർവ്വ് അദ്ദേഹത്തിനില്ല. ഞാനൊരു സാധാരണക്കാരൻ മാത്രം എന്ന മുഖഭാവമാണ് വി.ടി.വിയുടേത്. ഹൃദയശുദ്ധിയാണ് ഈ ചെറുപ്പക്കാരന്റെ യോഗ്യത. പയ്യന്നൂരിന്റെ നാടൻ കലാനിധിശേഖരം മണ്ണിന്റെ മകനാക്കി വി.ടി.വിയെ മാറ്റുന്നു. കേരള ഫോക്‌ലോർ അക്കാദമി അദ്ദേഹത്തിന് നൽകിയ അംഗീകാരം പ്രവാസി മലയാളികൾക്ക് നാടൻകലയെ സ്വായത്തമാക്കാൻ ഈ കലാകാരൻ നടത്തിയ ശ്രമത്തിനുള്ള പൂച്ചെണ്ടാണ്. അദ്ദേഹത്തിന്റെ പിതാവ് കെ.യു. രാമ പൊതുവാൾ നാടൻകലാരംഗത്തെ അതികായനാണെന്ന് അറിയുക.

പയ്യന്നൂരിന്റെ സ്വാതന്ത്ര്യസമര ഇതിഹാസത്തിന്റെ ആരാധകനാണ് വി.ടി.വി. അതുകൊണ്ട് ഗാന്ധിയൻ ആദർശങ്ങൾ അദ്ദേഹം വാരിപ്പുണർന്നു. മഹാത്മാഗാന്ധിയുടെ പ്രതിമ യു.എ.ഇയിലെത്തിച്ച് യു.എ.ഇ ഭരണകൂടത്തിന്റെ അറിവോടെ അവിടെ സ്ഥാപിച്ച് ദേശാഭിമാനത്തിന്റെ ഓളങ്ങൾ യു.എ.ഇയിൽ നവ്യാനുഭൂതിയാക്കിത്തീർത്തത് ഈ ദേശസ്നേഹിയാണ്. അതോടൊപ്പം നമ്മുടെ സ്വാശ്രയത്വത്തിന്റേയും സ്വരാജിന്റേയും പ്രതീകമായ ചർക്ക കൂടി യു.എ.ഇയിലെത്തിച്ച് അതിന് സ്ഥിരപ്രതിഷ്ഠ നൽകിയതും പയ്യന്നൂർ സൗഹൃദവേദിയുടെ ഈ അമരക്കാരനാണ്.

സ്വസ്ഥതയും സമാധാനവും അപ്രാപ്യമായിക്കൊണ്ടിരിക്കുന്ന ഈ വർത്തമാനകാല ജീവിതസന്ധിയിൽ മനസ്സിന്റെ കുളിർമ്മയായി ആരെയെങ്കിലും നമുക്ക് അനുഭവപ്പെടുമെങ്കിൽ തീർച്ചയായും അത് സ്വർഗ്ഗതുല്യമായ ഒരു നിർവൃതിയാണ്. വി.ടി.വി.ദാമോദരന്റെ പ്രസക്തിയും ഇതു തന്നെ



> അദ്ദേഹത്തിന്റെ സേവന പ്രവർത്തനങ്ങളൊന്നും പൊങ്ങച്ചങ്ങളല്ല. മറ്റുള്ളവരെ കാണിക്കാനുള്ളതല്ല. ഒരിക്കലും തല ഉയർത്തിപ്പിടിച്ചു മാത്രം നടക്കുന്ന ഗർവ്വ് അദ്ദേഹത്തിനില്ല. ഞനൊരു സാധാരണക്കാരൻ മാത്രം എന്ന മുഖഭാവമാണ് വി.ടി.വിയുടേത്.

# മണലാരണ്യത്തെ നാട്ടുചെമ്പകം




ടി.പി. ഭാസ്കര പൊതുവാൾ



എന്നും എന്റെ കൺമുമ്പിലൂടെ ഒരിക്കലും മായാത്ത ചിരിയുമായി വെള്ള ഖാദി മുണ്ടിന്റെ ഒരറ്റം ഉയർത്തിപ്പിടിച്ച് ഒരു ഭാഗം ചെരിഞ്ഞ് നടന്നുപോകുന്ന ഈ മനുഷ്യൻ ആരാണ്? അതാണ് എന്റെ രാമേട്ടൻ. താളം തെറ്റിക്കൊണ്ടിരിക്കുന്ന ലോകത്ത് താളത്തെ തന്റെ വായ്ത്താരിയിലൂടെ കാലത്തിന്റെ കനകച്ചെപ്പിലേക്ക് പകർന്നുവെച്ച കോൽക്കളിയാചാര്യൻ രാമേട്ടൻ- കൈയിലെ കോലുകൊണ്ട് മറ്റുള്ളവന്റെ കരണത്തടിക്കാൻ തിരക്കുകൂട്ടുന്ന ഒരു കാലത്ത് രണ്ടുകൈയിലും ഉയർത്തിപ്പിടിച്ച കോലുകൾ കൊണ്ട് ഒരു നാട്ടുനന്മയെ താളംകൊണ്ട് കീഴടക്കിയ അപൂർവ്വ പ്രതിഭാശാലി- ആ രാമേട്ടന്റെ മകനാകാൻ കഴിഞ്ഞു എന്നതാണ് വി.ടി.വി.യുടെ മഹാപുണ്യം.

പാരമ്പര്യം ഒരു വ്യക്തിയിലെ സർഗ്ഗാത്മകതയെ എത്രമാത്രം വളർത്തുന്നു എന്നതിന്റെ മകുടോദാഹരണമാണ് വി.ടി.വി. പയ്യന്നൂരിന്റെ ഗാന്ധിയൻ പാരമ്പര്യം അതിന്റേതായ അന്തഃസത്തയിൽ ഉൾച്ചേർന്ന ഒരു തറവാടിന്റെ പൈതൃകത്തെ നെഞ്ചേറ്റുന്ന ഈ ഗാന്ധിയൻ തന്റെ കർമ്മകാണ്ഡത്തെ സ്വന്തം പ്രവർത്തന നൈപുണ്യത്തിലൂടെ പ്രോജ്വലമാക്കിത്തീർത്തു. മണലാരണ്യത്തിന്റെ ചൂടേറ്റാൽ വാടുന്നതല്ല തീയിൽ മുളച്ച ഈ നാട്ടുചെമ്പകം- നാട്ടിലും മറുനാട്ടിലും പ്രിയങ്കരനാവുക എന്നത് ശ്രമസാദ്ധ്യമായ ഒരു കാര്യമല്ല. നല്ലതിനെ അംഗീകരിക്കാൻ നമുക്കെന്നും മടിയാണ്. പക്ഷെ വി.ടി.വി. ഭാഗ്യവാനാണ്. പെരുമാറ്റത്തിന്റെ സൗന്ദര്യംകൊണ്ട് ഏവരേയും കീഴടക്കാനുള്ള ഒരു പ്രത്യേക കഴിവ്- അത് വി.ടി.വി ക്ക് മാത്രം അവകാശപ്പെട്ടതാണ്.

കോൽക്കളിയെ മറുനാട്ടിലെത്തിക്കാൻ വി.ടി.വി. കാണിച്ച ആത്മാർത്ഥത തീർത്തും ശ്ലാഘനീയമാണ്. ഗാന്ധിയൻ പാരമ്പര്യം നെഞ്ചേറ്റിയതുകൊണ്ട് ചർക്കയും ഗാന്ധിപ്രതിമയും അബുദാബിയിലെത്തി. ആതുരസേവനരംഗത്ത് വി.ടി.വി.യുടെ സേവനം ആർക്കും ചെറുതായി കാണാനാവില്ല. കവിതയെഴുത്തിലും തന്റേതായ മികവ് തെളിയിക്കാൻ വി.ടി.വിക്ക് കഴിഞ്ഞു.- മലയാള ഭാഷാ പാഠശാലയുടെ പ്രവാസി പ്രതിഭാ പുരസ്കാരം നേരത്തേതന്നെ നൽകി ആദരിക്കാൻ എനിക്കും ഭാഗ്യമുണ്ടായി. കാലത്തിന് മായ്ക്കാൻ കഴിയാത്ത കഴിവുകൾ കൊണ്ട് അനുഗ്രഹീതനായ വി.ടി.വി.ക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു



# പയ്യന്നൂർ- ഗാന്ധിയൻ പാരമ്പര്യം

കളിമണ്ണിൽ നിന്ന് മനുഷ്യനെ സൃഷ്ടിച്ച യുഗപ്രഭാവനാണ് ഗാന്ധി. ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരായ പോരാട്ടത്തിന്റെ അലയൊലികൾ ഇന്ത്യയുടെ ഗ്രാമഗ്രാമാന്തരങ്ങളിലെത്തിക്കാൻ ഗാന്ധിജിക്കു സാധിച്ചു. നിത്യവൃത്തിക്കു വകയില്ലാത്ത മനുഷ്യനെപ്പോലും നിവർന്നു നിൽക്കാനും ധാർമ്മികശക്തിയാൽ പ്രചോദിതരാക്കാനും ആ നേതൃത്വം പ്രാപ്തമായിരുന്നു. ഓരോ നാട്ടിലെയും വ്യത്യസ്ത വിഭാഗങ്ങളിൽപ്പെട്ട ജനങ്ങളെ ദേശീയ പ്രസ്ഥാനത്തിന്റെ മുഖ്യധാരയിൽ കണ്ണിചേർത്തു എന്നതു മാത്രമല്ല, തന്റെ ജീവിത ദർശനത്തെ പിന്തുടരുന്ന ലക്ഷക്കണക്കിന് അനുയായികളെ സൃഷ്ടിക്കാനും ഗാന്ധിജിക്കു കഴിഞ്ഞു. ദേശീയ പ്രസ്ഥാന കാലം തൊട്ട് ഗാന്ധിയൻ സ്വാധീനമുണ്ടായിരുന്ന ആയിരക്കണക്കിന് ഇന്ത്യൻ പ്രദേശങ്ങളിലൊന്നായിരുന്നു പയ്യന്നൂരും. ഗുജറാത്തിലെ കർഷക സമരത്തിന്റെ ഉജ്ജ്വല ചരിത്രം പേറുന്ന ബർദോളിയെ പിൻപറ്റി 'രണ്ടാം ബർദോളി' എന്നു വിശ്രുതമായി ഈ ഗാന്ധിയൻ നാട്.

ഗാന്ധിജിയുടെ ദേശീയവിദ്യാലയം എന്ന ആശയത്തെ പിന്തുടർന്ന് സംസ്കൃത വിദ്യാലയം പയ്യന്നൂരിൽ രൂപം കൊള്ളുന്നത് കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലാണ്. സമുദായത്തിലെ അനാചാരങ്ങൾക്കെതിരായ നിരന്തരമായ പോരാട്ടം ഫലം കണ്ടുതുടങ്ങിയ സന്ദർഭമായിരുന്നു അത്. വി.പി. ശ്രീകണ്ഠപൊതുവാൾ അത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. 1925ൽ അഖിലേന്ത്യാ ചർക്കാസംഘം നിലവിൽ വന്ന ശേഷം ഖാദി പ്രവർത്തനം വടക്കൻ കേരളത്തിലും



യു.രാജേഷ്

ശക്തിപ്പെട്ടു. സബർമതിയിൽ പോയി തിരിച്ചുവന്ന എൻ.പി. രാഘവ്ജിയെ പോലുള്ള ആളുകൾ പയ്യന്നൂരിൽ ഖാദി പ്രസ്ഥാനം വേരുറപ്പിക്കുന്ന ദൗത്യത്തിൽ പങ്കാളിയായി. സൈമൺ കമ്മീഷൻ ബഹിഷ്കരണ കാലം മുതൽ കേളപ്പജി പയ്യന്നൂരിൽ പലതവണ വന്നു, സമരാവേശം പടർത്താൻ. പയ്യന്നൂരിന്റെ ഗാന്ധിയൻ മനസ്സിനെ പ്രോജ്ജ്വലിപ്പിക്കാൻ കേരളഗാന്ധി കേളപ്പജിയുടെ സന്ദർശനങ്ങൾക്ക് കഴിഞ്ഞു. സി.എച്ച് ഗോവിന്ദൻ നമ്പ്യാർ എന്ന കർമ്മയോഗി 1920–21 കാലം മുതൽ പയ്യന്നൂരിന്റെ മണ്ണ് ദേശീയ പ്രസ്ഥാനത്തിന്റെ ആഹ്വാനമുൾക്കൊള്ളാൻ പാകപ്പെടുത്തുകയായിരുന്നു.



1928ലാണ് പയ്യന്നൂരിലെ വിശ്രുതമായ നാലാം കോൺഗ്രസ് സമ്മേളനം. 1928 മെയ് 25ന് ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ സമ്മേളനം തുടങ്ങി. ഇന്ത്യക്കു ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് പൂർണ്ണസ്വാതന്ത്ര്യം ലഭിക്കുക തന്നെ വേണം എന്നുറക്കെ പ്രഖ്യാപിച്ച സമ്മേളനമായിരുന്നു അത്.


കേരളത്തിൽ ഉപ്പുസത്യാഗ്രഹവേദി വേണ്ടെന്ന തീരുമാനം തിരുത്തിക്കുറിച്ച് പയ്യന്നൂർ സമരവേദിയായി കേളപ്പജി പ്രഖ്യാപിക്കുന്നത് ഗാന്ധിയൻ സഹന സമരത്തിന്റെ സ്വാഭാവിക വേദിയായി പയ്യന്നൂരും പരിസരങ്ങളും മാറിക്കഴിഞ്ഞുവെന്ന ബോധ്യത്തിലാണ്. അത് അക്ഷരംപ്രതി ശരിവെക്കുന്ന നിലയിലായിരുന്നു, പയ്യന്നൂരേക്കുള്ള ജാഥയും ഉളിയത്ത് കടവിൽ നടന്ന സത്യാഗ്രഹവും. ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിനാലാണ് പിന്നീട് പയ്യന്നൂരിന്റെ വിദ്യാർത്ഥി രക്തസാക്ഷിയായ കുഞ്ഞിരാമൻ അടിയോടി ജയിലിലാവുന്നത്.

1942ൽ ക്വിറ്റിന്ത്യാ സമര കാലത്ത് പയ്യന്നൂർ വീണ്ടും സമരപോരാട്ടങ്ങളുടെ വേദിയായി. കെ.പി.കുഞ്ഞിരാമ പൊതുവാളുൾപ്പെടെ നിരവധി പേർ അറസ്റ്റ് ചെയ്യപ്പെട്ടു. സ്വാതന്ത്ര്യ സമരത്തിന്റെ ഓരോ ഘട്ടത്തിലും ഗാന്ധിജിയുടെ ആഹ്വാനം ചെവിക്കൊണ്ട് ഗാന്ധിയൻ സമരമുറകളുടെ പ്രയോക്താക്കളാകുകയായിരുന്നു, പയ്യന്നൂരിലെ ഓരോ സമരഭടനും. ഗാന്ധിയൻ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി പീരങ്കി നമ്പീശന്റെ നേതൃത്വത്തിൽ ഹിന്ദി പ്രചരണത്തിന്റെയും വേദിയായി പയ്യന്നൂർ. മദ്യവിരുദ്ധ സമരങ്ങളും ദേശീയ സമരത്തിൽ ഇടം പിടിച്ചു. സമരങ്ങളുടെ ഇടവേളകളിൽ ഗാന്ധിയൻ ആശയപ്രചരണവും സജീവമായി നടന്നുവന്നു.

സ്വാതന്ത്ര്യാനന്തരവും ഗാന്ധിയൻ തത്വസംഹിതയുടെയും സമരവീര്യത്തിന്റെയും പ്രയോഗഭൂമിയായി ഏറെക്കാലം തുടർന്നു, പയ്യന്നൂർ. ഗാന്ധിയൻ പ്രസ്ഥാനങ്ങൾ സ്വാതന്ത്ര്യത്തിനുശേ

സ്വാതന്ത്ര്യസമരത്തിന്റെ ഓരോ ഘട്ടത്തിലും ഗാന്ധിജിയുടെ ആഹ്വാനം ചെവിക്കൊണ്ട് ഗാന്ധിയൻ സമരമുറകളുടെ പ്രയോക്താക്കളാകുകയായിരുന്നു, പയ്യന്നൂരിലെ ഓരോ സമരഭടനും.

ഷമുള്ള ആദ്യദശകങ്ങളിൽ ദേശീയതലത്തിൽ ഏറെ സജീവമായിരുന്നു. സമൂഹത്തിലെ അധ:കൃതരുടെ മോചനത്തിനായി വിട്ടുവീഴ്ചയില്ലാതെ പോരാടിയ സ്വാമി ആനന്ദതീർത്ഥർ ദക്ഷിണേന്ത്യയാകെ നടത്തിയ ത്യാഗപൂർണ്ണമായ പ്രവർത്തനത്തിന്റെ കേന്ദ്രം പയ്യന്നൂരിലെ ശ്രീ നാരായണ വിദ്യാലയമായിരുന്നു. ഗോവിന്ദൻ നമ്പീശൻ ഹിന്ദി പ്രചരണം തന്റെ ജീവിത സപര്യയായിക്കണ്ട് പ്രവർത്തനം തുടർന്നു.



സജീവരാഷ്ട്രീയ പ്രവർത്തകനായിരുന്നപ്പോഴും രാഷ്ട്രീയം വിട്ടുമാറി സർവോദയ പ്രവർത്തനങ്ങളിൽ മുഴുകിയപ്പോഴും കേരള ഗാന്ധി കേളപ്പജിക്ക് ഏറെ ഇഷ്ടമുണ്ടായിരുന്ന പ്രദേശമായിരുന്നു, പയ്യന്നൂർ. തിരക്കുകൾക്കിടയിലും അദ്ദേഹം പയ്യന്നൂരിൽ ഓടിയെത്തി. കെ.പി. യും ടി.സി.വി സഹോദരന്മാരും തുടങ്ങി പയ്യന്നൂരിലെ സ്വാതന്ത്ര്യ സമരസേനാനികളുടെ തലമുറയ്ക്ക് ഗുരുവും മാർഗദർശിയുമായിരുന്നു കേളപ്പജി.

പയ്യന്നൂരിന്റെ നഗര-ഗ്രാമ വീഥികളിൽ തലയെടുപ്പോടെ നിൽക്കുന്ന മഹദ്സ്ഥാപനങ്ങളാണ് യഥാർത്ഥത്തിൽ ഗാന്ധിയൻ പാരമ്പര്യത്തിന്റെ ശേഷിപ്പുകളായി പുതുതലമുറ വിലയിരുത്തുക. അന്നൂർ സഞ്ജയൻ സ്മാരക ഗ്രന്ഥാലയം, കേളപ്പൻ സർവ്വീസ് സെന്റർ, പയ്യന്നൂരിലെ മഹാദേവ ദേശായി വായനശാല, കാരയിൽ ലാൽബഹദൂർ ശാസ്ത്രി വായനശാല, കാറമേൽ കസ്തൂർബാ കേന്ദ്രം വായനശാല, വെള്ളൂർ ജവഹർ വായനശാല തുടങ്ങി അനേകം സ്ഥാപനങ്ങൾ ഗാന്ധിയൻ കാലഘട്ടത്തിന്റെ സൃഷ്ടികളാണ്. പയ്യന്നൂർ സർവ്വീസ് സഹകരണ ബാങ്കും കോ-ഓപ്പറേറ്റീവ് സ്റ്റോറും പോലുള്ള സഹകരണസ്ഥാപനങ്ങളും ഈ മൂല്യബോധത്തിന്റെ നേർസാക്ഷ്യങ്ങൾ തന്നെ.

ഭക്ഷ്യക്ഷാമവും കടക്കെണിയും മൂലം ജനങ്ങൾ പട്ടിണികിടക്കുന്ന സാഹചര്യത്തിൽ അതിനു പരിഹാരം കണ്ടെത്താനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഗാന്ധിജിയുടെ അനുഗ്രഹത്തോടെ കേളപ്പജി സഹകരണസംഘങ്ങൾ രൂപീകരിക്കുവാൻ നേതൃത്വം നൽകിയത്. അങ്ങനെ രൂപീകരിക്കപ്പെട്ട സൊസൈറ്റികളാണ് പി.സി.സി സൊസൈറ്റികൾ. ഇവയാണ് സഹകരണ റൂറൽ ബാങ്കുകളായി മാറിയത്. കേളപ്പജിയുടെ ആഹ്വാനമനുസരിച്ചാണ് കെ.പി.യുടെയും കണ്ണോത്തിന്റെയും നേതൃത്വത്തിൽ 1944ൽ നവംബറിൽ കോ-ഓപ്പ്: സ്റ്റോർ തുടങ്ങുന്നത്. പട്ടിണിയും ദുരിതവും സ്വകാര്യ പണമിടപാടുകാരുടെ ചൂഷണവും തകർത്ത സാധാരണക്കാരെ സഹായിക്കുന്നതിനു വേണ്ടി സി.എച്ച്, കെ.പി, എ.കെ, കണ്ണോത്ത്, സ്വാമി ആനന്ദ

പയ്യന്നൂരിന്റെ നഗര-ഗ്രാമ വീഥികളിൽ തലയെടുപ്പോടെ നിൽക്കുന്ന മഹദ്സ്ഥാപനങ്ങളാണ് യഥാർത്ഥത്തിൽ ഗാന്ധിയൻ പാരമ്പര്യത്തിന്റെ ശേഷിപ്പുകളായി പുതുതലമുറ വിലയിരുത്തുക.

തീർത്ഥർ തുടങ്ങി ഏതാനും പേരാണ് സഹകരണ വായ്പാ സംഘം ആരംഭിക്കുന്നത്. അത് പിന്നീട് സർവ്വീസ് ബേങ്കായി വളർന്നു.

1969ലെ ഗാന്ധി ജന്മശതാബ്ദി, ഗാന്ധി സ്മരണകൾ പുനരാനയിക്കപ്പെട്ട സന്ദർഭമായിരുന്നു. വ്യത്യസ്ത പ്രത്യയശാസ്ത്രങ്ങൾക്ക് ഗാന്ധിമാർഗം എങ്ങനെ ബദലാകുമെന്ന ഗൗരവമായ ആലോചനകൾ നടന്ന കാലഘട്ടമായിരുന്നു, അത്. എന്നാൽ, ഗാന്ധിയൻ മൂല്യങ്ങൾ പൊതുജീവിതത്തിന്റെ മുഖ്യധാരയിൽ നിന്ന് മെല്ലെ നിഷ്ക്രമിക്കുന്ന കാഴ്ചയാണ് പിന്നീട് കാണുന്നത്. ത്യാഗധനരായ ഒരു തലമുറ മെല്ലെ രംഗം വിടുന്നു. രാഷ്ട്രീയപ്രവർത്തനം ഉദരപൂരണത്തിനുള്ള വഴിയായി മാറി. പക്ഷേ, പിന്നീടും കേരളത്തിലെ ഗാന്ധിയൻ പ്രസ്ഥാനങ്ങൾക്ക് എന്നും പ്രതീക്ഷയേകിയ മണ്ണായി തുടർന്നു പയ്യന്നൂർ. സ്വാതന്ത്ര്യ സമര കാലത്ത് തന്നെ പേരുകേട്ട ഖാദി പ്രസ്ഥാനത്തിന് വലിയ തുടർച്ച പയ്യന്നൂരിൽ നിന്നുണ്ടായി. ഫർക്കാ ഗ്രാമോദയ സംഘവും പയ്യന്നൂർ ഖാദികേന്ദ്രവും ഇന്നും തലയുയർത്തി നിൽക്കുന്നു. ആദർശശുദ്ധിയുടെ ഇഴയടുപ്പം കൈമോശം വന്നിട്ടും പയ്യന്നൂരിന്റെ ഐക്കണുകളിലൊന്നായി ഖാദി തുടരുന്നു.

വിവേകത്തിന്റെ ശബ്ദം ദുർബലമായിരിക്കുന്നു. പക്ഷേ, മുഖ്യധാരയിൽ നിന്നു വിട്ടുമാറി അനീതികൾക്കെതിരെ ചില ഒറ്റപ്പെട്ട ശബ്ദങ്ങൾ ഇവിടെ നിന്നുയരുന്നത്, തീർച്ചയായും ആ ഗാന്ധിയൻ പൈതൃകത്തിന്റെ ബാക്കി തന്നെ. ജനകീയ പ്രതിരോധ സമരങ്ങളുടെ ഒരു പരീക്ഷണ ശാലയാണ് പയ്യന്നൂർ.

എൺപതുകളിൽ പ്രൊഫ.എം.പി.മന്മഥന്റെയും പ്രൊഫ.ജി.കുമാരപ്പിള്ളയുടെയും നേതൃത്വത്തിൽ മദ്യനിരോധന പ്രസ്ഥാനം കേരളത്തിൽ വലിയ ചലനങ്ങളുണ്ടാക്കിയപ്പോൾ പയ്യന്നൂരും കൂടെനിന്നു. പയ്യന്നൂരിലേക്കുള്ള യാത്രകൾ എനിക്ക് തീർത്ഥയാത്രകളാണെന്ന് പ്രൊഫ.മന്മഥൻ ആവർത്തിച്ചു പറയാറുണ്ട്. എ.വി.യെപ്പോലെയുള്ള ആളുകളുടെ പിന്തുണ അവർ ഏറെ വിലമതിച്ചു. ഗാന്ധി യുവമണ്ഡലം പോലുള്ള സംഘടനകൾക്കും കരുത്തായി മാറി പയ്യന്നൂരിന്റെ പാരമ്പര്യത്തിന്റെ ഊർജ്ജം. വി.പി. അപ്പുക്കുട്ടപൊതുവാളുടെ രക്ഷാകർതൃത്വത്തിലെ സർവോദയ പ്രവർത്തനങ്ങളും പയ്യന്നൂർ സാംസ്കാരിക വേദിയുടെ ഗാന്ധിജയന്തി ആഘോഷവും പുതുതലമുറയെ ഗാന്ധിജിയുടെ ശബ്ദം കേൾപ്പിക്കാൻ ഇപ്പോഴും പരിശ്രമിക്കുന്നു.

രാഷ്ട്രീയക്കുരുതികളാൽ ആശങ്കപ്പെടുകയാണ് പയ്യന്നൂരിന്റെ വർത്തമാനകാല മനസ്സ്. രാഷ്ട്രീയത്തിലെ, പൊതുജീവിതത്തിലെ ഗാന്ധിയൻധാര നേർത്തു പോയിരിക്കുന്നു. വിവേകത്തിന്റെ ശബ്ദം ദുർബലമായിരിക്കുന്നു. പക്ഷേ, മുഖ്യധാരയിൽ നിന്നു വിട്ടുമാറി അനീതികൾക്കെതിരെ ചില ഒറ്റപ്പെട്ട ശബ്ദങ്ങൾ ഇവിടെ നിന്നുയരുന്നത്, തീർച്ചയായും ആ ഗാന്ധിയൻ പൈതൃകത്തിന്റെ ബാക്കി തന്നെ. ജനകീയ പ്രതിരോധസമരങ്ങളുടെ ഒരു പരീക്ഷണശാലയാണ് പയ്യന്നൂർ. സൈലന്റ്‌വാലി പദ്ധതിക്കെതിരെ ആദ്യമായി ഒരു പ്രതികരണം ഉയർന്ന പയ്യന്നൂരിൽ നിന്ന് ജീവജലം ഊറ്റുന്ന പെട്രോളിയം പദ്ധതിക്കെതിരെ ഉയരുന്ന പ്രതിഷേധം ഏറ്റവും ഒടുവിലത്തേത്. പ്രതിസന്ധി നേരിടുന്ന ആധുനികലോകത്തെ നേർക്കുനേർ അഭിമുഖീകരിക്കുന്ന വിവേകശാലികളാകാൻ പയ്യന്നൂർകാർക്ക് കഴിയട്ടെ.

സംഘർഷത്തിന്റെ ലോകം പ്രത്യാശയോടെയാണ് ഗാന്ധിജിയിലേക്ക് നോക്കുന്നത്. അത്തരത്തിൽ ഒരു കാലത്താണ് പയ്യന്നൂരിൽ നിന്ന് ഒരു വി.ടി.വി മണലാരണ്യത്തിലെ ജീവിത സന്ദേഹങ്ങൾക്കിടയിലും ഒരു ഗാന്ധി സാഹിത്യ വേദി കൊണ്ടുനടക്കുന്നത്. സഹിഷ്ണുതക്കും സമഭാവനക്കുമായി ഒരു മന്ത്രാലയം സ്ഥാപിച്ച നാടാണ് ഷെയ്ക്ക് സായിദിന്റേത്. ആ നാട്ടിൽ തന്നെ, ഹിംസാത്മകമായ വർത്തമാനലോകത്തോടു സംവദിക്കാൻ മഹാത്മജിയുടെ പ്രതിമ സ്ഥാപിക്കാൻ കഴിയുന്നത് പുണ്യം. സ്വാശ്രയത്വത്തിന്റെ നിത്യപ്രതീകമായ ചർക്ക പ്രദർശിപ്പിക്കുന്നത് അതിലും മഹത്തരം. ഇത് പയ്യന്നൂരിന്റെ പുണ്യം



# വി.ടി.വി യുടെ വഴികൾ

ഡോ.ആർ.സി.കരിപ്പത്ത്

ദേശസ്നേഹിയായ ഒരു ഭാരതീയൻ, സമ്പന്നമായ പാരമ്പര്യങ്ങളിൽ അകം നിറഞ്ഞാനന്ദിക്കുന്ന മലയാളി, അവശന്മാരിലും ആർത്തന്മാരിലും സ്നേഹവാത്സല്യങ്ങൾ ചൊരിയുന്ന നന്മയുടെ ഉപാസകൻ, ഇൻഡോ-അറബ് സൗഹൃദത്തിന് അനിതരപൂർവ്വമായ സംഭാവനകളായി കാവ്യഗ്രന്ഥങ്ങൾക്കപ്പുറം മഹാത്മജിയുടെ പ്രതിമ സ്ഥാപിച്ച ഭാരതീയൻ.



അബുദാബിയിൽ, വി.ടി.വി. എന്ന മൂന്നക്ഷരം ഒരു വ്യക്തിയെ മാത്രമല്ല, മാനവിക മൂല്യങ്ങളെയും പാരമ്പര്യ നന്മകളെയും പ്രതിനിധാനം ചെയ്യുന്ന ഒരു പ്രസ്ഥാനമായാണ് തിരിച്ചറിയുന്നത്. ദേശസ്നേഹിയായ ഒരു ഭാരതീയൻ, സമ്പന്നമായ പാരമ്പര്യങ്ങളിൽ അകം നിറഞ്ഞാനന്ദിക്കുന്ന മലയാളി, അവശന്മാരിലും ആർത്തന്മാരിലും സ്നേഹവാത്സല്യങ്ങൾ ചൊരിയുന്ന നന്മയുടെ ഉപാസകൻ, ഇൻഡോ-അറബ് സൗഹൃദത്തിന്ന് അനിതര പൂർവ്വമായ സംഭാവനകളായി കാവ്യഗ്രന്ഥങ്ങൾക്കപ്പുറം മഹാത്മജിയുടെ പ്രതിമ സ്ഥാപിച്ച ഭാരതീയൻ. വലിയ സാമ്പത്തിക ബാധ്യതയും നിയമങ്ങളുടെ നൂലാമാലകളും മുന്നിൽ പ്രതിബന്ധങ്ങളായി നിന്നപ്പോഴും അവയെല്ലാം തരണം ചെയ്ത് അബുദാബിയിൽ പ്രതിമ എത്തിച്ച് നൂറുകണക്കിന് മഹാരഥന്മാരുടെ സാന്നിധ്യത്തിൽ അത് സ്ഥാപിച്ച് അഖില ലോകവ്യാപകമായിത്തന്നെ പ്രശസ്തി നേടിയ ആദ്യ ഇന്ത്യക്കാരൻ.

അറിയാം വി.ടി.വിയെ ഇരുപത് വർഷമായി. കണ്ണൂർ കെൽട്രോണിലെ, ബഹായി പ്രസ്ഥാന പ്രവർത്തകനായ കുറുകിയ മനുഷ്യനെ. ഒരുപാട് സാംസ്കാരിക പ്രവർത്തനങ്ങൾക്ക് അന്നേ സാരഥിയായിരുന്നു വി.ടി.വി.ദാമോദരൻ. പിന്നീട് അബുദാബിയിലേക്ക് പുതിയ തൊഴിൽ നേടി എത്തിയിട്ടും മറ്റു പ്രവാസികളെപ്പോലെ ബാങ്കു ബാലൻസിലെ അക്കപ്പെരുക്കങ്ങളായിരുന്നില്ല വി.ടി.വി.യുടെ സ്വപ്നവും ചിന്തയും പ്രവർത്തനവും.

അതായിരുന്നു ലക്ഷ്യമെങ്കിൽ വലിയൊരു ധനികനാകുമായിരുന്നു വി.ടി.വി. തന്റെ പിതാവും താനും നെഞ്ചേറ്റി ലാളിച്ച കോൽക്കളിയെ സമഗ്രമായി ചിത്രീകരിച്ച ആ ഡോക്യുമെന്ററിക്ക് വി.ടി.വി ചെലവഴിച്ച തുക ഭീമമായിരുന്നു. ഇക്കഴിഞ്ഞ വർഷം, പെറ്റനാടായ പയ്യന്നൂരിന്റെ സമ്പന്നമായ പൈതൃകത്തെ ഭംഗിയായി ചിത്രീകരിക്കാനുള്ള ഒരു പ്രൊജക്റ്റുമായി വി.ടി.വി വന്നപ്പോൾ നിരുത്സാഹപ്പെടുത്താതെ സ്ക്രിപ്റ്റ് തയ്യാറാക്കി നൽകി. ഒപ്പം ഒരു വട്ടമല്ല മൂന്നുവട്ടം ആലോചിച്ച് ഇറങ്ങിയാൽ മതി എന്ന് വിളിച്ചോർമ്മിപ്പിക്കയും ചെയ്തു. പിന്നെ കേട്ടത് അതിന്നായി ആദ്യം ഇറക്കിയ തുക ഉപേക്ഷിച്ച് പ്രോജക്റ്റ് തന്നെ മടക്കി വെച്ചു എന്നാണ്.

**വി.ടി.വിയുടെ സഹജീവി സ്നേഹത്തിന്റെയും സാംസ്കാരിക പ്രവർത്തനത്തിന്റെയും ഉത്തമ ദൃഷ്ടാന്തമാണ് തായിനേരിയിലെ എം.ആർ.സി.എച്ച് സ്കൂൾ.**

വി.ടി.വിയുടെ സഹജീവി സ്നേഹത്തിന്റെയും സാംസ്കാരിക പ്രവർത്തനത്തിന്റെയും ഉത്തമ ദൃഷ്ടാന്തമാണ് തായിനേരിയിലെ എം.ആർ.സി.എച്ച് സ്കൂൾ. ബൗദ്ധികമായും ശാരീരികമായും തളർന്നുപോയ കുട്ടികളെ അന്യനെ ആശ്രയിക്കാതെ ജീവിക്കാനും ആത്മവിശ്വാസം വളർത്തി പൊതുമണ്ഡലത്തിൽ തല ഉയർത്തി നിൽക്കാനും പ്രാപ്തരാക്കാൻ സ്ഥാപിച്ച വിദ്യാലയമാണിത്. ഡോ.വി.സി.രവീന്ദ്രനടക്കമുള്ള സന്മനസ്സുകളുടെ കൂട്ടായ്മ അതിന്റെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനമായിരുന്നു. സർക്കാരിൽ നിന്ന് ലഭിക്കാവുന്ന ആനുകൂല്യങ്ങൾ ഈ വിദ്യാലയത്തിന് ലഭിക്കാൻ വിദേശത്ത് നിന്നായാലും സ്വദേശത്ത് വന്നാലും വി.ടി.വി ജാഗരൂകനായിരുന്നു.

ഗാന്ധിയൻ ദർശനങ്ങളുടെ നിത്യോപാസകനായ ഇദ്ദേഹം അബുദാബിയിൽ സംഘടിപ്പിക്കാറുള്ള നിരവധി പരിപാടികളെ നേരിട്ടറിയാൻ സാധിച്ചിട്ടുണ്ട്. 2016ൽ അവിടെ 14 ദിവസം നീണ്ട ഒരു സാഹിത്യ ക്യാമ്പിന്റെ ഡയരക്ടറായിരുന്നു. അന്ന് വി.ടി.വിയെ അവിടെ കഴിഞ്ഞവർ വിശേഷിപ്പിച്ചിരുന്നത് 'പയ്യന്നൂർ ഗാന്ധി' എന്നായിരുന്നു. ആഗസ്ത് 15നും ഒക്ടോബർ 2 നും കുട്ടികൾക്കു വേണ്ടിയും മുതിർന്നവർക്കുവേണ്ടിയും

Leadership and beyond

100 YEARS A JOURNEY OF TRUST

100 Years of Excellence
in Service...

THE NEW INDIA ASSURANCE CO. LTD.
India's Premier Multinational General Insurance Company
Owned by Government of India

P.O. Box: 46743, 24th floor,
Tamouh Tower, Marina Square,
Al Reem Island, Abu Dhabi.

Tel: +971 2 644 0428 | Fax: +971 2 645 6352
Email: niaauh@newindia-uae.com
Web: www.newindia-uae.com

വെള്ളൂർ ബേങ്ക്

ക്ലാസ് 1 സൂപ്പർഗ്രേഡ് ബേങ്ക്
വെള്ളൂർ സർവ്വീസ് സഹകരണ ബേങ്ക്
ക്ലിപ്തം.നമ്പർ. 3971, വെള്ളൂർ, Tel:04985-266567 email: 3971vellurbank@gmail.com

Prajesh2.Kumar@axisbank.com
+91 9961340825
www.axisbank.com/burgundy

AXIS BANK

Payyannur
No. 1072A, 1st Floor,
Goltens Arcade,
Payyannur - 670307

വി.ടി.വി നടത്തിവരുന്ന ഗാന്ധി ദർശൻ പരിപാടി ശ്രദ്ധേയമായിരുന്നു. "പുതിയ തലമുറയ്ക്ക് ഗാന്ധി അപരിചിതനാകരുത്." കാലം കഴിയുന്തോറും ഈ കർമ്മയോഗിയുടെ ജീവിതവും കർമ്മങ്ങളും അവർക്ക് അവിശ്വസനീയമായി മാറിയേക്കും. അത്ര ഗംഭീരമായൊരു ജീവിതമായിരുന്നു "ശമമേ ശീലിച്ചുള്ള ഈ ഭാരത സിംഹത്തിന്റേത്." അന്നത്തെ ഗാന്ധി ദർശൻ പരിപാടിയിൽ മനസ്സിൽ തങ്ങി നിന്ന വി.ടി.വി.യുടെ വാക്കുകളായിരുന്നു അവ. ആ ഹൃദയപൂർവ്വമായ ആരാധനയുടെ സൽഫലമായിരുന്നല്ലോ അബുദാബിയിലെ ഗാന്ധി പ്രതിമ.

കവിതാരംഗത്ത് ആദ്യകാലത്ത് മുഖം കാട്ടാറുള്ള വി.ടി.വി അബുദാബിയിൽ വെച്ചെഴുതിയ ഒട്ടനേകം കവിതകൾ പ്രസിദ്ധീകരിച്ചതും അവ അറബിഭാഷയിലേക്ക് മൊഴിമാറ്റം വന്നത് വായിച്ച് അറേബിയൻ ഭരണാധികാരികൾ അഭിനന്ദിക്കുന്നതും കാണാനും വായിക്കാനും കഴിഞ്ഞിട്ടുണ്ട്. വിദേശത്തെ പയ്യന്നൂർ കൂട്ടായ്മയായ പയ്യന്നൂർ സൗഹൃദവേദിയുടെ സജീവ പ്രവർത്തകനാണ് വി.ടി.വി. നാട്ടിൽ അനാഥരും ആലംബഹീനരുമായ മാറാരോഗികൾക്ക് വീടൊരുക്കിക്കൊടുത്തും ചികിത്സാ സൗകര്യമൊരുക്കിയും ഈ സംഘടന പ്രവർത്തിക്കുന്നു.

വി.ടി.വി നാട്ടിലെത്തിയാലെല്ലാം ഇത്തരം പ്രവർത്തനങ്ങളുടെ തിരക്കിലായിരിക്കും. നാട്ടിലെയും വിദേശത്തെയും ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും ചിന്താവിധങ്ങളും കാണുമ്പോൾ ഓർത്തുപോകുന്ന ഒരു കാര്യമുണ്ട്. എം.എൻ.വിജയൻ മാഷ് പറഞ്ഞത്. "നമ്മൾ തെങ്ങുവെച്ച് പരിപാലിക്കുന്നത് തേങ്ങ കിട്ടുവാനാണ്. എന്നാൽ ചിലരാകട്ടെ അതിലെ വിരിയാനുള്ള കാമ്പിനെ വിരിയാൻ വിടാതെ വരിഞ്ഞുമുറുക്കിക്കെട്ടി അതിന്റെ തല ചെറുതായി മുറിച്ച് ഒഴുകിവരുന്ന ജീവരസം തലകീഴായിവെച്ച മൺകുടത്തിൽ ശേഖരിച്ച് മറ്റുള്ളവർക്കു നൽകുന്നു."

ഇവിടെ പണം പെരുക്കിയെടുക്കാതെ കാരുണ്യവഴിയിൽ സഞ്ചരിക്കുന്ന നല്ല മനസ്സിന്റെ പേരാണ് വി.ടി.വി. കേരള ഫോക്‌ലോർ അക്കാദമിയുടെതടക്കം ഒട്ടനേകം അവാർഡുകൾ നേടിയ പ്രതിഭയാണ് വി.ടി.വി ദാമോദരൻ.

വേറിട്ടൊരു വഴിയിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും സമാരാധനയ്ക്കു പാത്രമാവുകയും ചെയ്യുന്ന ശ്രീ ദാമോദരൻ ഇനിയുമിനിയും കീർത്തിമാനാവട്ടെ എന്നാശംസിക്കുകയും ഈ ജീവിതം മറ്റുള്ളവർക്കും മാതൃകയാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു

നമ്മൾ തെങ്ങുവെച്ച് പരിപാലിക്കുന്നത് തേങ്ങ കിട്ടുവാനാണ്. എന്നാൽ ചിലരാകട്ടെ അതിലെ വിരിയാനുള്ള കാമ്പിനെ വിരിയാൻ വിടാതെ വരിഞ്ഞുമുറുക്കിക്കെട്ടി അതിന്റെ തല ചെറുതായി മുറിച്ച് ഒഴുകിവരുന്ന ജീവരസം തലകീഴായിവെച്ച മൺകുടത്തിൽ ശേഖരിച്ച് മറ്റുള്ളവർക്കു നൽകുന്നു















# സമർപ്പിത സേവനത്തിന്റെ സമാനതകളില്ലാത്ത സാന്നിധ്യത്തിന് ജന്മനാടിന്റെ **ആദരം**





ഉദ്ഘാടനം:
ശ്രീ. പി.കെ.ഗോപി











പ്രാർത്ഥനാനിരതനായ ഗാന്ധിജിയിലാണ് ആത്മബലത്തിന്റെ ഉരുക്കുമുഷ്ടികൾ ഉണർന്നിരിക്കുന്നത്. ആ ജീവിതത്തിന്റെ ഓർമ്മകൾ പുതിയ ലോകം തേടിവരും. ഗാന്ധിജിയുടെ ചിതാഭസ്മം സൂക്ഷിച്ച പയ്യന്നൂർ ശ്രീനാരായണ വിദ്യാലയത്തിൽ നിന്നും അറബ് ദേശത്തേക്ക് ഗാന്ധിശില്പം സാന്നിധ്യമായി വന്നത് അതുകൊണ്ടാണ്.
















Unveiling Function



Padmasree Dr. B.R. Shetty





Sri. Sudheer Kumar Shetty



Sri. Chithran Kunhimangalam (Sculptor)



Sri. Oomman Chandi



Sri. Oomman Chandi



Smt. Sushama Swaraj





ചർക്ക ഒരു ജീവിതോപാധിയും
അതേസമയം ഒരു സമരായുധവുമാണ്




CHARKA
AT PAYYANUR










# ചർക്ക

ആത്മാഭിമാനത്തിന്റെയും
ആത്മവിശ്വാസത്തിന്റെയും
നിരാശ്രയത്വത്തിന്റെയും
പ്രതീകം.
കടൽകടന്ന ചർക്കയും
പറയുന്നത് മറ്റൊന്നല്ല.





H.E. Ambassador presenting memento



H.H. Sheikh Abdullah bin Zayed bin Sultan Al Nahyan
(Minister of Foreign Affairs & International Cooperation)



H.E.Navdeep Suri (Ambassador)

## Charka at Abu Dhabi



Folklore Award 2006




Akshaya National Award 2010



Sri. C. Radhakrishnan



Keltron Festival (Smt. K.R. Gouri Amma)



Jeycees Payyanur Award



Ms. Bhuvana (Air India Manager)

സാമൂഹ്യ
പ്രവർത്തനം
വിശകലനങ്ങൾക്കും
വിലയിരുത്തലുകൾക്കും
വിധേയമാകുന്ന
കാലത്ത്
വ്യത്യസ്തമായ
പ്രവർത്തനങ്ങൾക്കുള്ള
അംഗീകാരം




Malayala Bhasha Padasala Award



Ms. Deepa Gopalan, Qatar Amabassador



Gandhigram Award




C.P. Brijesh



Khalid Al Dhanhani




Vishu Celebrations at Muscat



GD Nair

awards




S Kumar



Honouring At Mancheri




Kesari Award

"Let each do his duty. If I do my duty,
ie.,serve myself,
I shall be able to serve others"


World Malayalee Award


PSV - Sudheerkumar Shetty Honouring


Umma Award


Padmasree Dr. YousafAli M.A.

# a w a r d s


WMC Award


Muscot PSV Award


Rotary Award 2011


Pattum Valayum







H.E. Sheikh Nahyan bin Mubarak Al Nahyan
Minister of Tolerance

# With Arab Leaders













അച്ഛൻ സൃഷ്ടിച്ച താളബോധത്തിന്റെ ഉറച്ച ചുവടുകൾ
കുട്ടിക്കാലത്തുതന്നെ ജീവിതത്തിന് താളക്രമമുണ്ടാക്കി.
അതുതന്നെയാണ് ബലവും ഫലവും, ഇപ്പോഴും... എപ്പോഴും..







ചടുലതയുടെ
ഭിന്നമാർഗ്ഗങ്ങൾ..
പക്ഷെ
ലക്ഷ്യം
ഒന്നുതന്നെ











അറബ് കവി ഖാലിദ് അൽ ദൻഹാനി സഞ്ജയൻ സ്മാരക ഗ്രന്ഥാലയത്തിൽ കവികളോടൊപ്പം

# വി.ടി.വി. എന്ന ഇതിഹാസം



**ചന്ദ്രൻ മുണ്ടക്കാട്**
കണ്ണൂർ ജില്ലാ സെക്രട്ടറി
കേരള ഗാന്ധി സാഹിത്യ വേദി


**നിരവധി രാഷ്ട്രങ്ങളിൽ ഗാന്ധി പ്രതിമ ഉണ്ടെങ്കിലും ഒരു ഇന്ത്യക്കാരൻ രംഗത്തിറങ്ങി ഗാന്ധിപ്രതിമ സ്ഥാപിച്ചതായി അറിവില്ല**

മഹാത്മാഗാന്ധിയുടെ പ്രതിമയും, ചർക്കയും യു.എ.ഇ. തലസ്ഥാനമായ അബുദാബിയിൽ സ്ഥാപിച്ചതിലൂടെ വി.ടി.വി. ദാമോദരൻ എന്ന വലിയ മനുഷ്യൻ ഇന്ത്യയുടെ യശസ്സ് ലോകരാഷ്ട്രങ്ങളുടെ മുന്നിൽ ഒരിക്കൽ കൂടി ഉയർത്തിവെച്ചിരിക്കുകയാണ്. ലക്ഷോപലക്ഷം ജനങ്ങൾ സന്ദർശിക്കുന്ന ഡൽഹിയിലെ താമരക്ഷേത്രം പോലെ ഗാന്ധി പ്രതിമയും ജനങ്ങളിൽ പരിവർത്തനമുണ്ടാക്കുമെന്ന കാര്യത്തിൽ സംശയമില്ല. നിരവധി രാഷ്ട്രങ്ങളിൽ ഗാന്ധിപ്രതിമ ഉണ്ടെങ്കിലും ഒരു ഇന്ത്യക്കാരൻ രംഗത്തിറങ്ങി ഗാന്ധിപ്രതിമ സ്ഥാപിച്ചതായി അറിവില്ല. പ്രതിമയുടെ ഉദ്ഘാടനത്തിന് ഇന്ത്യക്കാരനെ കണ്ടേക്കാം. 'ഗാന്ധിജിയിലൂടെ ജീവിക്കൂ, നമുക്ക് ഒരു കുടുംബമായി ജീവിക്കാം' എന്നാണ് വി.ടി.വി. നമുക്ക് നൽകുന്ന സന്ദേശം. വർഗ്ഗീയതയും, തീവ്രവാദവും അനൈക്യവും കൂടിവരുന്ന ഇക്കാലത്ത് ഗാന്ധിജിയുടെ പ്രസക്തി ഒരു വലിയ ചോദ്യമായി വി.ടി.വി അവതരിപ്പിക്കുകയാണ്. പയ്യന്നൂർ പെരുമ ഇങ്ങനെയും ആവാം എന്നാണ് വി.ടി.വി. കാണിച്ച് തരുന്നത്. നടന്മാരും, സംവിധായകരും, എഴുത്തുകാരും, കവി കളും, സ്വാതന്ത്ര്യ സമര സേനാനികളും ഇന്ത്യയുടെ ഭൂപടത്തിൽ പയ്യന്നൂരിനെ ശ്രദ്ധേയമാക്കുന്നു പൂരക്കളിയും കോൽക്കളിയും താളംതെറ്റാതെ നിലനിൽക്കുന്നു. ഇത് ഇന്ത്യയുടെ ഭൂപടത്തിൽ പയ്യന്നൂരിനെ ശ്രദ്ധേയമാക്കുന്നു. പ്രശസ്ത ജ്യോത്സ്യന്മാരും, പവിത്രമോതിരവും പയ്യന്നൂരിന്റെ മറ്റൊരു പ്രത്യേകതയാണ്. ഗാന്ധിജിയുടെ പാദസ്പർശമേറ്റ ഈ മണ്ണിൽ അസാധ്യമായിട്ടൊന്നുമില്ലെന്ന് പറയുന്നതാണ് അഭികാമ്യം. ഗാന്ധിജിയുടെ ആത്മകഥയിലെ ഒരു വാചകമാണ് എന്റെ ഓർമ്മയിൽ ഓടിയെത്തുന്നത്.

"സത്യത്തിന്റെ നടുക്കടലിൽ നിങ്ങൾക്ക് നീന്തണമെങ്കിൽ നിങ്ങൾ സ്വയം വെറുമൊരു പൂജ്യമായിത്തീരണം." വി.ടി.വി. നമുക്ക് കാണിച്ച് തരുന്നതും ഇതുതന്നെയാണ്. ഓടി ഒളിക്കുന്നതിലും ഭേദം പൊരുതി മരിക്കുന്നതാണ് നല്ലതെന്ന് കൂടി ഗാന്ധിജി പറഞ്ഞിട്ടുണ്ട്. വി.ടി.വി. ദാമോദരൻ നമുക്ക് കാണിച്ചുതരുന്നത് ഇതുതന്നെയാണ്. സേവന പ്രവർത്തനങ്ങൾ പ്രവർത്തിയിലൂടെ കാണിച്ച് തരികയാണ് വി.ടി.വി. ചെയ്യുന്നത്. പ്രസംഗിച്ച് നടക്കുകയല്ല. ഈ ലേഖകന്റെ "അറിയപ്പെടേണ്ടുന്ന കലാപ്രതിഭകൾ" എന്ന കൃതിയിൽ വി.ടി.വി.യെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ലേഖകന്റെ 'ചിലങ്ക' സോവനീറിലും, 'മാകന്ദം' മാസികയിലും വി.ടി.വി നിറഞ്ഞുനിൽക്കുന്നുണ്ട്. ഇനി എഴുതുകയാണെങ്കിൽ വലിയൊരു പുസ്തകം തന്നെ ഇറക്കേണ്ടിവരും. അതിനുള്ള ഒരു ശ്രമവും നടത്തിക്കൊണ്ടിരിക്കുകയാണ്



പി.കെ.പ്രേമരാജൻ



# വിശ്വാസം തെളിച്ച കർമ്മപാത

വി.ടി.വിയുടെ ഹൃദയത്തിൽ ഒളിഞ്ഞിരുന്ന മനുഷ്യസ്നേഹവും, സാമൂഹിക ക്ഷേമ തൽപരതയും, എന്തിനധികം, സർഗവാസനകൾ പോലും പരിപോഷിപ്പിക്കാനുള്ള വളക്കൂറുള്ള മണ്ണ് അദ്ദേഹം കണ്ടെത്തിയത് പ്രധാനമായും ഗൾഫിൽ തന്നെയാണ്.

ജന്മഭൂമിയിലും കർമ്മഭൂമിയിലും ഒരുപോലെ ജീവകാരുണ്യ പ്രവർത്തകനായും സാമൂഹിക-സാംസ്കാരിക രംഗത്തെ സജീവ സാന്നിധ്യമായും അറിയപ്പെടുന്ന വി.ടി.വി ദാമോദരൻ ഞങ്ങളുടെ കുടുംബസുഹൃത്താണ്. നാലര പതിറ്റാണ്ട് ദൈർഘ്യമുള്ള സുഹൃദ്ബന്ധമാണ് ഞങ്ങൾ തമ്മിൽ. സുഹൃത്തുക്കൾ എന്നതിലപ്പുറം സാഹോദര്യത്തിന്റെ ഊഷ്മളമായ ഉലയിൽ ഊതിക്കാച്ചിയ ആത്മബന്ധം. വി.ടി.വിയുടെ വളർച്ചയിൽ അഭിമാനിക്കുന്ന ഒരാത്മീയ കുടുംബത്തിലെ എളിയ അംഗമെന്ന നിലയിൽ ആ നേട്ടങ്ങൾ എന്റേതുകൂടിയായി കണ്ടു.

ജീവിതത്തിന്റെ തീഷ്ണമായ യൗവനകാലം വി.ടി.വി നൽകിയത് പ്രധാനമായും ബഹായി ധർമ്മവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായിരുന്നു. മനുഷ്യരാശിയെ മുഴുവൻ ഒരാത്മാവും ഒരു ശരീരവുമായി കാണാൻ പഠിപ്പിച്ച ബഹായി ധർമ്മത്തിൽ അദ്ദേഹം ആകൃഷ്ടനായത് 1973ലായിരുന്നു. മംഗലാപുരത്ത് ഒരു സ്വകാര്യസ്ഥാപനത്തിൽ ജോലി ചെയ്യുകയായിരുന്നു അപ്പോൾ. അന്ന്, സംസ്ഥാന ബഹായി പ്രചരണ സമിതിയുടെ ആസ്ഥാനം കണ്ണൂരായിരുന്നുവെങ്കിലും മംഗലാപുരത്തെ മെഡിക്കൽ വിദ്യാർത്ഥികളടക്കമുള്ള സുഹൃത്തുക്കളുടെ സേവനം കേരളത്തിന് ലഭിച്ചിരുന്നു. “ആരാണ് ഒരു ബഹായി?”എന്ന ചോദ്യത്തിന് അദ്ദേഹത്തിന് ബഹായി ലിഖിതങ്ങൾ നൽകിയ ഉത്തരം ഇതായിരുന്നു: “ലോകത്തിലെ മുഴുവൻ ജനങ്ങളെയും സ്നേഹിക്കുകയും അവർക്കുവേണ്ടി എന്തെങ്കിലും സേവനം ചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്നവനാണ് ഒരു യഥാർത്ഥ ബഹായി”.

കർണാടകത്തിലെയും കേരളത്തിലെയും ബഹായികളുടെ മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടിയ വി.ടി.വി. (ഈ ത്രയാക്ഷരങ്ങൾ തന്നെയാണ് അവരുടെ വിളിപ്പേരും)യെ സ്വാഭാവികമായും ഈ ചോദ്യവും ഉത്തരവും പ്രചോദിപ്പിച്ചിട്ടുണ്ടായിരിക്കും. ജീവകാരുണ്യപ്രവർത്തനങ്ങൾ ചെയ്യാൻ അനുകൂല സാഹചര്യമൊരുക്കിയത് പ്രവാസ ജീവിതമാണെന്നത് ഒരു നിയോഗം കൂടിയായിരിക്കാം. മെച്ചപ്പെട്ട തൊഴിലും ജീവിത സാഹചര്യങ്ങളും ആഗ്രഹിച്ച് കടൽ കടന്നപ്പോൾ, അവിടെ അനിശ്ചിതമായി തുടർന്നപ്പോൾ, അദ്ദേഹത്തിന്റെ പല സുഹൃത്തുക്കൾക്കും അത്ര പെട്ടെന്ന് അത് ഉൾക്കൊള്ളാനായിട്ടുണ്ടാവില്ല. പക്ഷേ, വി.ടി.വിയുടെ ഹൃദയത്തിൽ ഒളിഞ്ഞിരുന്ന മനുഷ്യസ്നേഹവും, സാമൂഹിക ക്ഷേമ തൽപരതയും, എന്തിനധികം, സർഗവാസനകൾ പോലും പരിപോഷിപ്പിക്കാനുള്ള വളക്കൂറുള്ള മണ്ണ് അദ്ദേഹം കണ്ടെത്തിയത് പ്രധാനമായും ഗൾഫിൽ തന്നെയാണ്.

> പ്രവാസജീവിതത്തിന്റെ കാൽനൂറ്റാണ്ട് തികയാനിരിക്കെ, ഒരുപക്ഷേ, നാട്ടിൽ നിന്നു ലഭിക്കാതിരുന്ന പേരും പെരുമയും അന്യരാജ്യത്ത് ലഭിക്കാൻ ഇടയാക്കിയത് അദ്ദേഹം മുറുകെപ്പിടിച്ച ആത്മീയമനോഭാവം തന്നെയാണെന്നതിൽ സംശയമില്ല. ആ വിശ്വാസത്തിന്റെ സ്ഫുടം ചെയ്തെടുത്ത കർമ്മസരണി അദ്ദേഹം സ്വയം തെരഞ്ഞെടുക്കുകയും, ജീവിതത്തിന്റെ അവിഭാജ്യ ഘടകമാക്കി മാറ്റുകയും ചെയ്തു.

# VTV

പ്രവാസ ജീവിതത്തിന്റെ കാൽനൂറ്റാണ്ട് തികയാനിരിക്കെ, ഒരുപക്ഷേ, നാട്ടിൽ നിന്നു ലഭിക്കാതിരുന്ന പേരും പെരുമയും അന്യരാജ്യത്ത് ലഭിക്കാൻ ഇടയാക്കിയത് അദ്ദേഹം മുറുകെപ്പിടിച്ച ആത്മീയമനോഭാവം തന്നെയാണെന്നതിൽ സംശയമില്ല. ആ വിശ്വാസത്തിന്റെ സ്ഫുടം ചെയ്തെടുത്ത കർമ്മസരണി അദ്ദേഹം സ്വയം തെരഞ്ഞെടുക്കുകയും, ജീവിതത്തിന്റെ അവിഭാജ്യ ഘടകമാക്കി മാറ്റുകയും ചെയ്തു. ബഹായി ധർമ്മത്തിന്റെ 'താരപ്രചാരകരിൽ' ഒരാളായി ദീർഘകാലം ദക്ഷിണ കന്നഡയിലും ഉത്തര കേരളത്തിലും അദ്ദേഹം വിശ്വാസികളുടെ ഹൃദയം കവർന്നു. ജനങ്ങളുടെ ഇടയിൽ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും സന്ദേശമെത്തിച്ചു. ഈശ്വരവിശ്വാസത്തിന്റെയും മതത്തിന്റെയും ശരിയായ അർത്ഥം അവരെ പഠിപ്പിക്കാൻ ശ്രമിച്ചു. ഒരു കൂട്ടം നല്ല ആശയങ്ങൾ സ്വീകരിക്കുക മാത്രമല്ല, ബഹായി ആവുന്നതിലൂടെ ചെയ്യുന്നതെന്നും, ബഹായി ധർമ്മത്തിന്റെ പ്രബോധനങ്ങൾക്കനുസൃതമായി വ്യക്തിജീവിതം നയിക്കാനും സ്ഥാപനങ്ങൾ ചിട്ടപ്പെടുത്താനും സമൂഹങ്ങൾ കെട്ടിപ്പടുക്കാനുമുള്ള ബാധ്യത തനിക്കുണ്ടെന്നും അദ്ദേഹം തിരിച്ചറിഞ്ഞു. പയ്യന്നൂർ, കണ്ണൂർ ബഹായി പ്രാദേശിക ആത്മീയ സഭകൾ, ജില്ലാ പ്രചരണ സമിതി, സംസ്ഥാന പ്രചരണ സമിതി, സംസ്ഥാന ബഹായി കൗൺസിൽ എന്നീ വേദികളിലെല്ലാം അദ്ദേഹം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിരുന്നു. ഒടുവിൽ ആക്സിലറിബോർഡ് മെമ്പറായി നിയമിതനായ അദ്ദേഹം ആ ചുമതല എട്ടുവർഷത്തിലധികം നിർവ്വഹിച്ചു. ആ കാലയളവിൽ കേരളത്തിൽ ഉണ്ടായ എല്ലാ പ്രവർത്തന വിജയങ്ങളിലും അദ്ദേഹത്തിന്റെ കയ്യൊപ്പ് കാണാൻ കഴിയും.

ഏതാണ്ട് ഇരുപത് വർഷക്കാലം (അദ്ദേഹം 1994ൽ ഗൾഫിൽ പോകുന്നതുവരെ) സംസ്ഥാനത്ത് ഞങ്ങളിരുവരും സജീവമായി കർമ്മരംഗത്തുണ്ടായിരുന്നു. ധർമ്മ സേവനമെന്നത് പേരും പ്രശസ്തിയും സ്ഥാനവും പദവിയും പണവും ഉണ്ടാക്കുന്നതല്ലെന്നും, കറകളഞ്ഞ മാനവസേവയാണതെന്നും, അവിടെ മത്സരത്തിനോ കാലുഷ്യത്തിനോ സ്വാർത്ഥതയ്ക്കോ സ്ഥാനമില്ലെന്നും ആ കാലഘട്ടം ഞങ്ങളെ പഠിപ്പിച്ചു. കേരളത്തിലെ നിരവധി ഗ്രാമങ്ങളിലും നഗരങ്ങളിലും സന്ദേശമെത്തിക്കാനും, ജനങ്ങളെ ബോധവത്ക്കരിക്കാനും, വിശ്വാസികളെ ഏകോപിപ്പിക്കാനും, അവരുടെ ഇടയിലെ ചെറിയ ചെറിയ സൗന്ദര്യപ്പിണക്കങ്ങൾ തീർക്കാനും, പ്രവർത്തകർക്കുള്ള പഠനക്ലാസ്സുകൾ നയിക്കാനും, അവരുടെ സുഖ-ദു:ഖങ്ങളിൽ പങ്കുചേരാനും ഞങ്ങളെത്തി. ഒന്നിച്ചുള്ള ഒട്ടേറെ യാത്രകൾ എന്നും ഓർമ്മയിൽ തങ്ങിനിൽക്കുന്നവയാണ്. വൈപ്പിൻ ദ്വീപും, വയനാടും, താനൂരും, തിരൂരും, കാസർഗോഡും, ഇടുക്കിയും, പാലക്കാടുമെല്ലാം ഞങ്ങൾക്ക് ഒരുപോലെ പരിചിത പ്രദേശങ്ങളായി. വാരാന്ത്യസായാഹ്നങ്ങളിൽ ഓഫീസിൽ നിന്ന് നേരെ റെയിൽവെ സ്റ്റേഷനിലേക്കോ ബസ്സ്റ്റാൻഡിലേക്കോ ആയിരുന്നു പലപ്പോഴും യാത്ര. ജനറൽ കമ്പാർട്ട്മെന്റിൽ ഇരുന്നും നിന്നുമുള്ള ദീർഘയാത്രകൾ. രാത്രിയുടെ വിജനതയിൽ ബസ്സ്റ്റാന്റുകളിൽ മണിക്കൂറോളമുള്ള ബസ് കാത്തിരിപ്പ്. പണത്തിനും വലിയ പഞ്ഞം. ചിലപ്പോഴൊക്കെ കാശില്ലാത്തതിനാൽ പട്ടിണിയും കിടന്നു. എങ്കിലും, എന്റെ കാര്യങ്ങൾക്ക് അദ്ദേഹം എപ്പോഴും മുൻഗണന നൽകി. 1991-92 കാലത്ത് കാഞ്ഞങ്ങാട്ടു മുതൽ തിരുവനന്തപുരം വരെ സംഘടിപ്പിച്ച 'ഏകത്വ സന്ദേശ യാത്ര', അതിൽ പങ്കെടുത്ത മറ്റുള്ളവരെപ്പോലെ, ഞങ്ങൾക്കും വലിയൊരു അനുഭവപാഠമായിരുന്നു.

**ബഹായി ധർമ്മത്തെ ഒരു ഘട്ടത്തിലും ജീവിതത്തിൽ നിന്ന് മാറ്റി നിർത്താതിരിക്കാനുള്ള ജാഗ്രത വി.ടി.വി.എപ്പോഴും പുലർത്തി. അദ്ദേഹത്തിൽ ഇന്ന് കാണുന്ന ഏത് നല്ല ഗുണവും കഴിവുമെടുത്താലും അതിന്റെ അടിവേര് ചെന്നെത്തുക അദ്ദേഹത്തെ പൊതുപ്രവർത്തകനാക്കി മാറ്റിയ ബഹായി സമൂഹത്തിൽ തന്നെ ആയിരിക്കും.**

ബഹായി ധർമ്മത്തെ ഒരു ഘട്ടത്തിലും ജീവിതത്തിൽ നിന്ന് മാറ്റിനിർത്താതിരിക്കാനുള്ള ജാഗ്രത വി.ടി.വി. എപ്പോഴും പുലർത്തി. അദ്ദേഹത്തിൽ ഇന്ന് കാണുന്ന ഏത് നല്ല ഗുണവും കഴിവുമെടുത്താലും അതിന്റെ അടിവേര് ചെന്നെത്തുക അദ്ദേഹത്തെ പൊതുപ്രവർത്തകനാക്കി മാറ്റിയ ബഹായി സമൂഹത്തിൽ തന്നെ ആയിരിക്കും. എഴുതാനും, പ്രസംഗിക്കാനും, സംഘടിപ്പിക്കാനും, ക്ലാസെടുക്കാനും, ആടാനും പാടാനുമുള്ള കഴിവ് അദ്ദേഹം സ്വായത്തമാക്കിയതും ബഹായി ജീവിതത്തിലൂടെ തന്നെയാണ്. മലയാളത്തിലും കന്നഡയിലും ബഹായി ചരിത്രവും ആദർശവും അടങ്ങുന്ന വഞ്ചിപ്പാട്ടുകളും കവിതകളും ഗാനങ്ങളും രചിക്കാൻ അദ്ദേഹത്തിന് സാധിച്ചു.

പ്രവാസജീവിതത്തിലും വി.ടി.വിക്ക് വഴികാട്ടിയായത് രണ്ടുപതിറ്റാണ്ടുകാലത്തെ ബഹായി ജീവിതം നൽകിയ അറിവും അനുഭവവുമായിരിക്കും. ഉദാത്തമായ മനുഷ്യസ്നേഹമാണ് ബഹായി ധർമ്മത്തിന്റെ മുഖമുദ്ര. “നിങ്ങൾ ഒരാൾ മറ്റൊരാളോട് സ്നേഹം കാട്ടുവാനാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അല്ലാതെ ദുഷ്ടതയും ശത്രുതയും കാട്ടുവാനല്ല” എന്ന ബഹാഉള്ളയുടെ വചനം തന്നെയാണ് അദ്ദേഹത്തിന്റെ ജീവിതകാഴ്ചപ്പാട്. “നിങ്ങളുടെ മേൽ വെക്കപ്പെടാൻ ഇഷ്ടപ്പെടാത്ത ഒരു ഭാരം നിങ്ങൾ വേറെ ഒരാളിലും വെക്കരുത്” എന്ന വചനം നൽകിയ മുന്നറിയിപ്പ് അദ്ദേഹത്തിന് അവഗണിക്കാനായില്ല. “തന്നെപ്പോലെതന്നെ മറ്റുള്ളവരെയും പരിഗണിക്കണ”മെന്ന ബാലപാഠം അദ്ദേഹം വിസ്മരിച്ചതുമില്ല.

വി.ടി.വി.ദാമോദരന് പാവപ്പെട്ടവരോട് തോന്നാറുള്ള കാരുണ്യവും അദ്ദേഹത്തിന്റെ വിശ്വാസവുമായി ബന്ധപ്പെട്ടതാണ്. “ഞാൻ സൂക്ഷിക്കാൻ ഏൽപിച്ചവരാണ് നിങ്ങളുടെ നടുവിലുള്ള പാവപ്പെട്ടവർ” എന്ന ദിവ്യവചനത്തിന്റെ അർഥം മനസ്സിലാക്കുന്ന ഏതൊരു വിശ്വാസിക്കും ‘ദരിദ്രരുടെ മുന്നി ൽനിന്ന് ഓടിക്കളയാൻ’ ആവില്ല.

സുഹൃത്തുക്കളെ കണ്ടെത്താനും ആ സൗഹൃദം നിലനിർത്താനും ദാമോദരനുള്ള കഴിവ് വളരെ വലുതാണ്. നിഷ്കളങ്കമായ ചിരിയിലൂടെയും മാന്യമായ പെരുമാറ്റത്തിലൂടെയും സുതാര്യമായ ഇടപാടുകളിലൂടെയും അദ്ദേഹം വളരെവേഗം അവരുടെ മനസ്സിൽ കൂടുകെട്ടും; വീടുകളിലെ അംഗമായി മാറും. ഔദ്യോഗിക ജീവിതത്തിൽ വിട്ടുവീഴ്ച കാണിക്കാത്ത പ്രൊഫഷണലിസവും സത്യസന്ധതയും കഠിനാധ്വാനവും അദ്ദേഹത്തെ ജോലി ചെയ്തിടത്തെല്ലാം മാനേജുമെന്റുകളുടെ വിശ്വസ്തനാക്കി; സഹപ്രവർത്തകർക്ക് പ്രിയങ്കരനും. വീടും കുടുംബവും ജോലിയും മറക്കാതെ പൊതുപ്രവർത്തനം സാധ്യമാണെന്ന് അദ്ദേഹം തെളിയിച്ചു.

അടുത്തകാലത്ത് വി.ടി.വിയെ ശ്രദ്ധാകേന്ദ്രമാക്കിയത് മഹാത്മജിയുടെ അർധകായ പ്രതിമയും, ഇന്ത്യൻ ദേശീയതയുടെ പ്രതീകമായ ചർക്കയും നൂലും അബുദാബിയിലെത്തിക്കുകയും അവിടെ വളരെ മാന്യമായി പ്രതിഷ്ഠിക്കുകയും ചെയ്തതിനാലായിരുന്നു. സ്വാതന്ത്ര്യസമരത്തിന്റെയും ദേശീയ ബോധത്തിന്റെയും ചരിത്രം ത്രസിക്കുന്ന ഒരു പ്രദേശത്തിന്റെ പൈതൃകം പേറുന്നതിൽ അഭിമാനിക്കുന്ന വി.ടി.വിയെ ഗാന്ധിജിയുടെ ജീവിതം സ്വാധീനിക്കുന്നതിൽ തെല്ലും അത്ഭുതമില്ല. അദ്ദേഹത്തിന്റെ ബഹായി പശ്ചാത്തലം അതിനെ സ്വാഭാവികമായും ദൃഢപ്പെടുത്തും. രക്തസാക്ഷിത്വം വരിക്കുന്നതിന് ഏതാനും വർഷങ്ങൾക്കുമുമ്പ് (1944 മെയ് 23) ബഹായി ധർമ്മത്തിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച് അഭിപ്രായം ആരാഞ്ഞ ‘ബോംബെ ക്രോണിക്ക്ൾ’ ലേഖകനോട് രാഷ്ട്രപിതാവ് പറഞ്ഞത് ഇങ്ങനെ: “ബഹായി ധർമ്മം മാനവരാശിയ്ക്കൊരു സാന്ത്വനമാണ്.” വി.ടി.വി.ദാമോദരനെ പോലെയുള്ളവരിലൂടെ പല രീതിയിൽ ആ സാന്ത്വന സ്പർശം ലോകമെങ്ങും ജനങ്ങൾ അറിയുന്നു – ജാതിയുടെയും, മതത്തിന്റെയും, ഭാഷയുടെയും, ദേശത്തിന്റെയും മതിലുകളെ സൗഹൃദത്തിന്റെ ചവിട്ടുപടികളാക്കി മാറ്റിക്കൊണ്ട്, ഇരുട്ടിൽ നടക്കുന്നവർക്കു വെളിച്ചവും, ദു:ഖിതർക്ക് സന്തോഷവും, ദാഹിക്കുന്നവർക്ക് ശുദ്ധജല തടാകവും അപരിചിതന് ഒരഭയസ്ഥാനവും, ക്ലേശിക്കുന്നവർക്ക് ഒരു ശമനൗഷധവും അഗതികൾക്ക് ശക്തിഗോപുരവും അന്ധരായവർക്ക് കാഴ്ചാശക്തിയുമാകാനാണ് വി.ടി.വി. ദാമോദരൻ നെഞ്ചേറ്റിയ പ്രസ്ഥാനവും ആദർശങ്ങളും അദ്ദേഹത്തോട് പറയുന്നത്. വി.ടി.വി. ആകാൻ ശ്രമിക്കുന്നതും അങ്ങനെത്തന്നെയാണ്





# ഇങ്ങനെയും ഒരു മനുഷ്യൻ

നസീർ രാമന്തളി



മൃതി അവസാന വാക്കുരക്കുന്ന
നശ്വര ജീവിതത്തിൽ ഒരാൾ അനശ്വരത
തേടുന്നത് താൻ ഇട്ടേച്ചു പോയ സത്കർമ്മങ്ങളുടെ
പേരിലാണെങ്കിൽ ഈ ജന്മം
എന്നേ പൂർണ്ണതയെ പുല്കിയിരിക്കുന്നു.
എന്നിട്ടും വെള്ളത്തിനടിയിൽ ശ്വാസത്തിനെന്ന പോലെ
ഉള്ളം വേദനിക്കുന്നവരെ തേടി
വിസ്മയിപ്പിക്കുകയല്ലേ ഈ മനുഷ്യൻ.

ആകാശ നീലിമയിൽ നിന്നും
അടർന്നു വീണ ചോതോ
ഹരമായ ഒരു രാത്രിനക്ഷത്ര
ത്തെപ്പോലെ അതിരുകളില്ലാത്ത പ്രകാശം പൊ
ഴിക്കുന്ന സൈതകഭൂമിയെന്ന് മക്കയിലേക്കുള്ള
പാത എന്ന തന്റെ വിഖ്യാത ഗ്രന്ഥത്തിലൊരിടത്ത്
മുഹമ്മദ് അസദ് അറേബ്യയെ വർണ്ണിക്കുന്നുണ്ട്.

ഉദാത്ത ആതിഥേയത്വത്തിനു പേര് കേട്ട,
വിശേഷണങ്ങൾക്കതീതമായ ഈ പ്രവാസ ഭൂമി
കയിൽ അതിരുകളില്ലാത്ത മനുഷ്യസ്നേഹത്തി
ന്റെയും സാഹോദര്യത്തി
ന്റെയും വെളിച്ചം വിതറുന്ന
ഉദാരതയുടെ സ്നേഹ
സൂര്യനാണ് ഞാനറിയുന്ന
വി.ടി.വി ദാമോദരേട്ടൻ.

ഒരു ലേഖനത്തിന്റെ
ഘടനാപരമായ രീതിക
ളിൽ നിന്നും മാറി ഏട്ടൻ
എന്ന ബഹുമാനാദരവുകൾ
അർപ്പിച്ചുകൊണ്ട് മുൻകാല
ങ്ങളിൽ പലപ്പോഴും കുറി
ച്ചിട്ട വാക്കുകൾ വിനയ
പുരസ്സരം ഇവിടെയും
ആവർത്തിക്കട്ടെ.
പതിറ്റാണ്ടിലേറെ കാല
മായി അനുഭവിച്ചറിയുന്ന
സ്നേഹസാന്ത്വനത്തിന്റെ
ഈ ഹിമവൽസ്പർശത്തെ
പേരെടുത്തു വിളിക്കുക
എന്നെപ്പോലൊരാൾക്ക്
സാധ്യമല്ല തന്നെ.

ധനസമ്പാദനം
ഉൾപ്പെടെയുള്ള പ്രതീക്ഷ
കളുമായി പ്രവാസം തിര
ഞ്ഞെടുക്കുന്നവരിൽ





പലരും ലക്ഷ്യപൂർത്തീ
കരണത്തിൽ ചെന്നെ
ത്താറില്ലെങ്കിലും പ്രവാ
സലോകത്ത് ഉറപ്പായും
ലഭിക്കുന്ന സമ്പാദ്യമാണ്
സൗഹൃദബന്ധങ്ങൾ.
ഭാഷയും ദേശവും ജാതി
മതചിന്തകളും അതിര്
ഭേദിച്ച് രക്തബന്ധങ്ങളെ
പോലും തോൽപിച്ചു
നിർത്തുന്ന സ്നേഹബ
ന്ധങ്ങളുടെ എണ്ണമറ്റ
അടയാളങ്ങൾ ഈ മരു
പ്പരപ്പിൽ നിത്യ കാഴ്ച
കളാണ്. വലിയൊരു
വിഭാഗം പ്രവാസികൾ
അത്തരത്തിൽ ഇടനെ
ഞ്ചോട് ചേർത്തുവെച്ച
സ്നേഹ സുഭഗമാണ്
വി.ടി.വി ദാമോദരട്ടനെന്ന് പറഞ്ഞാൽ
ആ ജീവിതത്തെ കണ്ടറിഞ്ഞവർക്ക്
അതിൽ അതിശയോക്തി കാണാനാ
വില്ല.

നശ്വരമായ ലോകത്ത് ക്ഷണി
കമായൊരു ജീവിതത്തിൽ സ്വന്തത്തി
നായി മാത്രം നിലകൊള്ളുന്നവർ
ഏറിവരുമ്പോൾ അതിൽ നിന്നും



വലതുകൈ കൊണ്ട് കൊടുക്കുന്നത് ഇടതു കൈ അറിയരുതെന്ന നിർബന്ധം പുലർത്തിയ വി.ടി.വി.യിലെ നിഷ്കാമ കർമ്മി വ്യക്തിപരമായി ചെയ്തുതീർത്ത എത്രയോ കാരുണ്യത്തിന്റെ കഥകൾ പലരും വികാരപരമായി പങ്കുവെച്ചിട്ടുണ്ട്.








വഴിമാറി നടന്ന് സാന്ത്വനം തേടുന്ന മനസ്സുകളിൽ സമാശ്വാസത്തിന്റെ വെളിച്ചം വിതറിയ എത്രയോ കാഴ്ചകൾ ഈ മനുഷ്യന്റേതായി നമുക്ക് കാണാനാകും. ഒരു സമൂഹത്തിന്റെ ചിന്തക ളെയും കർമ്മങ്ങളെയും വഴി തിരിച്ചുവിടാൻ പ്രേരിപ്പിക്കുന്ന വിധം ഈ പ്രവാസഭൂമികയുടെ ഉള്ളിടങ്ങളിൽ കാരുണ്യത്തിന്റെ മായാത്ത എന്തെന്തു കാഴ്ചകളാണ് ഈ മനുഷ്യൻ പണി കഴിപ്പിച്ചിരിക്കുന്നത്, പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട്.

മരുപ്പട്ടിന്റെ വിജനതയിൽ നിരാശ്രയരായി തീരുന്ന തൊഴിലന്വേഷകരിൽ തുടങ്ങി നിയമക്കുരുക്കകളിൽപ്പെട്ടു ബുദ്ധിമുട്ടുന്നവർ, നാട്ടിലേക്ക് മടങ്ങാൻ പ്രയാസങ്ങൾ അനുഭവിക്കുന്ന നിരാലംബർ, രോഗികൾ, മൃതദേഹങ്ങൾ നാട്ടിലെത്തിക്കാൻ പാടുപെടുന്ന ബന്ധുജനങ്ങൾ എന്നിവരോടൊപ്പമായിരുന്നു അദ്ദേഹം. താൻ പ്രതിനിധാനം ചെയ്തുപോരുന്ന പയ്യന്നൂർ സൗഹൃദവേദി, ഗിവ് എ ഹാൻഡ്, ഗാന്ധി സാഹിത്യവേദി എന്നീ സംഘടനകളിലൂടെയും പ്രവാസലോകത്തുള്ള മറ്റു പല സംഘടനകളുമായി പുലർത്തിപ്പോരുന്ന ഊഷ്മളമായ ബന്ധങ്ങളിലൂടെയും വി.ടി.വി ചെയ്തുപോരുന്ന കാരുണ്യപ്രവർത്തനങ്ങളെ അക്കമിട്ടെഴുതിയാൽ അതൊരു പുസ്തകത്തോളം വ്യാപ്തിയുണ്ടാകും.

വലതുകൈ കൊണ്ട് കൊടുക്കുന്നത് ഇടതുകൈ അറിയരുതെന്ന നിർബന്ധം പുലർത്തിയ വി.ടി.വിയിലെ നിഷ്കാമകർമ്മി വ്യക്തിപരമായി ചെയ്തുതീർത്ത എത്രയോ കാരുണ്യത്തിന്റെ കഥകൾ പലരും വികാരപരമായി പങ്കുവെച്ചിട്ടുണ്ട്. വ്യക്തിപരമായി അനുഭവിച്ചറിഞ്ഞിട്ടുണ്ട്.



ഇങ്ങനെയും ഒരു മനുഷ്യൻ


പ്രവാസലോകത്ത് പരീക്ഷണങ്ങളുടെ പ്രദക്ഷിണ വഴികളിൽ തളർന്നു പോകുന്നവർക്ക് മുമ്പിൽ സാമ്പത്തികമായി മാത്രമല്ല മാനസികമായ കരുത്തും കരുതലും നൽകി ആത്മവിശ്വാസത്തിന്റെ ഉത്തേജനം കുത്തിവെച്ച് എത്രയോ മനുഷ്യരെ ജീവിതത്തിലേക്ക് തിരികെ കൊണ്ട് വന്ന വി.ടി.വിയിൽ നിന്നും പഠിക്കാൻ പാഠങ്ങളേറെയുണ്ട്. ഭാവിക്കു മുന്നിലെ അന്ധതയാണ് നിരാശയെന്ന് പേർത്തും പേർത്തും പ്രവാസി വേദികളിൽ ഉണർത്തുകയും വേദനിക്കുന്നവരോട് മുള്ളുകൾ ഇല്ലാത്ത ഒരു ചെമ്പനീർ പൂ ചെടി കാണിച്ചു തരുമോയെന്നു ചോദിച്ചു അവരുടെ മസ്തിഷ്കങ്ങളിൽ പ്രതീക്ഷകളുടെ പ്രകമ്പനം തീർത്ത പ്രഭാഷകനുമാണ് അദ്ദേഹം.

ലോകത്തെവിടെ ആയാലും കൂട്ടായ്മകളിലൂടെ പ്രവർത്തന പന്ഥാവുകളെ ധന്യമാക്കുന്നവരാണ് മലയാളികളെങ്കിലും വ്യക്തമായ രാഷ്ട്രീയ നിലപാടുകളോ പ്രാദേശിക തല്പരതയോ അതല്ലെങ്കിൽ ജാതിമത ആഭിമുഖ്യമോ പുലർത്തി രൂപം കൊള്ളുന്നവയാണ് അതിലേറെയും. എന്നാൽ മറ്റു പല സാമൂഹികപ്രവർത്തകരിൽ നിന്നും വിഭിന്നമായി ജാതി മത രാഷ്ട്രീയഭേദമന്യേ യു.എ.ഇയിലെ പൊതുവേദികളിലെല്ലാം സമ്മതനായ സാന്നിധ്യമായി പരിലസിച്ച് തങ്ങളോരോരുത്തരുടേയും ഉറ്റ ബന്ധുവാണെന്ന് തോന്നിപ്പിക്കാൻ എങ്ങനെ ഈ മനുഷ്യന് സാധിക്കുന്നു എന്നത് ചിന്തനീയമാണ്.

പരിമിതമായ വെക്കേഷൻ കാലങ്ങളിൽ നാട്ടിലെത്തിയാൽ തിരക്കുകൾക്കിടയിലും വിധിയുടെ നിലവിളിപ്പാടങ്ങളിൽ മാനസിക-ശാരീരിക വൈകല്യങ്ങളാൽ ഒറ്റപ്പെട്ടുപോയ നിഷ്കളങ്ക ബാല്യങ്ങളുടെ പുഞ്ചിരിപ്പൂന്തോപ്പായ എം.ആർ.സി.എച്ചിലേക്ക് ഓടിയെത്തി അകളങ്കിതരായ അപക്വ ബാല്യങ്ങളോടൊപ്പം

A person's most useful asset is not a head full of knowledge, but a heart full of love, and ear ready to listen, and a hand willing

# to help others



ഇങ്ങനെയും ഒരു മനുഷ്യൻ

കളി ചിരിയുമായി സ്വയം മറക്കുന്ന വി.ടി.വി പലപ്പോഴും കണ്ണ് നനയുന്ന കാഴ്ച ആയിരുന്നു. വീട്ടുകാർ കയ്യൊഴിഞ്ഞ നിരാലംബരുടെ അഭയകേന്ദ്രമായ എരമത്തെ അഞ്ജലി നികേതനിൽ കണ്ടിരുന്നതും മറ്റൊന്നല്ല.

മൃതി അവസാന വാക്കുരക്കുന്ന നശ്വര ജീവിതത്തിൽ ഒരാൾ അനശ്വരത തേടുന്നത് താൻ ഇട്ടേച്ചു പോയ സത്കർമ്മങ്ങളുടെ പേരിലാണെങ്കിൽ ഈ ജന്മം എന്നേ പൂർണ്ണതയെ പുൽകിയിരിക്കുന്നു. എന്നിട്ടും വെള്ളത്തിനടിയിൽ ശ്വാസത്തിനെന്ന പോലെ ഉള്ളം വേദനിക്കുന്നവരെ തേടി വിസ്മയിപ്പിക്കുകയല്ലേ ഈ മനുഷ്യൻ.

ഒന്നര പതിറ്റാണ്ടുകൾക്കപ്പുറത്ത് അബുദാബി ഇൻഡ്യാ സോഷ്യൽ സെന്ററിൽ സംഘടിപ്പിക്കപ്പെട്ട പയ്യന്നൂർ സൗഹൃദ വേദിയുടെ പരിപാടിയിലേക്ക് കരപ്പാത്ത് ഉസ്മാൻ സാഹിബാണ് ആദ്യമായെന്നെ കൂട്ടിക്കൊണ്ടുപോയത്. പയ്യന്നൂരിലും പരിസരപ്രദേശങ്ങളിലുമുള്ള ഒട്ടേറെ നല്ല മനസ്സുകളെ പരിചയപ്പെടാൻ ഭാഗ്യമുണ്ടായ ആ പരിപാടിയിൽ വെച്ച് പയ്യന്നൂരിന്റെ തനത് കലാരൂപമായ പയ്യന്നൂർ കോൽക്കളി യു.എ.ഇയിൽ പ്രചരിപ്പിക്കുന്ന ഒരു കോൽക്കളി കലാകാരനായിട്ടായിരുന്നു ദാമോദരേട്ടനെ പരിചയപ്പെടുന്നത്. എങ്കിലും അകളങ്കിതമായ പുഞ്ചിരിയും



സൗമ്യം തുളുമ്പുന്ന പെരുമാറ്റവുമായി ചിരപരിചിതനോടെന്ന പോലെ പെരുമാറുന്ന, ആരെയും ആകർഷിക്കുന്ന ആ സ്വഭാവ വൈശിഷ്ട്യം എന്റെ മനസ്സിലും വേഗം പതിഞ്ഞു.

പിന്നീട് 2006 മെയ് മാസം ബി.ജ്യോതിലാലിന്റെ നേതൃത്വത്തിൽ പയ്യന്നൂർ ഡോട്ട്കോം ഷാർജയിൽ നടത്തിയ പ്രൗഢമായ ഒരു ചടങ്ങിൽ വെച്ചാണ് കലാസ്നേഹിക്കുമപ്പുറം വി.ടി.വിയിൽ അനുഗ്രഹീതമായ ഒരു കവിഹൃദയം ഉണ്ടെന്നറിയുന്നത്.

ഉത്തരകേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ പയ്യന്നൂരിന്റെ അതീതകാലം തൊട്ടുള്ള ഔന്നത്യമാർന്ന ചരിത്രപാരമ്പര്യങ്ങളെ, അനന്യമായിക്കൊണ്ടിരിക്കുന്ന കോതാമൂരിപ്പാട്ടും ക്ഷേത്രപാത്രവും വിശ്വപ്രസിദ്ധമായ പയ്യന്നൂർ പവിത്രമോതിരവും കലകളും, ജ്യോതി-തച്ചു ശാസ്ത്ര വിദ്വാന്മാരും സ്വാതന്ത്ര്യസമരവീരസേനാനികളും ഉൾക്കൊള്ളുന്ന പയ്യന്റെ ഊരിൻ പെരുമയെ കാവ്യാത്മകതയുടെ സർവ്വ സൗന്ദര്യവും ചാലിച്ച് കാണിച്ച 'എന്റെ പയ്യന്നൂരെന്ന' കവിതയിലൂടെ അക്ഷരസ്നേഹികളായ ഞാനടക്കമുള്ള പയ്യന്നൂർക്കാരുടെയെല്ലാം ഹൃദയത്തേരിലേറുകയായിരുന്നു വി.ടി.വി.

പയ്യന്നൂർ കോൽക്കളിപ്പാട്ടിനൊപ്പം യു.എ.ഇയുടെ ചരിത്രത്തിന്റെ ഈടുറ്റ ഏടുകൾ കൂട്ടിച്ചേർത്ത് "സൈകതത്തിൽ സ്വർഗം തീർത്ത മന്നവൻ മഹോന്നതൻ ഷെയ്ഖ് സായിദ് ഒരിക്കലും മരിക്കില്ല ഞങ്ങളിൽ" എന്ന് തുടങ്ങി മഹാനായ യു.എ.ഇയുടെ ഭരണാധികാരി ഷെയ്ക് സായിദിനെ പ്രവാസലോകത്താക



The best way to find yourself is to lose yourself in the service of others

**അകളങ്കിതമായ പുഞ്ചിരിയും സൗമ്യം തുളുമ്പുന്ന പെരുമാറ്റവു മായി ചിരപരിചിതനോ ടെന്ന പോലെ പെരുമാറുന്ന ആരെയും ആകർഷിക്കുന്ന ആ സ്വഭാവ വൈശിഷ്ട്യം എന്റെ മനസ്സിലും വേഗം പതിഞ്ഞു.**

മാനം പ്രകാശമാനമാക്കിയ വി.ടി.വി യുടെ പ്രതിഭാവിലാസം ഒന്നു വേറെ തന്നെ.

പ്രശസ്ത കോൽക്കളി ആചാര്യനും കേരളാ ഫോക്ക്ലോർ പുരസ്കാര ജേതാവുമായ മഹാനാ യ തന്റെ പിതാവ് കെ.യു.രാമപ്പൊ തുവാളിനെ പോലെ പ്രസ്തുത പു രസ്കാരം വി.ടി.വിയെയും തേടിയെ ത്തിയപ്പോൾ പിതാവിനും പുത്രനും ലഭിക്കുന്ന പുരസ്കാരമെന്ന അപൂർവ്വത വി.ടി.വി. ക്ക് സ്വന്തമായി. തുടർന്ന് കലാ സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളുടെ നാൾവഴികളിൽ പ്രഥമ ഗാന്ധിഗ്രാം പുരസ്കാരം, അക്ഷയ ദേശീയ പുരസ്കാരം, കലാനികേതൻ അവാർഡ്, മലയാള ഭാഷാ പാഠാശാല പുരസ്കാരം, വേൾഡ് മലയാളി കൗൺസിലിന്റെ സാമൂഹ്യ പ്രവർത്തന ഗ്ലോബൽ അവാർഡ്, കണ്ണൂർ എസ്.എൻ.കോ ളേജ് അലുമ്നിയുടെ പട്ടും വളയും, ഇന്ത്യ സോഷ്യൽ & കൾച്ചറൽ സെന്റർ അബുദാബിയുടെ മാസ്റ്റർ ഓഫ് ഫോക്ക്ലോർ അവാർഡ്, പയ്യന്നൂർ മിഡ്ടൗൺ റോട്ടറി അവാ ർഡ് തുടങ്ങിയ ഒട്ടേറെ ആദരങ്ങൾ ഈ മനുഷ്യസ്നേഹിയെ തേടിയെ ത്തി. അപ്പോഴേക്കും കവിതയുടെ ലോകത്തും വി.ടി.വി. തന്റേതായ ഒരിടം കണ്ടെത്തിക്കഴിഞ്ഞിരുന്നു.

മരുഭൂമിയുടെ ഊഷരത യിൽ അത്ഭുതകരമായ ഇച്ഛാശക്തി യും ദീർഘവീക്ഷണവും കൊണ്ട് സമ്പന്നവും സുശക്തവുമായ ഒരു രാഷ്ട്രം കെട്ടിപ്പടുക്കുകയും മാനവിക തയുടെ മനോമുകുരങ്ങളിൽ അമരസ്മ രണകളായി ജ്വലിച്ചു നിൽക്കുകയും ചെയ്യുന്ന യു.എ.ഇയുടെ രാഷ്ട്ര പിതാവ് ഹിസ് ഹൈനസ് ഷെയ്ഖ് സായിദിനെ കുറിച്ചും പെറ്റ നാടി നോടെന്ന പോലെ അന്നം തരുന്ന നാടിന്റെ സാംസ്കാരിക ഗരിമയെക്കുറിച്ചും പത്തോളം അനുപമ സുന്ദരമായ കവിതകളെ ഴുതി വി.ടി.വി. അറബ് ലോകത്തും ശ്രദ്ധേയ നായി. പ്രസ്തുത കവിതകൾ അറബ്ഭാഷ കളിലടക്കം വിവർത്തനം ചെയ്യപ്പെടുകയും അബുദാബി പോലീസിന്റെ 999 ഉൾപ്പെടെ യുള്ള യു.എ.ഇയിലെ പ്രമുഖ അറബ് പ്രസി ദ്ധീകരണങ്ങളിലെല്ലാം തുടർച്ചയായി വെളിച്ചം കാണുകയും അംഗീകാരങ്ങൾ ലഭിക്കുകയും ചെയ്തു.

സാംസ്കാരികവും വാണിജ്യപരവു മായ സഹസ്രാബ്ദങ്ങളുടെ ഊഷ്മള ബന്ധം ഇന്ത്യയുമായി കാത്തുവെക്കുന്ന സൈകത ഭൂമിയുടെ കഥ പറയുന്നതോടൊപ്പം തന്റെ മഹത്തായ മാതൃരാജ്യത്തിന്റെ രാഷ്ട്രപിതാ വും തന്റെ മാർഗദർശകനുമായ മഹാത്മാ ഗാന്ധിയെക്കുറിച്ചും ധാരാളം ലേഖനങ്ങളും കവിതകളും വി.ടി.വിയുടെ തൂലികയിൽ നിന്നും പിറവിയെടുത്തു.

ഗാന്ധിജിയെ കുറിച്ചും മാനവ മൂല്യ ങ്ങളെക്കുറിച്ചും പ്രവാസലോകത്ത് ഏറ്റവും കൂടുതൽ ലേഖനമെഴുതിയ ഒരു എഴുത്തു കാരൻ മാത്രമായിരുന്നില്ല വി.ടി.വി, മറിച്ച് കരുണ വറ്റി കാലുഷ്യമേറുന്ന സമൂഹത്തിൽ ഭീഷണമായി ഗ്രസിച്ചു തുടങ്ങിയ രാഷ്ട്രീയ വർഗീയചിന്തകൾക്കെതിരെ മാനവികതയുടെ ഐക്യത്തിനായി ഗാന്ധിയൻ ആദർശങ്ങ ളെ ആയുധമാക്കി പ്രവാസലോകത്തിനു മുന്നിലേക്കിറങ്ങി വന്നൊരു പോരാളി കൂടി ആയിരുന്നു അദ്ദേഹം.

ഗാന്ധി സാഹിത്യവേദിയെന്ന തന്റെ സംഘടനയിലൂടെ ഗാന്ധിയൻ മൂല്യങ്ങൾ പ്രവാസികൾക്കിടയിൽ നിരന്തരം ചർച്ചചെയ്യു ന്നതിനും പ്രാവർത്തികമാക്കുന്നതിനും ആവ ശ്യമായതെല്ലാം ഒരുക്കൂട്ടിയ വി.ടി.വിയുടെ ജീവിതത്തിലെ അവിസ്മരണീയ മുഹൂർത്ത ങ്ങളായിരുന്നു ഒരു അറബ് ലോകത്ത് ഇദം പ്രഥമമായി ഗാന്ധിപ്രതിമയും ചർക്കയും സ്ഥാപിക്കുന്നതിനു നേതൃത്വം നൽകാനായ ത്. കാലത്തിന്റെ നീതിപോലെ അതേറ്റവും

**ഗാന്ധിജിയെ കുറിച്ചും മാനവ മൂല്യങ്ങളെക്കുറിച്ചും പ്രവാസലോകത്ത് ഏറ്റവും കൂടുതൽ ലേഖനമെഴുതിയ ഒരു എഴുത്തുകാരൻ മാത്രമായിരുന്നില്ല വി.ടി.വി, മറിച്ച് കരുണ വറ്റി കാലുഷ്യമേറുന്ന സമൂഹത്തിൽ ഭീഷണമായി ഗ്രസിച്ചു തുടങ്ങിയ രാഷ്ട്രീയ വർഗീയചിന്തകൾക്കെതിരെ മാനവികതയുടെ ഐക്യത്തിനായി ഗാന്ധിയൻ ആദർശങ്ങളെ ആയുധമാക്കി പ്രവാസലോകത്തിനു മുന്നിലേക്കിറങ്ങി വന്നൊരു പോരാളി കൂടി ആയിരുന്നു അദ്ദേഹം.**

അർഹമായ വി.ടി.വിയുടെ കരങ്ങളിലൂടെ തന്റെ ജന്മനാട്ടിൽ നിന്ന് പണി കഴിപ്പിച്ച് യു.എ.ഇയിൽ എത്തിയപ്പോൾ അതുവഴി പ്രവാസലോകത്ത് പയ്യന്നൂരിനും പെരുമയേറി.

മധ്യവേനൽ, ഓർമ്മമാത്രം, വിദൂഷകൻ തുടങ്ങിയ സിനിമകളിൽ അഭിനയിച്ചിട്ടുള്ള വി.ടി.വി എന്ന ബഹുമുഖപ്രതിഭ മധ്യവേനൽ എന്ന ചലച്ചിത്രത്തിൽ താൻ അവതരിപ്പിക്കുന്ന കഥാപാത്രം കൈക്കൂലി വാങ്ങുന്ന രംഗം അഭിനയിക്കണമെന്ന് പറഞ്ഞപ്പോൾ സിനിമയിൽ നിന്നുതന്നെ പിൻവാങ്ങാൻ തയ്യാറായി. പിന്നീട് ആ സീൻ ഒഴിവാക്കിയാണ് സംവിധായകൻ ചിത്രം പൂർത്തീകരിച്ചത്. അത്തരത്തിൽ കലയിലായാലും സംശുദ്ധമായ ആദർശങ്ങൾകാത്തു സൂക്ഷിച്ചിരുന്ന, ചിരിപ്പിക്കുകയും ജീവിതവിശുദ്ധിയെ ചിന്തിപ്പിക്കുകയും ചെയ്ത വി.ടി.വിയെപ്പോലെ അധികം ആളുകളെ സ്വാർത്ഥതയുടെ കൂത്തരങ്ങുകളുയരുന്ന ഇക്കാലത്ത് കണ്ടെത്തുക പ്രയാസമാണ്.

നശ്വരമായ ഈ ലോകത്ത് നിന്നും നമ്മളെല്ലാം വിട പറയും. ഇനിയും സൂര്യോദയങ്ങൾ ഉണ്ടാകും. വരാനിരിക്കുന്ന എത്രയോ കാലങ്ങളിൽ മാറിമാറി വരുന്ന തലമുറകൾ അപ്പോഴും ചരിത്രത്തിന്റെ വഴിത്തിരിവുകളിൽ മായാത്ത നന്മയുടെ അടയാളങ്ങളായി ഇങ്ങനെയുള്ള ജീവിതങ്ങളെ കാണും. സമ്പത്തിന്റെയോ പ്രശസ്തിയുടെയോ പിറകെ പോകാതെ നിരാശ്രയത്വത്തിന്റെ തെരുവുകളിൽ അലയുന്ന നിരാലംബരുടെയും അനാഥബാല്യങ്ങളുടെയും ഇടയിലാണ് തന്റെ പ്രവർത്തനമെന്ന് ലോകത്തോട് വിളിച്ചുപറയുകയായിരുന്നു അദ്ദേഹം. പിറന്ന നാടിന്റെ മുന്നേറ്റത്തിനും പെരുമയ്ക്കും നിസ്തുലമായ കാർമ്മികത്വം വഹിച്ച സൗമ്യത തുളുമ്പുന്ന മുഖവുമായി എപ്പോഴും നമ്മോടൊപ്പമുണ്ട് എന്ന് തോന്നിപ്പിക്കുന്ന ഒരു പയ്യന്നൂർക്കാരൻ, അതായിരുന്നു വി.ടി.വി.ദാമോദരേട്ടൻ.

പുഞ്ചിരി പോലും ദാനമാണെന്ന് പഠിപ്പിച്ചത് മുഹമ്മദ് നബിയാണ്. ആ പ്രവാചകനേക്കാൾ വലിയ അധ്യാപകനെ കണ്ടിട്ടില്ലെന്ന് പറഞ്ഞത് വിജയൻ മാഷാണ്. മുഖം മനസ്സിന്റെ കണ്ണാടിയെന്ന പഴഞ്ചൊല്ലിനെ അന്വർത്ഥമാക്കി സദാനേരവും അകളങ്കിതമായ പുഞ്ചിരിയുമായി ജനമനസ്സുകളിലേക്കിറങ്ങിവന്ന വി.ടി.വിക്ക് അർഹമായ ആദരം നൽകാൻ മുന്നോട്ട് വന്നിരിക്കുന്ന പയ്യന്നൂർ പൗരാവലിക്ക് സർവ്വവിധ ആശംസകളും നേരുന്നു.

വിശ്വകവി സർ അല്ലാമാ മുഹമ്മദ് ഇക്ബാലിന്റെ ഒരു കാവ്യശകലം ഇതോടൊപ്പം ചേർത്തു വെക്കട്ടെ.

*"ഔന്നത്യത്വത്തിന്റെ ശിഖരങ്ങളിലേക്ക് നീ ഉയർന്നു പോകുക*
*നിന്റെ ഭാഗധേയം ഞാൻ എങ്ങനെ നിർണ്ണയിക്കണം എന്ന്*
*വിധി നിർണ്ണയത്തിന്റെ ഓരോ ഘട്ടത്തിലും ദൈവം നിന്നോട് തന്നെ ചോദിക്കത്തക്ക ഉയരത്തിൽ."*




രമേഷ് പയ്യന്നൂർ

പ്രോഗ്രാം ഡയറക്ടർ

റേഡിയോ ഏഷ്യ,യു.എ.ഇ


# കടൽ കടന്നെത്തിയ ഗാന്ധിയൻ



സ്വന്തം നാടിനെക്കുറിച്ച് കവിതകളും പാട്ടുകളുമെഴുതിയ വി.ടി.വി ഗൾഫിലെ കലാസാംസ്കാരിക രംഗത്തെ നിറസാന്നിധ്യമാണ്. എളിമയോടെ തന്റെ ഭാഗധേയം പറയുന്ന വി.ടി.വി. എന്നും പയ്യന്നൂർക്കാർക്കും ഗൾഫ് മലയാളികൾക്കും ഒരഭിമാനമാണ്.



വി.ടി.വി. ഗൾഫ് മലയാളികൾക്കിടയിൽ ഏറെ സുപരിചിതമായ മൂന്നക്ഷരങ്ങൾ. പയ്യന്നൂരിന്റെ  തനതു പാരമ്പര്യം കടൽ കടന്നു ഗൾഫിന്റെ മണ്ണിലുമെത്തിച്ച മലയാളി. ഗാന്ധിപ്രതിമയും പയ്യന്നൂർ കോൽക്കളിയും ചർക്കയുമെല്ലാം ഗൾഫ് മലയാളികൾക്കും അറബ് ജനതയ്ക്കും ഇപ്പോൾ ഏറെ സുപരിചിതമാണ്. വി.ടി.വി.ദാമോദരൻ എന്ന പയ്യന്നൂർക്കാരൻ ഗൾഫുകാർക്ക് പ്രിയപ്പെട്ടവനാകുന്നത് അങ്ങനെയാണ്. സംഘടനാ പ്രവർത്തനങ്ങളിലും കലാപ്രവർത്തനങ്ങളിലും എന്നും മുന്നിൽ നിൽക്കുന്നയാൾ. കടൽ കടന്നെത്തിയ ഗാന്ധിയൻ. ഗാന്ധിജിയുടെ ദർശനങ്ങളും ചര്യകളും സ്വന്തം ജീവിതത്തിൽ പകർത്തി വി.ടി.വി മാതൃകയാവുകയാണ്. വി.ടി.വിയുടെ നേതൃത്വത്തിൽ അബുദാബിയിൽ രൂപീകരിച്ച ഗാന്ധി സാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ ഓരോ വർഷവും ഗാന്ധി അനുസ്മരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

പയ്യന്നൂരിൽ നിന്നുതന്നെ നേരിട്ട് അറിയാമെങ്കിലും ഞാൻ വി.ടി.വിയെ അടുത്തറിയുന്നത് പയ്യന്നൂർ സൗഹൃദവേദി ഉദയം കൊണ്ടതിനു തൊട്ടുപിന്നാലെ അബുദാബിയിലും സംഘടന നിലവിൽ വന്നതോടെയാണ്. പയ്യന്നൂർ സൗഹൃദവേദി നടത്തിയ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ വി.ടി.വിയുടെ പങ്ക് വളരെ വലുതാണ്. നിർദ്ധനരായവർക്ക് വീട് വെച്ച് കൊടുക്കുന്നതിലും, പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിലും രോഗികൾക്ക് സഹായം എത്തിക്കുന്നതിലും വി.ടി.വി.എന്നും മുന്നിൽതന്നെയുണ്ടാകും. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ എപ്പോഴും അദ്ദേഹത്തോടൊപ്പം നേരിട്ട് പ്രർത്തിക്കാനും കഴിഞ്ഞിട്ടുണ്ട്. ഏഷ്യാനെറ്റ് സംപ്രേഷണം ചെയ്ത "ഗൾഫരങ്ങ്" എന്ന ടെലിവിഷൻ ഷോയുടെ അവതാരകനായി ഞാൻ എത്തിയപ്പോൾ ആ പരിപാടിയുടെ സംവിധായകനായ ടി.പി.ഗംഗാധരനോടൊപ്പം പിന്നണിയിൽ എന്നും വി.ടി.വി. ഉണ്ടായിരുന്നു. പരിപാടിയുടെ ഷൂട്ടിങ്ങിന്റെ ഭാഗമായി ഞങ്ങൾ പല ഗൾഫ് രാജ്യങ്ങളിലും ഒന്നിച്ചു സന്ദർശനം നടത്തി. നിരവധി തവണ റേഡിയോയ്ക്ക് വേണ്ടി വി.ടി.വിയുടെ അഭിമുഖം ഞാൻ എടുത്തിട്ടുണ്ട്. സ്വന്തം നാടിനെക്കുറിച്ച് കവിതകളും പാട്ടുകളുമെഴുതിയ വി.ടി.വി ഗൾഫിലെ കലാസാംസ്കാരിക രംഗത്തെ നിറസാന്നിധ്യമാണ്. എളിമയോടെ തന്റെ ഭാഗധേയം പറയുന്ന വി.ടി.വി. എന്നും പയ്യന്നൂർക്കാർക്കും ഗൾഫ് മലയാളികൾക്കും ഒരഭിമാനമാണ്.

നാടിന്റെ പെരുമ ഗൾഫ് നാട്ടിലുമെത്തിക്കാൻ യത്നിക്കുന്ന വി.ടി.വിയുടെ ജീവിതയാത്രയ്ക്ക് എന്റെയും പയ്യന്നൂർ സൗഹൃദവേദി ദുബായ് ഷാർജാ യൂണിറ്റിന്റെയും മംഗളങ്ങൾ

# അബുദാബിയിലെ മഹാത്മാഗാന്ധി ശില്പം

ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ ശില്പങ്ങൾ നിർമ്മിക്കുവാൻ സാധിച്ചിട്ടുണ്ട്. വിദേശരാജ്യത്ത് ആദ്യമായിട്ടാണ് ഞാൻ ശില്പം നിർമ്മിക്കുന്നതും. അത് നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയുടെ ശില്പം കൂടിയായപ്പോൾ അതിയായ അഭിമാനവും സന്തോഷവും തോന്നി.

പയ്യന്നൂരിൽ വെച്ചായിരുന്നു ശില്പത്തിന്റെ ആദ്യഘട്ടം ചർച്ച നടന്നത്. അന്ന് അബുദാബി ഗാന്ധി സാഹിത്യവേദി പ്രസിഡന്റും പയ്യന്നൂരുകാരനുമായ വി.ടി.വി. ദാമോദരേട്ടൻ പറഞ്ഞത് യു.എ.ഇയുടെ തലസ്ഥാനമായ അബുദാബിയിൽ ഇന്ത്യൻ സോഷ്യൽ സെന്ററിന് മുന്നിൽ



ഗാന്ധിജിയുടെ ശില്പം സ്ഥാപിക്കുവാൻ ആലോചിക്കുന്നുണ്ട്. അത് എന്റെ ഒരു സ്വപ്നപദ്ധതി കൂടിയാണ്. പയ്യന്നൂരിൽ നിന്ന് നിർമ്മിച്ച് കൊണ്ടുപോകുവാൻ കൂടി ആണ് ആലോചിക്കുന്നത്. അദ്ദേഹം ഒന്നുകൂടി കൂട്ടിച്ചേർത്തു. അത് അത്ര എളുപ്പമുള്ള കാര്യമല്ല, ശില്പങ്ങൾ തീരെ വിരളമായിട്ടുള്ള യു.എ.ഇ പോലുള്ള രാജ്യത്ത് ശില്പ നിർമ്മാണത്തിനുള്ള അനുമതിയും ആവശ്യമാണ്. എന്നാൽ അതിന്റെ അടുത്ത വർഷം തന്നെ അതിനുള്ള അനുമതി ലഭിക്കുകയും ചെയ്തു.

ശില്പ നിർമ്മാണത്തിനായി മഹാത്മജിയുടെ ഒറിജിനൽ ഫോട്ടോകളും വീഡിയോകളും സംഘടിപ്പിച്ചു.

ശില്പി
ചിത്രൻ
കുഞ്ഞിമംഗലം



അതിൽത്തന്നെ കണ്ണട വച്ച് ഷാൾ ധരിച്ച രീതിയിലുള്ള ഫോട്ടോ സെലക്ട് ചെയ്യുകയും ചെയ്തു. നിർമ്മാണത്തിന്റെ വിവിധ ഘട്ട ങ്ങളിലായി വി.ടി.വിയും കമ്മറ്റി അംഗങ്ങളും കുഞ്ഞിമംഗലത്തുള്ള എന്റെ വീടിനോട് ചേർന്നുള്ള പ ണിപ്പുരയിൽ എത്തി. ശില്പം കണ്ട്




വിലയിരുത്തി. അതിന്റെ പൂർണ്ണതയിൽ വെങ്കലനിറത്തോട് കൂടിയാണ് ഫിനിഷിംഗ് ചെയ്യുവാൻ സാധിച്ച ത്. സിനിമ സംവിധായകൻ ടി.കെ. സന്തോഷ് മാസ്റ്റർ, അമ്മാവനായ ഗിരീഷ് അന്നൂക്കാരൻ, പി.യു.രാ ജൻ, എന്നിവരുടെ നിർദ്ദേശങ്ങളും ശില്പനിർമ്മാണത്തിന് സഹായ കമായി. ചിത്ര.കെ, മഹേഷ്.എ, കിരൺ, സജിത്ത് തുടങ്ങിയവർ സഹായികളായി. എന്റെ അച്ഛൻ ശില്പി കുഞ്ഞിമംഗലം നാരായ ണൻ മാസ്റ്റർ വിവിധ സ്ഥലങ്ങളിൽ നിർമ്മിച്ച മഹാത്മജിയുടെ ശില്പം കൂടി എനിക്ക് ശില്പ നിർമ്മാണ ത്തിന് പ്രചോദനം നൽകി.

മഹാത്മാഗാന്ധി ശില്പം ആഘോഷപൂർവ്വമാണ് പയ്യന്നൂരി ൽനിന്ന് യാത്രയ്ക്ക് ഒരുങ്ങിയത്. ശ്രീനാരായണ വിദ്യാലയത്തിന് മുന്നിൽ ഗാന്ധിജി നട്ട ഗാന്ധിമാ വിൻചുവട്ടിൽ നിന്ന് തുടങ്ങിയ ഘോഷയാത്ര ബാന്റ്മേളത്തോ ടൊപ്പം പയ്യന്നൂർ ഗാന്ധിപാർക്കിൽ എത്തി. അവിടെ വെച്ച് പയ്യന്നൂരിലെ പ്രമുഖർ പങ്കെടുത്ത വിപുലമായ ചടങ്ങിൽ കേന്ദ്രസർവ്വകലാശാല വൈസ് ചാൻസിലർ പ്രൊഫ. ജി.ഗോപകുമാർ വി.ടി.വി.ക്ക് ഗാന്ധിശില്പം കൈമാറി.

ഇന്ത്യൻ എംബസിയുടെ അഡ്രസ്സിൽ ശില്പം എയർ ഇന്ത്യതന്നെ മുൻകൈയെടുത്ത് വിമാനമാർഗ്ഗം കോഴിക്കോട് നിന്ന് അബുദാബി യിലേക്ക് കൊണ്ടുപോയി. അവിടെവെച്ച് ഇന്ത്യൻ സോഷ്യൽസെന്ററിന് കൈമാറി. ഞാനും എന്റെ അമ്മാവൻ മഹേഷും കൂടിയാണ് അബുദാബി യിലെ ശില്പ അനാച്ഛാദനത്തിനുവേണ്ടി പുറ പ്പെട്ടത്.

അബുദാബിയിലെ വിവിധ മേഖലക ളിലെ പ്രമുഖർ ഗാന്ധിശില്പം എത്തിയതറിഞ്ഞ് ഇന്ത്യൻ സോഷ്യൽ സെന്ററിൽ എത്തിച്ചേർന്നിരു ന്നു. ശില്പം ഭദ്രമായി പാക്ക് ചെയ്തത് കൊണ്ടു തന്നെ അനാച്ഛാദന ദിവസത്തേക്ക് അവർ കാ ത്തിരുന്നു. അന്ന് രാത്രി തന്നെ ശില്പം നമ്മൾ പീഠത്തിൽ ഉറപ്പിക്കുകയും ചെയ്തു. ഗാന്ധി ശില്പം സ്ഥാപിക്കുന്ന പീഠം മനോഹരമായി രൂപകല്പന ചെയ്തത് സുഹൃത്തും പയ്യന്നൂർ സ്വദേശി കൂടിയായ രഞ്ജിത്ത് പൊതുവാൾ ആയിരുന്നു.

2018 ഫെബ്രുവരി 1 ന് ഇന്ത്യൻ സ്ഥാനപ തി ശ്രീ. നവദീപസിങ് സൂരി ശില്പം അനാവ രണം ചെയതു. ഡോ.ബി.ആർ.ഷെട്ടി, യു.എ.ഇ എക്സ്ചേഞ്ച് ഗ്ലോബൽ പ്രസിഡണ്ട് വൈ. സുധീർകുമാർ ഷെട്ടി, വി.ടി.വി., എം.യു.ഇർഷാ ദ്, രാധാകൃഷ്ണൻ പോത്തേര തുടങ്ങി സാമൂ ഹികരംഗത്തെ പ്രമുഖർ ചടങ്ങിൽ സംബന്ധിച്ചു. വിവിധ രാജ്യത്തുള്ളവർ ശില്പത്തെ കുറിച്ച് മികച്ച അഭിപ്രായവും പ്രകടിപ്പിച്ചു. ഇന്ത്യൻ സ്ഥാനപതിയിൽ നിന്ന് ഇന്ത്യൻ എംബസിയുടെ മുദ്രയോടുകൂടിയ പ്രശസ്തി പത്രവും പൊന്നാ ടയും ഏറ്റുവാങ്ങുവാനും സാധിച്ചു. അടുത്ത ദിവസങ്ങളിലായി മറ്റ് സ്ഥലങ്ങളിൽ ആദരവ് പരിപാടികളും സംഘടിപ്പിച്ചിരുന്നു. അബുദാ ബിയിലെ പ്രധാനപ്പെട്ട സ്ഥലങ്ങൾ കാണാൻ, വി.ടി.വി, പവിത്രൻ പയ്യന്നൂർ, രഞ്ജിത്ത് പൊതു വാൾ, ജനാർദ്ദനദാസ് കുഞ്ഞിമംഗലം, എം.യു. ഇർഷാദ്, രാധാകൃഷ്ണൻ എന്നിവരും വന്നിരു ന്നു. അതിൽ വളരെ പ്രധാനപ്പെട്ട സ്ഥലമായി രുന്നു ലോകപ്രശസ്ത ചിത്രങ്ങളും ശില്പങ്ങളും പ്രദർശിപ്പിച്ച ലൂവ്ര് മ്യൂസിയം. അത് കാണാൻ സാധിച്ചത് ജീവിതത്തിലെ വലിയ ഭാഗ്യമാണ്. വിവിധ സ്ഥലങ്ങളിലെ സൽക്കാരങ്ങളോടൊപ്പം ദാമോദരേട്ടന്റെ വീട്ടിൽ ഒരുക്കിയ ഭക്ഷണവും കഴിച്ച് ഞങ്ങൾ തിരിച്ച് നാട്ടിലേക്ക് മടങ്ങി



സഫറുള്ള പാലപ്പെട്ടി

# അറേബ്യൻ മണ്ണിൽ **പയ്യന്നൂരിന്റെ മുദ്ര** ചാർത്തിയ സഹൃദയൻ



പിറന്ന നാടായ മലയാളക്കരയിൽ അന്യം നിന്നുപോയിക്കൊണ്ടിരിക്കുന്ന പല പരമ്പരാഗത കലാരൂപങ്ങളും പതിൻമടങ്ങ് ശോഭയോടെ ഇതൾ വിരിഞ്ഞാടുന്നത് ഇന്ന് അറബ് നാടുകളിലാണ്. തനിമയാർന്ന കല ആസ്വദിക്കണമെങ്കിലും ശുദ്ധസംഗീതവും ശുദ്ധമലയാളവും കേൾക്കണമെങ്കിലും നല്ല മലയാളിയെ കാണണമെങ്കിലും ഗൾഫ് നാടുകളിൽ വരണമെന്ന് അറബ് നാടുകൾ സന്ദർശിക്കുന്ന കലാ സാഹിത്യ സാമൂഹ്യ സാംസ്കാരിക നായകർ പറയാറുള്ളത് വെറും ആലങ്കാരികമാണെന്നു പറഞ്ഞ് തള്ളിക്കളയാവുന്നതല്ല. എം.ടി.വാസുദേവൻ നായരുടെയും സുകുമാർ അഴീക്കോടിന്റേയും പെരുമ്പടവം ശ്രീധരന്റേയും കെ.ജെ.യേശുദാസിന്റേയും ഒ.എൻ.വിയുടെയുമെല്ലാം നാവിൻ തുമ്പിൽ നിന്നാണു ഇത്തരം വിശേഷണങ്ങൾ കേൾക്കാനിടയായി എന്നത് തന്നെ അതിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു.

പോറ്റമ്മയോടൊപ്പം താമസിക്കുമ്പോഴും പെറ്റമ്മയോടുള്ള അതിരറ്റ വാത്സല്യമാണു പ്രവാസി മലയാളികളെ, വിശിഷ്യ ഗൾഫ് മലയാളികളെ മലയാള ഭാഷയോടും കേരളീയ സംസ്കാരത്തോടും പാരമ്പര്യ കലകളോടും ഇത്രയേറെ പ്രതിബദ്ധത പുലർത്തുന്നതിനു പ്രചോദനമായിട്ടുള്ളത്. ഇങ്ങനെ ഒരു സ്തുത്യർഹമായ അവസ്ഥയിലേക്ക് പ്രവാസി മലയാളികളെ കൊണ്ടെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചവരിൽ അവഗണിക്കാനാവാത്ത നാമമാണ് വി.ടി.വി.ദാമോദരന്റേത്.

കേവലം ഒരു പ്രദേശത്തിന്റെ മാത്രം കലാരൂപമായ പയ്യന്നൂർ കോൽക്കളി രാജ്യത്തിന് പുറത്തുള്ള വേദിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞു എന്നതാണ് ഈ രംഗത്ത് വി.ടി.വിയുടെ അനന്യ

പയ്യന്നൂരിന്റെ മുദ്ര ചാർത്തിയ സഹൃദയൻ



പയ്യന്നൂരിന്റെ മുദ്ര ചാർത്തിയ സഹൃദയൻ

പയ്യന്നൂരിന്റെ മുദ്ര ചാർത്തിയ സഹൃദയൻ

പയ്യന്നൂരിന്റെ മുദ്ര ചാർത്തിയ സഹൃദയൻ

സംഭാവന.

കാലത്തിന്റെ കുത്തൊഴുക്കിൽ പെട്ട് മൺമറഞ്ഞു പോയേക്കാവുന്ന പയ്യന്നൂർ കോൽക്കളിക്ക് ഒരു പുനർജന്മമാണ് വി.ടി.വി.യുടെ നിതാന്ത ജാഗ്രതയിലും കഠിനപരിശ്രമത്തിലും അറബ് നാടുകളിൽ ഉണ്ടാക്കാൻ കഴിഞ്ഞത്. ജീവിതത്തിലെ നല്ലൊരു ഭാഗം സമയവും സമ്പത്തും ഈ കലയെ വികസിപ്പിച്ചെടുക്കാനും ഇതര രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കുവാനും പുതുതലമുറയെ പഠിപ്പിക്കുവാനുമായി അദ്ദേഹം വിനിയോഗിച്ചു.

വി.ടി.വിയുടെ മുഖ്യകാർമ്മികത്വത്തിൽ പയ്യന്നൂർ സൗഹൃദവേദി എന്നൊരു സംഘടനയ്ക്ക് അബുദാബിയിൽ രൂപം നൽകുകയും ആ സംഘടനയെ പടിപടിയായി യു.എ.ഇയുടെ ഇതര പ്രവിശ്യകളിലേയ്ക്കും മറ്റ് ഗൾഫ് രാജ്യങ്ങളിലേക്കും വ്യാപിപ്പിക്കുകയും ചെയ്തപ്പോൾ അതോടൊപ്പം പയ്യന്നൂർ കോൽക്കളിയും അറബ് നാടുകളിൽ വ്യാപിക്കുകയായിരുന്നു.

അറബ്നാട്ടിൽ പയ്യന്നൂർ കോൽക്കളി അഭ്യസിപ്പിക്കുവാനുള്ള ആദ്യ സംഘത്തെ സംഘടിപ്പിക്കുന്നതിലും അവരെ പരിശീലിപ്പിച്ചെടുക്കുന്നതിലും വി.ടി.വി. നടത്തിയ ത്യാഗം വിവരണാതീതമാണ്. ഫ്ളാറ്റുകളിലെ തന്റെ കുടുസ്സു മുറികളിലായിരുന്നു ആദ്യ പരിശീലനം. മുകളിലും തഴെയും പരിസരങ്ങളിലും താമസിക്കുന്നവർക്ക് കോൽക്കളിയുടെ ശബ്ദമുഖരിതയാൽ അലോസരം ഉണ്ടാകാതിരിക്കാൻ കോലുകളിൽ തുണി ചുറ്റിയാണ് പരിശീലനം നടത്തിക്കൊണ്ടിരിന്നത്.

മെയ്‌വഴക്കം ഏറെ ആവശ്യപ്പെടുന്ന ഒരു കലാരൂപമാണ് പയ്യന്നൂർ കോൽക്കളി. അതുകൊണ്ട് ബാല്യത്തിൽത്തന്നെ മെയ്‌വഴക്കം അഭ്യസിക്കേണ്ടതുണ്ട്. എന്നാൽ ഗൾഫ് നാടുകളിൽ തൊഴിൽ തേടി എത്തുന്നവരിൽ ഭൂരിഭാഗവും 30 വയസ്സിനടുത്തോ അതിനു മീതെയോ ഉള്ളവരാണ്. അവരിൽ ഭൂരിഭാഗവും ഇത്തരമൊരു കലാരൂപത്തെയോ, മെയ്‌വഴക്കത്തെയോ കുറിച്ച് അത്ര വലിയ ബോധമുള്ളവരുമായിരിക്കില്ല. മാത്രമല്ല, ഓരോരുത്തരുടെ തൊഴിൽ സമയം വ്യത്യസ്തമായിരുന്നതിനാൽ എല്ലാവരേയും ഒരുമിച്ചു കിട്ടുക വളരെ വിരളമായിരിക്കും. ഇത്തരത്തിലുള്ള ഒട്ടേറെ പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്തുകൊണ്ടാണ് പയ്യന്നൂർ കോൽക്കളി അറബ് നാടുകളിൽ



പ്രചുരപ്രചാരം നേടിയത്.

പയ്യന്നൂർ സുബ്രഹ്മണ്യസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ടാണ് പയ്യന്നൂർകോൽക്കളി രൂപപ്പെട്ടതെന്നാണ് ചരിത്രം പറയുന്നത്. പാരമ്പര്യ കലാരൂപങ്ങളായ കഥകളി, തെയ്യം, ശാസ്ത്രീയ നൃത്തം എന്നിവയുമായി ഏറെ ബന്ധമുള്ളതാണിത്. പയ്യന്നൂർ കോൽക്കളി മറ്റ് കോൽക്കളികളിൽ നിന്ന് ശൈലിയിലും അവതരണത്തിലും ഏറെ വ്യതിരിക്തതയും മനോഹാരിതയും പ്രകടമായിട്ടുള്ള വ്യത്യസ്തമായ ഒരു കലാരൂപമാകുന്നു.

സാഹിത്യ സംപുഷ്ടമായ രചനകളും ശാസ്ത്രീയ രാഗതാള നിബദ്ധമായ ഗാനങ്ങളും കളിക്കാരുടെ ശരീരത്തിന്റെ നിയന്ത്രണവും മെയ്വഴക്കവും കൈകാലുകളുടെ ചടുല ചലനങ്ങളുമാണ് പയ്യന്നൂരിന്റെ തനത് കലാരൂപത്തിന്റെ പ്രത്യേകത. നല്ല ശരീരഭാഷയും മെയ്വഴക്കവും സ്വായത്തമാക്കിയാൽ മാത്രമേ ഈ കലാരൂപം പരിശീലിക്കാനും അവതരിപ്പിക്കാനും പറ്റൂ. കേരളത്തിൽ വിശിഷ്യ മലബാർ മേഖലകളിൽഏറെ പ്രചുരപ്രചാരം നേടിയിരിക്കുന്ന മാപ്പിള കോൽക്കളിയിൽ നിന്ന് പ്രധാനമായും ഇതിനെ വ്യത്യസ്തമാക്കി മാറ്റുന്നത് കളിക്കാരുടെ ശരീരത്തിന്റെ നിയന്ത്രണവും മെയ്വഴക്കവും കൈകാലുകളുടെ ചടുലമായ ചലനങ്ങളുമൊക്കെയാണ്.

വട്ടക്കോൽ, തെറ്റിക്കോൽ, ചുറ്റിക്കളി, ചുറഞ്ഞുകളി, ചിവിട്ടിച്ചുറ്റ് തുടങ്ങിയ വകഭേദങ്ങളുള്ള ഈ പ്രകടനത്തിന് കോൽക്കളിപ്പാട്ടിന്റെ അകമ്പടിയും അനിവാര്യമാണ്. മുഴുവൻ കളിക്കാരും പുരുഷന്മാരായ  കലാരൂപത്തിൽ പങ്കെടുക്കുന്നവർ ഒരുപോലെ വസ്ത്രം ധരിച്ച് ഓരോരുത്തരും 15 ഇഞ്ച് വലിപ്പമുള്ള രണ്ട് കാരക്കോലുകൾ കൈയ്യിലെടുത്ത് മെയ്വഴക്കത്തോടെ താളാത്മകമായ പാട്ടിനൊത്ത് നൃത്തസമാനമായ ചലനങ്ങൾ നടത്തുന്നു.

കോൽക്കളികൾ പല രൂപത്തിലും ഭാവത്തിലും ഗൾഫിന്റെ വ്യത്യസ്തമായ പല വേദികളിലും അവതരിപ്പിക്കാറുണ്ടെങ്കിലും അവയൊന്നും യഥാർത്ഥമായതോ തനതായതോ ആയ കോൽക്കളിയല്ല എന്നുതന്നെ പറയാം.

കോൽക്കളിയെ ഒരു സാംസ്കാരികതയുടെയും ജീവിതരീതിയുടെയും വ്യാഖ്യാനമാക്കി മാറ്റുന്ന തനതുരൂപത്തിലുള്ള കലാരൂപമാക്കിയത് പയ്യന്നൂരിലെ പൊതുവാൾ സമുദായത്തിൽപ്പെട്ടവരാണെന്നാണ് വിദഗ്ധ മതം. അതുകൊണ്ടു തന്നെ ഒട്ടേറെ പ്രത്യേകതകളുള്ള പയ്യന്നൂർ കോൽക്കളി ശൈലിയിലും സാഹിത്യത്തിലും സമാനമായ മറ്റു കോൽക്കളികളിൽ നിന്നും വേറിട്ടുനിൽക്കുന്നു.

പൊതുവാൾ സമുദായത്തിൽ മാത്രം ഒതുങ്ങിനിന്നിരുന്ന ഈ ക്ഷേത്ര കലയെ വിവിധ ജാതിക്കാരിലേയ്ക്കു മാത്രമല്ല മുസ്ലീം, ക്രിസ്ത്യൻ പോലുള്ള വ്യത്യസ്ത സമുദായക്കാരിലേക്കും വ്യാപിപ്പിക്കുന്നതിലും വ്യാപൃതനാണ് വി.ടി.വി. മേൽ സൂചിപ്പിച്ച വിവിധ വിഭാഗത്തിൽപ്പെട്ടവരും ഇതിനകം വി.ടി.വി.യുടെ ശിക്ഷണത്തിൽ പയ്യന്നൂർ കോൽക്കളി പരിശീലിച്ചുവരുന്നു.

ഒരു പാരമ്പര്യകലാരൂപത്തെ ആദ്യമായി രാജ്യത്തിന് പുറത്ത് എണ്ണമറ്റ വേദികളിൽ വിജയപൂർവ്വം എത്തിക്കാൻ കഴിഞ്ഞ വി.ടി.വി. ദാമോദരൻ പയ്യന്നൂർ കോൽക്കളിയെ അറബ് നാട്ടിലെ ആസ്വാദകർക്ക് വിസ്മയമാക്കിത്തീർക്കുകയായിരുന്നു. അതിനുവേണ്ടി അദ്ദേഹം അതിന്റെ തനിമ ചോർന്നുപോകാതെ തന്നെ ചില ചേരുവകൾ അവസരത്തിനൊത്ത് ചേർക്കുമായിരുന്നു. യു.എ.ഇയുടെ രാഷ്ട്രപിതാവ്

കാലത്തിന്റെ കുത്തൊഴുക്കിൽപെട്ട് മൺമറഞ്ഞു പോയേക്കാവുന്ന പയ്യന്നൂർ കോൽക്കളിക്ക് ഒരു പുനർജന്മമാണ് വി.ടി.വിയുടെ നിതാന്ത ജാഗ്രതയിലും കഠിനപരിശ്രമത്തിലും അറബ് നാടുകളിൽ ഉണ്ടാക്കാൻ കഴിഞ്ഞത്. ജീവിതത്തിലെ നല്ലൊരു ഭാഗം സമയവും സമ്പത്തും ഈ കലയെ വികസിപ്പിച്ചെടുക്കാനും ഇതര രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കുവാനും പുതുതലമുറയെ പഠിപ്പിക്കുവാനുമായി അദ്ദേഹം വിനിയോഗിച്ചു.

ശൈഖ് സായിദ് ബിൻ സുൽത്താൻ അൽ നഹ്യാനെ പ്രകീർത്തിച്ചുകൊണ്ടും മലയാള ഭാഷയേയും കേരളീയ സാംസ്കാരത്തേയും വാഴ്ത്തിക്കൊണ്ടും അദ്ദേഹം തന്നെ എഴുതി ചിട്ടപ്പെടുത്തിയ ഗാനവും കോൽക്കളിക്ക് വേണ്ടി ഉപയോഗിച്ചു വരുന്നു.

പയ്യന്നൂർ കോൽക്കളി കടലും കടന്ന് വിദേശമണ്ണിൽ അവതരിപ്പിച്ചതിന്റെ ഖ്യാതി ദാമോദരന് മാത്രം അവകാശപ്പെട്ടതാണ്. നാട്ടിൽ പോലും ഇത്തരം അനുഷ്ഠാനകലകൾ പരിശീലിക്കുവാനോ വരും തലമുറയ്ക്ക് കൈമാറാനോ ആരേയും ലഭ്യമാകാത്തിടത്താണ് പ്രവാസഭൂമിയിൽ ഏറെ തിരക്കുകളുടെ ഞെരുക്കത്തിലും ഈ കലക്കുവേണ്ടി അദ്ദേഹം ആത്മാർപ്പണം ചെയ്യുന്നത്.

പയ്യന്നൂർ കോൽക്കളിയെ ലോക ജനതയിലേയ്ക്ക് എത്തിക്കുവാനും ചെറുതല്ലാത്ത പ്രവർത്തനം വി.ടി.വി. നടത്തുകയുണ്ടായി. അതിന്റെ ഭാഗമായി പത്തരലക്ഷം രൂപ ചെലവഴിച്ച് 'കേളി പെരുമ' എന്ന പേരിൽ ഒരു ഡോക്യുമെന്ററി തന്നെ അദ്ദേഹം നിർമ്മിക്കുകയുണ്ടായി. പയ്യന്നൂരിന്റേയും പയ്യന്നൂർ കോൽക്കളിയുടേയും ചരിത്രവും പ്രത്യേകതയും വിവരിക്കുന്ന ഈ ഡോക്യുമെന്ററി സംവിധാനം ചെയ്തത് യുവചലച്ചിത്ര സംവിധായകരിൽ ഏറെ ശ്രദ്ധേയനായ മധു കൈതപ്രമാണ്.

മുപ്പത്തഞ്ചോളം കോൽക്കളി കളരിപ്പയറ്റ് കലാകാരന്മാരെ പയ്യന്നൂരിൽ നിന്നും യു.എ.ഇ. യിലെത്തിക്കാൻ വി.ടി.വി. നടത്തിയ ഇടപെടൽ ഏറെ ശ്ലാഘനീയമാണ്. ഇവരെ പങ്കെടുപ്പിച്ചുകൊണ്ട് അബുദാബി ഇന്ത്യാ സോഷ്യൽ ആന്റ് കൾച്ചറൽ സെന്റർ ഇന്ത്യാ ഫെസ്റ്റിവലിന്റെ ഭാഗമായും, കേരള സോഷ്യൽ സെന്ററിൽ മഹാത്മാ ഗാന്ധിയുടെ രക്തസാക്ഷി ദിനാചരണത്തിന്റെ ഭാഗമായി 'മദ്യത്തിനും മയക്കുമരുന്നിനുമെതിരെ' എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച സെമിനാറിന്റെ ഭാഗമായും, ഷാർജയിൽ സംഘടിപ്പിച്ച ഇന്തോ-അറബ് സാംസ്കാരികോത്സവത്തിലും, ദുബായ് എമിറേറ്റ്സ് റൈറ്റേഴ്സ് യൂനിയന്റെ വേദിയിലും, അൽ ഐൻ ഇന്ത്യാ സോഷ്യൽ സെന്ററിലും ദുബായ് ഷോപ്പിങ്ങ് ഫെസ്റ്റിവലിലും ഈ കലാരൂപം അവതരിപ്പിച്ചുകൊണ്ട് പയ്യന്നൂർ കോൽക്കളിക്ക് പുതിയൊരു മാനം സൃഷ്ടിച്ചെടുക്കാൻ വി.ടി.വി.ദാമോദരന് കഴിഞ്ഞു. ഈ കലയോടുള്ള സമർപ്പിത മനസ്സുകൾക്ക് മാത്രമേ ഇതുപോലുള്ള ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ സാധ്യമാകൂ എന്നാണ് ഇത് വ്യക്തമാക്കുന്നത്.

വി.ടി.വിയുടെ പിതാവ് പയ്യന്നൂർ അന്നൂരിലെ പ്രശസ്ത കോൽക്കളി ആചാര്യൻ കെ.യു.രാമപ്പൊതുവാളാണ്. അദ്ദേഹം കോൽക്കളി കലാകാരന്മാരിൽ ഏറെ പ്രശസ്തനാണ്. തന്റെ ആറാമത്തെ വയസ്സിൽ പയ്യന്നൂർ കോൽക്കളിയിലേക്ക് കാലെടുത്തു വെച്ച വി.ടി.വി ദാമോദരന്റെ ഗുരുവും അച്ഛൻ തന്നെയാണ്. കോൽക്കളിക്ക് നൽകിയ സംഭാവന പരിഗണിച്ച് രാമപ്പൊതുവാളിനെ 2003ൽ കേരള ഫോക്‌ലോർ അക്കാദമി അവാർഡ് നൽകി ആദരിച്ചിരുന്നു.

മൂന്നുവർഷം കഴിഞ്ഞപ്പോൾ 2006ൽ വി.ടി.വിയേയും കേരള ഫോക് ലോർ അക്കാദമി അവാർഡ് നൽകി ആദരിക്കുകയുണ്ടായി. പയ്യന്നൂർ കോൽക്കളി കേരളത്തിനകത്തും പുറത്തും പ്രചരിപ്പിക്കുന്നതിലും വികസിപ്പിക്കുന്നതിലും നൽകിയ സംഭാവന പരിഗണിച്ചായിരുന്നു വി.ടി.വി.യെ ആദരിച്ചത്. ഫോക്‌ലോർ അക്കാദമി അവാർഡ് ലഭിക്കുന്ന ആദ്യ ത്തെ അച്ഛനും മകനും എന്ന പ്രത്യേകതയ്ക്ക് പുറമെ, ഫോക്‌ലോർ അവാർഡ് ലഭിക്കുന്ന ആദ്യത്തെ പ്രവാസി എന്ന ബഹുമതിയും വി.ടി.വി.ക്ക് അവകാശപ്പെട്ടതാണ്.

ഇതിനുപുറമെ, നിരവധി അംഗീകാരങ്ങൾ ഈ കലാകാരനെ തേടിയെത്തിയിട്ടുണ്ട്. ലോക മലയാളി കൗൺസിലിന്റെ സാമൂഹിക പ്രവർത്തകനുള്ള പുരസ്കാരം, പ്രഥമ കേരള ഗാന്ധിഗ്രാം അവാർഡ്, അക്ഷയ നാഷണൽ അവാർഡ്, പ്രവാസി സംസ്കൃതി അവാർഡ് എന്നിവ അതിൽ ചിലത് മാത്രം.

മലനാട്ടിലും മറുനാട്ടിലും ഒരുപോലെ ജീവകാരുണ്യ സാമൂഹ്യ പ്രവർത്തനരംഗങ്ങളിൽ ഏറെ വ്യാപൃതനായിട്ടുള്ള വി.ടി.വി പയ്യന്നൂർ സൗഹൃദവേദി, ഗാന്ധി സാഹിത്യവേദി എന്നിവയുടെ അമരക്കാരനുമാണ്



ഡോ.എം.എസ്.നായർ

# കൊടക്കാട്ടെ വി.ടി.വി

**ഗാന്ധിയൻ ചിന്ത, കവിത്വം, പ്രവാസിക്ഷേമപ്രവർത്തനം, സോഷ്യൽ ആക്ടിവിസം, ഇവയൊക്കെ സമഞ്ജസമായി സമ്മേളിക്കുന്ന വി.ടി.വി.ദാമോദരന്റെ വ്യക്തിത്വത്തെ പ്രശോഭിതമാക്കുന്നത് ഈ മാനവികതയാണ്; അനുകമ്പയും സഹാനുഭൂതിയും നിറഞ്ഞ മനുഷ്യസ്നേഹം, അവിടെ മറ്റെല്ലാം ലയിച്ചുചേരുന്നു.**



കൊടക്കാടും പയ്യന്നൂരും തൊട്ടടുത്ത പ്രദേശങ്ങളാണ്. പക്ഷേ, കൊടക്കാടുകാരനായ ഞാനും പയ്യന്നൂർകാരനായ വി.ടി.വി.ദാമോദരനും തമ്മിലുള്ള പരിചയത്തിനു കേവലം അഞ്ചു വർഷത്തെ പഴക്കമെ ഉള്ളൂ. എങ്കിലും ഏതോ പൂർവ്വജന്മ ബന്ധം പോലെ സുദൃഢമാണ് ഞങ്ങളുടെ സൗഹൃദം.

ദാമോദരനെ ഞാൻ പരിചയപ്പെടുന്നത് തികച്ചും യാദൃശ്ചികം. നാടൻകലകളുടെ സംരക്ഷണത്തിന്നും പഠനത്തിന്നും വേണ്ടി കഴിഞ്ഞ അമ്പതു വർഷമായി പ്രവർത്തിക്കുന്ന കൊടക്കാട് കലാനികേതന്റെ ആഭിമുഖ്യത്തിൽ 2005 മുതൽ നാടൻകലകളുടെ പ്രോത്സാഹനാർത്ഥം വിദഗ്ധരായ കലാകാരന്മാരെ പുരസ്കാരം നല്കി ആദരിക്കുന്ന പതിവുണ്ട്. കോൽക്കളി പഠിപ്പിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും വൈദഗ്ധ്യം കാണിച്ച പരിശീലകനുള്ള 2014ലെ പുരസ്കാരത്തിന്നു ലഭിച്ച നിരവധി അപേക്ഷകൾ ആദ്യഘട്ട പരിശോധനയുടെ ഭാഗമായി കലാനികേതൻ സെക്രട്ടറി എന്ന നിലയിൽ ഒന്നു മറിച്ചു നോക്കിയപ്പോൾ അതിലൊരെണ്ണം എന്നെ വല്ലാതെ ആകർഷിച്ചു. ഒരു അപേക്ഷാഫോറത്തിന്നു എന്ത് ആകർഷകശക്തി എന്ന് ആരും ചിന്തിച്ചേക്കാം. തന്റെ വ്യക്തിപരമായ വിവരങ്ങളും കോൽക്കളി എന്ന കലാരംഗത്തെ പരിചയ സമ്പന്നതയും പരിശീലകനെന്ന നിലയിലുള്ള വൈഭവവും വ്യക്തമാക്കുന്ന നിരവധി രേഖകളും പത്രക്കുറിപ്പുകളും സാക്ഷ്യപത്രങ്ങളും വളരെ ചിട്ടയടെ മനോഹരമായി കോർത്തിണക്കിയ ഒരു ഫയലാണ് എന്നെ ആകർഷിച്ചത്. ആ അപേക്ഷ അബുദാബിയിലെ പി.കെ.എഫ് (അക്കൗണ്ട് & ബിസിനസ്സ് അഡ്വൈസേർസ്) എന്ന സ്ഥാപനത്തിൽ സീനിയർ ഓഫീസ് അഡ്മിനിസ്ട്രേറ്ററായ പയ്യന്നൂർകാരൻ ശ്രീ.വി.ടി.വി. ദാമോദരന്റെതായിരുന്നു.

ഈ കലാകാരന്റെ വ്യക്തിജീവിതത്തിന്റെയും കലാജീവിതത്തിന്റെയും സാംസ്കാരിക



പ്രവർത്തനത്തിന്റെയും നേർസാക്ഷികളായ ആ രേഖാചിത്രങ്ങൾ ഒരു വലിയ മനുഷ്യന്റെ ചിട്ടപ്പെടുത്തിയ ജീവിതവും ജീവിതദൗത്യവുമാണ് എന്റെ മുന്നിൽ തുറന്നുവെച്ചത്. സ്വദേശത്തും വിദേശത്തും (ഗൾഫ് രാജ്യങ്ങളിൽ) പയ്യന്നൂർ കോൽക്കളിയുടെ അവതരണത്തിന് നേതൃത്വം നല്കുകയും പരിശീലിപ്പിക്കുകയും ചെയ്തുകൊണ്ട് ഉത്തരകേരളത്തിന്റെ ഈ തനതുകലയെ പരിപോഷിപ്പിക്കുന്നതിൽ ഏറ്റവും പ്രാഗത്ഭ്യം പ്രകടിപ്പിച്ച ഈ അപേക്ഷകൻ തന്നെയാണ് കലാനികേതന്റെ നാടൻകലാ അവാർഡിന്നു അനുയോജ്യൻ എന്നെനിക്കു പൂർണ്ണമായും ബോദ്ധ്യപ്പെട്ടു. എങ്കിലും ഔപചാരികമായ തീരുമാനം അതിന്നായി നിയോഗിക്കപ്പെട്ട അവാർഡ് കമ്മിറ്റിയുടെതാണല്ലോ. കമ്മിറ്റിയുടെ തീരുമാനം എന്റെ കണക്കുകൂട്ടലുകൾ തെറ്റിച്ചില്ല.

അപേക്ഷയോടൊപ്പം സമർപ്പിച്ച രേഖാചിത്രങ്ങൾ കേവലം ഒരു നാടൻ കലാകാരനെയല്ല എനിക്കു പരിചയപ്പെടുത്തിയത്. അതിനപ്പുറം സാമൂഹിക പ്രവർത്തകൻ, കവി, ഡോക്യുമെന്ററി നിർമ്മാതാവ്, നടൻ, വാഗ്മി, മികച്ച സംഘാടകൻ തുടങ്ങിയ ബഹുമുഖ വ്യക്തിത്വത്തിന്റെ ഉടമയാണീ പയ്യന്നൂർ സ്വദേശി എന്നെനിക്കു മനസ്സിലാക്കാൻ ആ രേഖകളുടെ വരികളിലും വരികൾക്കിടയിലും വായിച്ചപ്പോൾ അവസരം ലഭിച്ചു. സർവ്വോപരി, മറ്റൊരു വിശാലമായ ജനോപകാരപ്രദമായ പ്രവർത്തനമേഖലയുണ്ടെന്നറിയാനും കഴിഞ്ഞു. ജീവകാരുണ്യപ്രവർത്തനം അതിന്റെ ആഴവും പരപ്പും കലാനികേതന്റെ പുരസ്കാര സമർപ്പണവേളയിലാണ് എനിക്ക് അടുത്തറിയാൻ കഴിഞ്ഞത്. അക്ഷരാർത്ഥത്തിൽ അദ്ദേഹം ഒരു ഫിലൻത്രോപിസ്റ്റാണ് (Philanthropist) ആംഗലേയപദം മന:പൂർവ്വം ഉപയോഗിച്ചതാണ്. കാരണം ജീവകാരുണ്യ പ്രവർത്തകൻ അഥവാ പരോപകാരി എന്നു പറഞ്ഞാൽ ഫിലൻത്രോപിസ്റ്റിന്റെ സമാന മലയാളപദമാകില്ല. ആ ആംഗലേയ വാക്കിന്റെ സമ്പൂർണ്ണമായ അർത്ഥം ജ്വലിപ്പിക്കുകയുമില്ല. വേണമെങ്കിൽ ജീവകാരുണ്യ പ്രവർത്തനത്തിന്റെ മനുഷ്യാകാരമെന്നോ മാനവസ്നേഹത്തിന്റെ മൂർത്തിമദ്ഭാവമെന്നോ പറഞ്ഞൊപ്പിക്കാം. ഈ വിശേഷണം ഞാനിവിടെ ആലങ്കാരികമായോ സ്തുതിപദമായോ ഉപയോഗിക്കുന്നതല്ല.

അവാർഡ് തീരുമാന വിവരം അറിയിക്കാനും സമർപ്പണസമ്മേളനത്തിൽ വെച്ച് പുരസ്കാരം സ്വീകരിക്കാനും അദ്ദേഹത്തെ ക്ഷണിക്കാൻ ശ്രീ.കെ.കൃഷ്ണൻമാസ്റ്ററോടൊപ്പം ചെന്നപ്പോഴാണ് ശ്രീ.ദാമോദരനെ ഞാൻ ആദ്യമായി കാണുന്നത്. ഞാനാദ്യം സൂചിപ്പിച്ചതുപോലെ ചിരകാല പരിചിതനായൊരു സുഹൃത്തിനെപ്പോലെയാണ് അദ്ദേഹം എന്നെ സ്വീകരിച്ചതും സൗഹൃദം പങ്കുവെച്ചതും.

കൊടക്കാട് പണയക്കാട്ട് ഭഗവതിക്കാവിന്റെ പരിസരത്തായിരുന്നു കലാനികേതന്റെ പുരസ്കാര സമർപ്പണ സമ്മേളനത്തിന്നു വേദിയൊരുക്കിയത്. ശ്രീ.ദാമോദരന്റെ കോൽക്കളിയിലുള്ള താല്പര്യം പരമ്പരാഗതമായി കൈവന്നതാണെന്നു സദസ്സിലുണ്ടായിരുന്ന വന്ദ്യവയോധികനായ ശ്രീ.കെ.യു.രാമപൊതുവാളുടെ സാന്നിദ്ധ്യം എന്നെ അറിയിച്ചു. കാരണം പയ്യന്നൂർ കോൽക്കളിയുടെ ആചാര്യന്മാരിൽ പ്രമുഖനായ അദ്ദേഹം ദാമോദരന്റെ പിതാവാണെന്ന് ഞാനവിടെവെച്ചറിഞ്ഞു.

സമ്മേളനവേദിയുടെ പിറകുവശ

ത്ത് വെച്ച് ദമോദരൻ ഞങ്ങളോട് പറഞ്ഞു. “എനിക്കു നിങ്ങൾ തരുന്ന അവാർഡുതുക, ദുരിതമനുഭവിക്കുന്ന, പ്രത്യേകിച്ച് ചികിത്സാ സംബന്ധമായ ചെലവുകൾ നേരിടാൻ കഷ്ട പ്പെടുന്ന ഏതെങ്കിലും പാവപ്പെട്ട രോഗിക്കു നല്കാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെ ആരെങ്കിലുമുണ്ടെങ്കിൽ... ദാമോദരൻ പറഞ്ഞ വസാനിപ്പിക്കും മുമ്പ് സംഘാടകരിലൊരാൾ പറഞ്ഞു. ഉണ്ട്, അർബുദം കാർന്നു തിന്നുന്ന പാവപ്പെട്ടൊരു പയ്യനുണ്ട്. അവരുടെ രക്ഷി താക്കളെ ആരെയെങ്കിലും വിളിക്കാം. ഈ വേദിയിൽ വെച്ചുതന്നെ നൽകാമല്ലോ. അക്കാര്യം ഇപ്പോൾതന്നെ അനൗൺസ് ചെയ്യാം. “വേണ്ട” അനൗൺസ് ചെയ്യാൻ വേദിയിലേക്കു നീങ്ങാനൊരുങ്ങിയ അയാളെ ദാമോദരൻ തടഞ്ഞു. ഒരു വിളംബരവും വേണ്ട. അവരെ ഇവിടെ വരുത്തുകയും വേണ്ട. അവരുടെ വീടെവിടെയാണെന്നു പറഞ്ഞു തന്നാൽമതി. ഞാൻ സൗകര്യം പോലെ പിന്നീട് ഒരു ദിവസം ആ പയ്യനെ നേരിൽ കണ്ടു തുക നല്കാം. പബ്ലിസിറ്റി യിൽ താല്പര്യമില്ല.”

സമ്മേളനം കഴിഞ്ഞ് മൂന്നാം ദിവസം രാവിലെ ശ്രീ.ദാമോദരൻ എന്റെ വസതിയി ലെത്തി. പണയക്കാട്ട് നിന്ന് വളരെ ദൂരത്ത ല്ലാത്ത, കൊടക്കാട് ഗ്രാമത്തിന്റെ വടക്കെ അറ്റത്തുള്ള ആ കൊച്ചു വീട്ടിലേക്കു ഞങ്ങൾ പുറപ്പെട്ടു. കലാനികേതന്റെ മറ്റൊരു പ്രവർ ത്തകനായ ഗോവിന്ദൻ മാസ്റ്ററും അവിടെ എത്തിയിരുന്നു. ഞങ്ങളുടെ ആഗമനോദ്ദേശം രോഗിയുടെ അമ്മയെ ധരിപ്പിച്ചു. മകന്റെ അസുഖം കാരണം, ഏകജീവിതോപാധിയായ കൂലിപ്പണിക്കുപോലും പോകാൻ സാധി ക്കാത്ത ആ പാവം കുടുംബിനിയുടെ സങ്കടം ഞങ്ങൾ നേരിൽ കണ്ടു. തന്റെ ബാഗ് തുറന്നു ദാമോദരൻ ഒരു കവർ പുറത്തെടുത്തു. അത് കലാനികേതന്റെ നാടൻ കലാ അവാർഡ് ശ്രീ. വി.ടി.വി.ദാമോദരന് എന്നെഴുതിയ ആകർഷകമായ കവറായി രുന്നു. അതിനകത്തു നിന്നു അവാർഡ് തുക പുറത്തെടുത്ത് എന്റെ കയ്യിൽ തന്നു. “ഇതാ ഇന്നലെ എനിക്കു നല്കിയ കാഷ് അവാർഡ്, ഇത് നിങ്ങൾ എനിക്കു വേണ്ടി ഇവരെ ഏല്പിക്കണം.” ദാമോദ രന്റെ നിർബ്ബന്ധം കാരണം എന്റെ കൈ കൊണ്ട് ആ തുക പയ്യന്റെ അമ്മയ്ക്കു നല്കി. പക്ഷേ, ഈ കവർ ഞാൻ കള യില്ല. ഇത് ഞാൻ സൂക്ഷിക്കും. എനിക്ക് തന്ന പ്രശ സ്തിപത്രത്തോടൊപ്പം ഞാനിത് നിധി പോലെ സൂക്ഷിക്കും. ദാമോദരൻ അങ്ങനെ പറഞ്ഞപ്പോൾ ഞങ്ങൾക്കു ഏറെ അഭിമാനം തോന്നി.

ആതുരനായ പയ്യന്റെ പരാതി കൾ, അവനെ ചികിത്സിക്കുന്ന ഡോക്ട റുമായി ഫോണിൽ ബന്ധപ്പെട്ട് അറിയി ക്കുകയും ഡോക്ടറുടെ നിർദ്ദേശങ്ങൾ അവനുമായി പങ്കുവെക്കുകയും ചെയ്തു കൊണ്ട് അവന്റെ നെറുകയിൽ തലോടി സമാശ്വസിപ്പിച്ചശേഷമാണ് ദാമോദരൻ അവിടെ നിന്നിറങ്ങിയത്. ആ തലോടൽ ഒരു സാന്ത്വന സ്പർശമായി അനുഭവപ്പെ ടുന്നത് അവന്റെ മുഖഭാവത്തിൽ ദർശി ക്കാൻ കഴിഞ്ഞു. കൊടക്കാട് ദേശക്കാ ർക്ക് പരിചിതമല്ലാതിരുന്ന ഒരു പേര് ഇപ്പോൾ കൊടക്കാടിന് സ്വന്തമാണ്.

കറകളഞ്ഞ മനുഷ്യസ്നേഹം. തന്നെ പുരസ്കാരത്തിന്നു കണ്ടെത്തിയ സ്ഥാപനത്തോടുള്ള കലവറയില്ലാത്ത ആദരം. സ്വദേശത്തു നിന്നും വിദേശ ത്തുനിന്നും നിരവധി പുരസ്കാരങ്ങളും അംഗീകാരങ്ങളും അദ്ദേഹത്തെ തേടി യെത്തിയിട്ടുണ്ട്. അബുദാബിയിലെ

**ജീവകാരുണ്യ പ്രവർത്തകൻ അഥവാ പരോപകാരി എന്നു പറഞ്ഞാൽ ഫിലൻത്രോപിസ്റ്റിന്റെ സമാന മലയാളപദമാകില്ല. ആ ആംഗലേയ വാക്കിന്റെ സമ്പൂർണ്ണമായ അർത്ഥം ജ്വലിപ്പിക്കുകയുമില്ല. വേണമെങ്കിൽ ജീവകാരുണ്യ പ്രവർത്തനത്തിന്റെ മനുഷ്യാകാരമെന്നോ മാനവസ്നേഹത്തിന്റെ മൂർത്തിമദ്ഭാവമെന്നോ പറഞ്ഞൊപ്പിക്കാം.**

പ്രശസ്ത ഇന്ത്യൻസംഘടനയായ ദി ഇന്ത്യാ സോഷ്യൽ & കൾച്ചറൽ സെന്ററിന്റെ മാസ്റ്റർ ഓഫ് ഫോക്‌ലോർ അവാർഡ്, കേരളഗാന്ധിഗ്രാം അവാർഡ്, ഖത്തറിലെ ഇന്ത്യൻ അംബാസിഡറിൽ നിന്നു സ്വീകരിക്കാനിടയായ ഖത്തർ സൗഹൃദവേദി അവാർഡ്, കേരള ഫോക്‌ലോർ അക്കാദമി അവാർഡ് തുടങ്ങിയവയുടെ കൂട്ടത്തിൽ കലാനികേതൻ അവാർഡിന്നു വലിയ പെരുമയൊന്നും അവകാശപ്പെടാനില്ല. എന്നിട്ടും ഈ പുരസ്കാരത്തെ ഏറെ സ്നേഹാദരങ്ങളോടെ, ഹൃദയത്തോട് ചേർത്തുപിടിച്ച് അംഗീകരിക്കാൻ ഇദ്ദേഹം തയ്യാറായി.

അശരണർക്കു സഹായം നല്കുന്ന പടം പത്ര മാധ്യമങ്ങളിലും സമൂഹമാധ്യമങ്ങളിലും പ്രചരിപ്പിക്കാൻ വെമ്പൽ കാട്ടുന്ന ദാനശീലരുടെ നാടാണിത്. അമ്പലത്തിലേക്കു സംഭാവന നല്കിയ വിവരം ഗോപുരവാതിൽക്കലോ ചവിട്ടുപടിയിലോ ക്ഷേത്രഭിത്തിയിലോ പേരെഴുതി പ്രദർശിപ്പിക്കാൻ അമിത താല്പര്യം കാണിക്കുന്നവരുടെ നാട്. ജനപ്രതിനിധികൾ തങ്ങളുടെ വികസന ഫണ്ടിലേക്ക് അനുവദിച്ച തുകക്കു ആസ്പത്രി കെട്ടിടമോ, സ്കൂൾ കെട്ടിടമോ, ആംബുലൻസോ, ഹൈമാസ്റ്റ് വിളക്കോ എന്തിനു ഒരു സോളാർ തെരുവ് വിളക്കോ നൽകിയാൽ അതിനുള്ള പണം സ്വന്തം കീശയിൽ നിന്നല്ലെന്നും ജനങ്ങളുടെതാണെന്നും പൂർണ്ണബോദ്ധ്യമുണ്ടായിട്ടും എം.പി/എം.എൽ.എ വക എന്ന് പേരുവെച്ച് വലിയ അക്ഷരത്തിൽ എഴുതിവെക്കുന്ന ഈ നാട്ടിൽ യാതൊരു പബ്ലിസിറ്റിയും കൊതിക്കാതെ ദുരിതമനുഭവിക്കുന്നവരെ അവരവരാൽ കഴിയും വിധം നിശ്ശബ്ദമായി സേവിക്കുന്ന, സ്നേഹിക്കുന്ന ഈ ഫിലൻത്രോപിസ്റ്റ് സാധാരണ സാമൂഹികപ്രവർത്തകരിൽ നിന്നു വേറിട്ടു നിൽക്കുന്നു. ഇത്തരത്തിലുള്ള നിരവധി സംരംഭങ്ങളും സന്ദർഭങ്ങളും ആ ജീവിതത്തിന്റെ സന്മനോഭാവത്തെ ചൈതന്യവത്താക്കുന്നു. പയ്യന്നൂരിലെ സ്പെഷൽ സ്കൂൾ (മലബാർ റിഹാബിലിറ്റേഷൻ സെന്റർ ഫോർ ഹാൻഡി കാപ്ഡ്)ളിനോടുള്ള അദ്ദേഹത്തിന്റെ സ്നേഹവും സേവനവും ഇക്കൂട്ടത്തിൽ പ്രമുഖമാണ്.

ഗാന്ധിയൻ ചിന്ത, കവിത്വം, പ്രവാസിക്ഷേമപ്രവർത്തനം, സോഷ്യൽ ആക്ടിവിസം, ഇവയൊക്കെ സമഞ്ജസമായി സമ്മേളിക്കുന്ന വി.ടി.വി.ദാമോദരന്റെ വ്യക്തിത്വത്തെ പ്രശോഭിതമാക്കുന്നത് ഈ മാനവികതയാണ്; അനുകമ്പയും സഹാനുഭൂതിയും നിറഞ്ഞ മനുഷ്യസ്നേഹം, അവിടെ മറ്റെല്ലാം ലയിച്ചുചേരുന്നു.

ഔദ്യോഗിക ജീവിത തിരക്കുകൾക്കിടയിൽ വീണുകിട്ടുന്ന ഇടവേളകളിൽ നാട്ടിലെത്തുമ്പോൾ ദാമോദരൻ എന്നെ വിളിക്കാറുണ്ട്. ഇടയ്ക്കൊക്കെ സന്ദർശിക്കാറുമുണ്ട്. ഒരിക്കൽ അറബിനാട്ടിൽ നിന്നെത്തിയ അറബിസാഹിത്യകാരന്റെയും സാമൂഹിക പ്രവർത്തകന്റെയും എം.ആർ.സി.എച്ച് സന്ദർശനവേളയിൽ എന്നെ അവിടേക്ക് ക്ഷണിച്ചതും അവരെ പരിചയപ്പെടുത്തിയതും ഞാനോർക്കുന്നു. ഞങ്ങളുടെ സുഹൃദ് ബന്ധം അഭംഗുരം തുടരുന്നു







# സ്നേഹവിളക്ക്

ടി.പി.എൻ.അനിൽ

പ്രപഞ്ചത്തെ അതിന്റെ അതിമനോഹാരിതയോടെ നിലനിർത്തുന്ന പരമപ്രധാന ഘടകം നന്മയും കാരുണ്യവും അതിന്റെ പകർച്ചയും തന്നെയാണ്. അത് വി.ടി.വി. അനുഭവിപ്പിക്കുന്ന ഒരു പകർന്നാട്ടമാണ്. ഇക്കാര്യത്തിൽ നമ്മൾ നേരിട്ടനുഭവിക്കുന്ന ആ ചലനാത്മക നേതൃത്വത്തെ അതിൽ നിന്നും കിട്ടുന്ന പ്രചോദനത്തെ നാമെങ്ങിനെ ആദരിക്കാതിരിക്കും.

'സമൂഹത്തിൽ ചിലരുണ്ട്, ഒന്നിലൊതുങ്ങാതെ പരന്നൊഴുകുന്നവരായി'. തന്റെ പരിമിതികളെ തരണം ചെയ്ത് തെളിച്ചം നേടു ന്നവർ.ആ ചൈതന്യത്തെയാണവർ സമൂഹത്തിന് വെളിച്ചമായി, പ്രകാശമായി പകരുന്നത്. അങ്ങനെയുള്ളവർക്കേ സമൂഹത്തിൽ ആത്മാർത്ഥമായ അംഗീകാരങ്ങൾ കിട്ടൂ. വിശാലമായ സൗഹൃദവലയങ്ങൾ സൃഷ്ടിക്കാൻ പറ്റൂ. വ്യക്തിതാൽപ്പര്യങ്ങൾക്കുപരിയായി അവർ ചൊരിയുന്ന

(അതു അദ്ദേഹത്തെ കുറിച്ച് തികച്ചും വ്യക്തിപരമായ തിനാൽ ഇവിടെ കുറിക്കുന്നില്ല).

അതുകൊണ്ടുതന്നെയാണ് 2004 മുതലുള്ള യു.എ.ഇ ജീവിതകാലത്തും ആ പ്രസാദാത്മക സ്വാധീനം ആവോളം അടുത്തനുഭവിച്ചു കൊണ്ടിരിക്കുന്നതും ആസ്വാദ്യകരമാവുന്നതും. ഹൃദയത്തെ നിർമ്മലവും ശാന്തവും ആക്കാൻ കഴിയുന്നവർക്കു മാത്രമുണ്ടാകുന്ന തുറന്നമനസ്സുള്ളവർക്കേ മറ്റുള്ളവരിൽ സ്വാധീനം ചെലുത്താൻ പറ്റൂ. അതു നമുക്കു ദാമോദരേട്ടനിലൂടെ അനുഭവിക്കാം.


'എന്റെ വീട്, എന്റെ കുടുംബം എന്ന ചെറിയചിന്തയ്ക്കപ്പുറം ' എന്റെ നാട് ' എന്ന വി.ടി.വി. യുടെ ഗൃഹാതുരമായ നിരന്തര ഓർമ്മപ്പെടുത്തലുകൾ എല്ലാ പ്രവാസികളുടെയും മനസ്സിൽ എന്നും ഉണ്ടാവണമെന്ന് ' ഗൾഫിലെ ഒരു മുതിർന്ന പത്രപ്രവർത്തകൻ പറഞ്ഞത് ഇവിടെ കുറിക്കട്ടെ. തന്റെ സാമൂഹിക പ്രതിബദ്ധതയുള്ള സജീവ ഇടപെടലുകളിലൂടെ പയ്യന്നൂരിന്റെ മാത്രം പ്രത്യേകമായ വ്യത്യസ്തമായ പ്രാദേശിക ത്തനിമയെ അതിന്റെ ആഴത്തോടെ നാട്ടുകാർക്കും വിദേശികൾക്കും ആവേശത്തോടെ പകർന്നുനൽകുന്ന ദാമോദരേട്ടനെയാണ് ഞാൻ എന്നും കണ്ടിട്ടുള്ളത്. നമ്മുടെ ഗ്രാമനന്മയെ അതേ സർഗ്ഗചൈതന്യത്തോടെ പ്രവാസ ലോകത്ത് പരത്തുന്നതിൽ അദ്ദേഹം വഹിക്കുന്ന പങ്ക് നിസ്തുലമാണ്.

പ്രപഞ്ചത്തെ അതിന്റെ അതിമനോഹാരിതയോടെ നിലനിർത്തുന്ന പരമപ്രധാന ഘടകം നന്മയും കാരുണ്യവും അതിന്റെ പകർച്ചയും തന്നെയാണ്. അത് വി.ടി.വി. അനുഭവിപ്പിക്കുന്ന ഒരു പകർന്നാട്ടമാണ്. ഇക്കാര്യത്തിൽ നമ്മൾ നേരിട്ടനുഭവിക്കുന്ന ആ ചലനാത്മക നേതൃത്വത്തെ അതിൽ നിന്നും കിട്ടുന്ന പ്രചോദനത്തെ നാമെങ്ങിനെ ആദരിക്കാതിരിക്കും. നന്മയെ പടിയടച്ചു പുറത്താക്കുന്ന ആധുനികകാലത്ത് തന്റെ സ്നേഹത്തിലൂടെ, കർമ്മത്തിലൂടെ അതിനെ തിരിച്ചുപിടിക്കാൻ അദ്ദേഹം നടത്തുന്ന നിരന്തര സമരങ്ങൾ രേഖപ്പെടുത്തേണ്ടവ തന്നെയാണ്. സദ്ഗുണങ്ങളെ സൂര്യപ്രഭയാർന്ന ഒരു ദീപശിഖയായി നമുക്കായി അദ്ദേഹം കൊളുത്തി വെക്കുന്നു. അതിൽ നിന്നും ചെറുതിരികൾ കത്തിപ്പടരാൻ, അതിന്റെ



സ്നേഹവും, കരുണാസ്പർശവും, നിസ്വാർത്ഥ സേവനങ്ങളുമെല്ലാം എല്ലാവർക്കും പ്രയോജനകരവും പ്രചോദനകരവും ആയിരിക്കും. സ്വകാര്യങ്ങൾ മാറ്റി വെച്ച് നിരന്തര പ്രയത്നത്തിലൂടെ നാട്ടിന്നു വേണ്ടി തന്നെത്തന്നെ മാറ്റിമറിക്കാൻ കഴിയുമെന്ന് അവർ ജീവിച്ചു കാണിക്കും. അത്തരമൊരു വ്യക്തിത്വത്തിന്റെ ഉടമയാണ് ശ്രീ.വി.ടി.വി. ദാമോദരൻ.

അദ്ദേഹത്തെ ആദ്യം കാണുന്നത് എൺപതുകളുടെ ആദ്യപാതിയിൽ കൈതപ്രത്തെ ബന്ധുവീട്ടിൽ വെച്ചാണ്. ആദ്യ കാഴ്ചകളാണല്ലോ മനസ്സിലെന്നും ദൃഢമായി നിൽക്കാറുള്ളത്. അന്നത്തെ എന്റെ ഓർമ്മളിൽ അദ്ദേഹം എന്നും കാട്ടാറുള്ള സഹജീവികളോടുള്ള അനുകമ്പയും കാരുണ്യവും മനസ്സിലിന്നും പച്ച പിടിച്ചു നിൽക്കുന്നു




CHERUTHAZHAM BANK
ഗൃഹോപകരണങ്ങൾ
ഏറ്റവും കുറഞ്ഞ വിലയിൽ...
മറ്റ് വ്യാപാര ശൃംഖലകൾ
നീതി ഇലക്ട്രിക്കൽസ് & പ്ലമ്പിംഗ്
നീതി ടൈൽസ് & സാനിറ്ററീസ്
നീതി ഹാർഡ്‌വെയർ & പെയിന്റ്സ്
ഫർണിച്ചർ ഷോറൂം
ഇടനിലക്കാർ ഇല്ലാത്ത വ്യാപാരം
മികച്ച വിൽപ്പനാനന്തര സേവനം
ചെറുതാഴം സർവ്വീസ് സഹകരണ ബേങ്ക്
ഗൃഹോപകരണ ഷോറൂം
ചെറുതാഴം സർവ്വീസ് സഹകരണ ബേങ്ക്
നാടിന്റെ കരുത്ത്... നാട്ടാരുടെ സുഹൃത്ത്...
NO: F 747, H.O. പിലാത്തറ, കണ്ണൂർ
Ph: 0497 2800132
2802650


SINCE 1976
ആറായിരത്തിലധികം ക്ഷീരോൽപാദകർ.
രണ്ടായിരത്തിലധികം ഏജന്റുമാർ.
60വയസ്സ് കഴിഞ്ഞ ക്ഷീരോൽപാദകർക്ക് മാസം 700ക പെൻഷൻ.
പശുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലാബേങ്ക്, നബാർഡ് സഹകരണത്തോടെ ക്ഷീരനിധി പദ്ധതി, പലിശ പൂർണ്ണമായും സൊസൈറ്റി അടക്കുന്നു.
മുഴുവൻ ക്ഷീരോൽപാദകർക്കും വർഷം 1 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സാ പദ്ധതി.
സൊസൈറ്റിയിൽ അളക്കുന്ന മുഴുവൻ പാലിനും ലിറ്ററിന് 2ക ഇൻസെന്റീവ്
JCS
Reg.No:s.127/82
ജനത
പാൽ
പ്രസിഡണ്ട്
ഇ.ഭാസ്കരൻ
സെക്രട്ടറി
ടി.ശ്രീജിത്ത്
JANATHA
CHARITABLE SOCIETY
P.O.VELLUR, PAYYANUR. PH:04985 266367,266167
Email:jcsvellur@gmail.com www.janathacharitablesociety.com

നീതിക്കായുള്ള ഏതു പോരാട്ടത്തിനും
ഏതു സമയത്തും സാധാരണക്കാരനു
പ്രാപ്യനായ വ്യക്തിയാണ് ദാമോദരേട്ടൻ.
അനീതിക്കെതിരെയുള്ള അദ്ദേഹത്തിന്റെ
വിട്ടുവീഴ്ചയില്ലാത്ത സമീപനങ്ങളും
നിലപാടുകളും അടിവരയിടേണ്ടതാണ്.

പ്രകാശം നാട്ടിൽ നിറയാൻ ദാമോദരേട്ടൻ നിരന്തരം യത്നിക്കുന്നു.

അദ്ദേഹവുമൊന്നിച്ചുള്ള ചർച്ചകളെല്ലാം നവ്യമായ അനുഭവങ്ങളാണ്. നീതിക്കായുള്ള ഏതു പോരാട്ടത്തിനും ഏതു സമയത്തും സാധാരണക്കാരനു പ്രാപ്യനായ വ്യക്തിയാണ് ദാമോദരേട്ടൻ. അനീതിക്കെതിരെയുള്ള അദ്ദേഹത്തിന്റെ വിട്ടുവീഴ്ചയില്ലാത്ത സമീപനങ്ങളും നിലപാടുകളും അടിവരയിടേണ്ടതാണ്. 'സ്നേഹമാണഖിലസാരമൂഴിയിൽ' എന്നത് ഇദ്ദേഹത്തിന് വെറും ആപ്തവാക്യമല്ല. ആ പ്രവർത്തനങ്ങൾ, ഉദ്യമങ്ങൾ, വാക്കുകൾ അതു നമ്മെ ബോധ്യപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു.

തന്റെ തുറന്ന സംസാരശൈലിയിലൂടെയും എറ്റെടുത്ത കാര്യങ്ങളിൽ കാണിക്കുന്ന നിറഞ്ഞ സത്യസന്ധതയിലൂടെയുമാണ് അദ്ദേഹം നന്മയുടെ ഇത്രയും വലിയ സൗഹൃദകൂട്ടായ്മ തീർത്തത്. ജീവിതത്തിൽ ദാമോദരേട്ടനുള്ള ഏക സമ്പാദ്യവും അതു തന്നെ. അതിനെ അതിന്റെ തികഞ്ഞ സജീവതയോടെ മുന്നോട്ടു കൊണ്ടു പോകാൻ അദ്ദേഹം ചെലവഴിക്കുന്ന സമയം നമ്മെ അത്ഭുതപ്പെടുത്തും. നല്ല ബന്ധങ്ങളും സൗഹൃദങ്ങളും ആലങ്കാരികമായി പറയുന്ന പോലെ മണ്ണിലും വിണ്ണിലും മാത്രമല്ല നല്ല മനസ്സിലും വിളയിക്കാനും വളർത്താനും കഴിയുമെന്ന് അദ്ദേഹം സമൂഹത്തെ ഓർമ്മിപ്പിക്കുന്നു. നന്മകളുടെ മരുവൽക്കരണകാലത്ത് അതിനെ പൂർണ്ണതകളോടെ നെഞ്ചേറ്റി നടക്കുന്ന ഒരു മനുഷ്യനെ നമുക്കിവിടെ ദർശിക്കാം.

നല്ലവരെ തുറന്നഭിനന്ദിക്കാൻ നാം മടിക്കേണ്ടതില്ല. പരിചയപ്പെടുന്നവർക്കെല്ലാം സുഖദമായ ഓർമ്മകൾ മാത്രം നൽകുന്ന ധന്യധന്യമായ ജീവിതം നയിക്കുന്ന പ്രിയപ്പെട്ട ജ്യേഷ്ഠസഹോദരൻ ശ്രീ വി.ടി.വി. ദാമോദരനു എന്റെ ഹൃദയാശംസകൾ അർപ്പിക്കുന്നു.





വേലിക്കകത്ത്
കുഞ്ഞിരാമൻ
കോറോം



സംസ്ക്കാരം, സംസ്കൃതി എന്നൊക്കെ വിവക്ഷിക്കപ്പെടുമ്പോൾ ഭാഷ, വേഷം, ഭക്ഷണം, ജീവിതരീതികൾ എന്നതു പോലെത്തന്നെ ദയ, ധർമ്മം, നീതി, ശുദ്ധി, വിശുദ്ധി തുടങ്ങിയ സചേതനാപരമായ ബോധാവബോധ മണ്ഡലങ്ങളിലേക്ക് അനുധാവനം ചെയ്യപ്പെടുകയെന്നത് സ്വാഭാവിക പരിണാമ പ്രക്രിയയാണ്.

“തന്നെപ്പോലെ തന്റെ അയൽക്കാരനേയും സ്നേഹിക്കുക!” “കിട്ടുന്നതിൽ പാതി ധർമ്മം!” ആദിയായ മഹത് വചനങ്ങളെ സ്വാംശീകരിച്ച്, അതിന്റെ ആന്തരീകാർത്ഥ സാംരാംശങ്ങൾക്കനുസൃതമായി ഒരാൾ തന്റെ കർമ്മശേഷി വിനിയോഗിക്കാൻ തയ്യാറാകുന്നു എന്നത്; നന്മയുടെ മേലെ തിന്മയുടെ ആധിപത്യം പൂർവ്വാധികം ശക്തമാവുകയും, ഭീതിദായകമായ അവസ്ഥാവിശേഷത്തിലൂടെ കാലം അനുദിനം യുദ്ധസമാനമായ അപഥസഞ്ചാരം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണെന്നത് ഏറെ പ്രാധാന്യമർഹിക്കുന്നു.

‘പരിശ്രമം ചെയ്യുകിലെന്തിനേയും
കരസ്ഥമാക്കാൻ കഴിവുള്ള വണ്ണം
ദീർഘങ്ങളാം കൈകളെ നല്കിയത്രെ
മനുഷ്യനെ പാരിലയച്ചതീശൻ!’

എന്ന് കവിശ്രേഷ്ഠന്റെ വിഖ്യാത വരികളെ അന്വർത്ഥമാക്കും വിധം നിരന്തരവും ത്യാഗസമ്പന്നവുമായ പരിശ്രമത്തിൻ ഫലമായി ആഗ്രഹിച്ചതെല്ലാം സഫലീകൃതമാകാനും, സമൂഹനന്മക്കായി പകർന്നു നൽകാനും; ജീവിതത്തിൽ അവിസ്മരണീയ പ്രസക്തവും, പ്രയോഗിക പ്രതിബദ്ധതയാൽ വിരാജിത പ്രഭാവം ആർജ്ജിക്കുവാൻ കഴിയുന്ന നിലയിലുമാണെന്നതും താൻ പിൻതുടരുന്ന സത്യബോധത്തിന്റെ അലംഘനീയമായ സാമൂഹ്യ നീതികളുടെ നിതാന്തമായ ജാഗ്രതയ്ക്കുള്ള ശ്രേഷ്ഠമായ അംഗീകാരമാണെന്നതും പലരും തിരിച്ചറിഞ്ഞിട്ടുണ്ടാവില്ല!

# ഏഴൈ തോഴൻ

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട നിർദ്ധനരും നിരാലംബരുമായവരെ സഹായിക്കുക എന്ന മഹനീയ ലക്ഷ്യത്തോടെ ജീവകാരുണ്യപ്രവർത്തനങ്ങളിലും സാമൂഹ്യസേവനരംഗത്തും നിഷ്ക്കാമകർമ്മം ചെയ്തുവരികയും സ്നേഹസൗഹാർദ്ദതര ളിതമായ തന്റെ ജീവിതപ്രയാണത്തിൽ മാനവിക ദർശനത്തിലധിഷ്ഠിതമായ പ്രവർത്തനശൈലി പിന്തുടരുകയും ചെയ്യുന്ന ഇദ്ദേഹം മറ്റു പലരിൽ നിന്നും വ്യത്യസ്തനാണ്. മഹാത്മജിയും മദർതെരേസയുമാണ് ഇങ്ങനെയുള്ള കാര്യത്തിൽ തന്നെ ഏറെ സ്വാധീനിച്ചതെന്ന തിരിച്ചറിവാണ് ഈ മനുഷ്യനെ, പോയകാല നന്മയുടെയും ത്യാഗസുരഭിലമായ ഭാവതലങ്ങളായും അടയാളപ്പെടുത്തുന്നത്. വ്യക്തിപരമായ ജീവിതത്തിലെന്ന പോലെ താൻ പിന്തുടരുന്ന ഏതൊരു പ്രവർത്തനത്തിലും തനതായ കാഴ്ചപ്പാടും ദിശാബോധവും വ്യക്തമാക്കുന്നതിലൂടെ പ്രസിദ്ധിയാർജ്ജിച്ച വി.ടി.വിയെന്ന ബഹുമുഖപ്രതിഭയെക്കുറിച്ചാണ് ഇത്രയും സൂചിപ്പിച്ചത്.

നാടൻകലകളെ പ്രത്യേകിച്ച് കോൽക്കളിയെന്ന കായിക കലാരൂപത്തെ വളർത്തി സംരക്ഷിക്കുന്നതിൽ ആചാര്യസ്ഥാനീകനും അതികായനുമായിരുന്ന അന്തരിച്ച കെ.യു.രാമ പൊതുവാളുടെയും, വി.ടി.വി.നാരായണി അമ്മയുടെയും മകനായ ദാമോദരൻ പിതാവിന്റെ കലാ പൈതൃകത്തെ നെഞ്ചേറ്റിയാണ് വളർന്നുവന്നത്. നന്നേ ചെറുപ്പത്തിൽ തന്നെ കോൽക്കളി അഭ്യസിക്കുകയും പരിശീലകനായി തന്നിലുള്ള കലാപ്രതിഭയ്ക്ക് മാറ്റു കൂട്ടുവാനും ശ്രദ്ധിച്ചു. ജീവിതത്തിൽ ഏറെ പ്രയാസങ്ങൾ സഹിച്ചും വൈതരണികൾ മറികടന്നുമാണ് ഇദ്ദേഹം വളർന്നുവന്നത്. സ്വപ്രയത്നം കൊണ്ടും സ്ഥിരോത്സാഹത്താലുമാണ് തന്നെ താനാക്കി മാറ്റിയതെന്ന്, അനുഭവങ്ങളിൽ ചാലിച്ച കർമ്മവൈഭവം സാക്ഷ്യപ്പെടുത്തുന്നു. പ്രധാന ശ്രദ്ധാകേന്ദ്രം ജീവകാരുണ്യ സാമൂഹ്യ മണ്ഡലമാണെങ്കിലും; കലാ-സാഹിത്യ-സാംസ്കാരിക- കവിതാരചന-നാടകം-സിനിമ-അഭിനയം-പ്രസംഗം-സംഘാടനം എന്നീ നിലകളിലെല്ലാം തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ഈ സകലകലാവല്ലഭൻ കേരളത്തിന്റെ യശസ്സ് മറ്റുരാജ്യങ്ങളിൽ പോലും ഉയർത്തിയെടുത്ത അതുല്യ പ്രതിഭയാണ്. കോൽക്കളിയെന്ന കലാരൂപത്തെ ഗൾഫുനാടുകളിലും മറ്റും പ്രചരിപ്പിക്കുന്നതിൽ ഇദ്ദേഹം കാണിച്ച അതീവ താല്പര്യം പ്രശംസനീയമാണ്.


അനശ്വരനായ രാഷ്ട്രപിതാവിന്റെ മഹത്വവും അഹിംസാ സിദ്ധാന്തത്തിന്റെ പ്രസക്തിയും ലോകരാജ്യങ്ങൾ

പോലും അംഗീകരിക്കുകയും ചർച്ചചെയ്യപ്പെടുകയും ചെയ്യുന്ന ഈ സന്ദർഭത്തിൽ; സത്യം, സമാധാനം, ത്യാഗം തുടങ്ങിയ മാനുഷീക മൂല്യങ്ങളെ വർദ്ധിതവീര്യത്തോടെ ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയും മഹാത്മാവ് തന്നിൽ  ചെലുത്തിയ അതിയായ വൈകാരിക ബന്ധത്തിന്റെ ബഹിർസ്ഫുരണമെന്ന നിലയിലും ഗാന്ധിശില്പവും, സ്വാതന്ത്ര്യ സമരചരിത്രത്തിലെ അടയാളമായ നൂൽനൂൽപ്പ് ചർക്കയും; രണ്ടാം ബർദോളിയായി അറിയപ്പെടുന്നതും, മഹാത്മജിയുടെ പാദസ്പർശത്താൽ ആദരണീയവുമായ പയ്യന്നൂരിൽ നിന്നും സാഘോഷം അബുദാബിയിലെ സിരാകേന്ദ്രത്തിൽ സ്ഥാപിക്കാനും ലോകരാജ്യങ്ങളുടെ പ്രശംസയേറ്റുവാങ്ങാനും അനന്യസാധാരണമായ കഴിവുകളാണ് ഈ മലയാളി ഭാരതീയൻ സംഭാവന ചെയ്തത്. ഇന്ത്യയെന്ന വികാരത്തെ നെഞ്ചേറ്റുന്ന ആരിലും ഈ മഹനീയ മുഹൂർത്തം വലിയൊരഭിമാനമായി ഉയർന്നു നിൽക്കുകയാണ്.

നിസ്വാർത്ഥ സേവനത്തിന്റെ പ്രതീകമായി പ്രകീർത്തിക്കപ്പെടുന്ന ഈ മനുഷ്യൻ ഇങ്ങനെയുള്ള കാര്യങ്ങളിൽ നിന്നും യാതൊരു നേട്ടവും പ്രതീക്ഷിക്കുന്നില്ലെന്നു മാത്രമല്ല;  ഇതൊക്കെ സമൂഹത്തോടുള്ള തന്റെ കടമയാണെന്ന എളിമയാർന്ന വിശ്വാസമാണ് സൂക്ഷിക്കുന്നത്.

മറ്റു പല രംഗങ്ങളും പോലെ ജീവകാരുണ്യ പ്രവർത്തനങ്ങളും പണസമ്പാദനത്തിനുള്ള ഉപാധികളായി മാറ്റപ്പെടുന്ന ഹീനമായ പ്രവണതകൾ ഏറിവരികയാണ്. ഈ മേഖല പലതുകൊണ്ടും കള്ളനാണയങ്ങളുടെ വിഹാരകേന്ദ്രങ്ങളായി മാറ്റപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. മാനവികതയുടെ മുഖം മൂടിയണിഞ്ഞ് അക്രമം, കൊലപാതകം, ശിശുഹത്യകൾ, പീഢനങ്ങൾ തുടങ്ങി ബീഭത്സവും പൈശാചികവുമായ ചുടലതാണ്ഡവങ്ങളാണ് ദിനംപ്രതി തകർത്താടുന്നത്. ക്രൂരതയാർന്ന ഈ സംഭവപരമ്പരകളിൽ ഏറിയ കൂറും പണമാണ് പ്രധാനവില്ലനായി ഉറഞ്ഞു തുള്ളുന്നത്.

ഇങ്ങനെയുള്ള പൈശാചിക കൃത്യങ്ങൾക്കിടയിലും വി.ടി.വിയെപ്പോലുള്ള നന്മയുടെ തുരുത്തുകൾ പ്രത്യക്ഷപ്പെടുന്നുവെന്നത് എന്തുകൊണ്ടും ആശ്വാസകരമാണ്. ഏത് സന്നിഗ്ദ്ധഘട്ടത്തിലും സഹായഹസ്തവുമായി ഒരു ദൈവദൂതനെപ്പോലെ നിസ്സ്വരുടെ രക്ഷകനായി തലയുയർത്തി നിൽക്കുന്ന ഒരു മനുഷ്യപുത്രനെ വി.ടി.വിയിൽ നമുക്ക് ദർശിക്കാവുന്നതാണ്. അനുഭവങ്ങൾ, സംസ്കാരം, സൗമ്യത, ലാളിത്യം, സത്യസന്ധത, പരസ്പര വിശ്വാസം എന്നീ നന്മക



ളാൽ സന്നിവേശിക്കപ്പെട്ട സഞ്ചിത സംസ്കാരമാണ് ഈ കാരുണ്യവാനെ ഈ നിലയിലേക്ക് ചിന്തിക്കുവാനും പ്രവർത്തിക്കാനും സന്നദ്ധമാക്കിയതെന്ന് നിസ്സംശയം വിലയിരുത്താൻ കഴിയും.

പ്രവാസിയെന്ന നിലയിൽ അബുദാബിയിലെ ജോലിത്തിരക്കിനിടയിലും, തന്റെ സിരാപടലങ്ങളിൽ പടർന്നു പന്തലിച്ചു നിൽക്കുന്ന നിസ്സ്വരെ സഹായിക്കാനുള്ള സന്മനോഭാവത്തിന്ന് യാതൊരു ഊനവും തട്ടാറില്ലെന്നു മാത്രമല്ല; സമാന മനസ്ക്കരേയും അഭ്യുദയകാംക്ഷികളേയും കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള സ്നേഹകൂട്ടായ്മ രൂപീകരിച്ച് കർമ്മരംഗം പരിപോഷിപ്പിക്കാനുള്ള കഠിനശ്രമങ്ങളും ഈ മനുഷ്യൻ ചെയ്യുകയുണ്ടായി. ഇങ്ങനെയുള്ള കർമ്മങ്ങളിൽ ഇദ്ദേഹം കാണിക്കുന്ന ആവേശവും ഉദ്ദേശ്യശുദ്ധിയും ആരേയും അത്ഭുതപ്പെടുത്തുന്നതാണ്.

പ്രശസ്തനായ വി.ടി.വിയെക്കുറിച്ച് മുമ്പെ തന്നെ മനസ്സിലാക്കിയിട്ടുണ്ടെങ്കിലും; പതിനൊന്നു വർഷം മുമ്പെ രൂപീകരിച്ച് പ്രവർത്തിക്കുന്ന 'കോറോം സ്നേഹ ചാരിറ്റബിൾ സൊസൈറ്റി' യുടെ പ്രവർത്തനങ്ങളും സഹായവിതരണങ്ങളുമായി ബന്ധപ്പെട്ടതു മുതലാണ് സ്നേഹസൗഹൃദം സ്ഥാപിക്കാനും താമസംവിനാ ആത്മബന്ധമായി പരിണമിക്കാനും ഇടയായത്. സ്നേഹയുടെ ആദരണീയനായ ചെയർമാൻ ശ്രീ.പി.ടി.ദാമോദരൻ നമ്പ്യാരും, നാട്ടുകാരനും സ്നേഹയുടെ സഹയാത്രികനും എന്റെ ആത്മമിത്രവും ചെന്നൈയിലെ പ്രസിദ്ധനുമായ അഡ്വ.പി.ഇ.ആർ നമ്പ്യാർ തുടങ്ങിയവരുമായിട്ട് വി.ടി.വിക്കുള്ള അതിയായ ബന്ധമാണ് ഞങ്ങളുമായിട്ടുള്ള സ്നേഹസൗഹൃദത്തിന് പതിന്മടങ്ങ് മാറ്റു വർദ്ധിക്കാൻ കാരണമായതെന്നും ഇത്തരുണത്തിൽ സ്മരിച്ചുപോകുന്നു. സ്നേഹയുടെ പേരിലും അല്ലാതെയും നിരവധി പ്രവർത്തനങ്ങളിലും സീമാതീതമായ സഹായ സഹകരണങ്ങളും ഈ കാരുണ്യവാനിൽ നിന്നും ലഭിക്കുകയുണ്ടായി. വീട് പുനർനിർമ്മാണം, കിണർ നിർമ്മാണം, അംഗവൈകല്യബാധിതരെ അതിരറ്റു സഹായിക്കൽ, നിർദ്ധനരായ രോഗികൾക്കുള്ള ചികിത്സയും അനുബന്ധ സഹായങ്ങളും, മാനസീക വിഭ്രാന്തിയാൽ ജീവിതം ഉപേക്ഷിക്കേണ്ടി വരുമെന്ന നിരാശിതരെ സകലമാന സഹായങ്ങളും ചെയ്ത് ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തൽ തുടങ്ങി എണ്ണിയാലൊടുങ്ങാത്ത സഹായഹസ്തങ്ങളുടെ നീണ്ടൊരു ചരിത്രം തന്നെ ഈ മനുഷ്യനെക്കുറിച്ച് രേഖപ്പെടുത്താനുണ്ട്. വിസ്താരഭയത്താൽ ആയതിന്ന് മുതിരുന്നില്ല.

നാട്ടിലും രാജ്യത്തും വിദേശത്തും നിരവധി സംഘടനകളുടെ ഭാരവാഹിയായി ഏറിയ ഉത്തരവാദിത്വങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുകയും, ഏറിയ കൃത്യബാഹുല്യങ്ങൾക്കിടയിലും വിശ്രമമില്ലാതെ പാവപ്പെട്ടവർക്കായി ജീവിതം ഉഴിഞ്ഞുവച്ച, സഹായിക്കാനുള്ള പ്രതിബന്ധതയും കർമ്മശേഷി വിനിയോഗവും ആരിലും മതിപ്പുളവാക്കും! നന്മയുടെ പക്ഷത്തു നിലകൊണ്ട്, സമൂഹത്തിലെ പാർശ്വവൽക്കരിപ്പെട്ടവരുടെ രക്ഷകനായും, പ്രാപഞ്ചീക സത്യങ്ങളാൽ അനാവരണം ചെയ്യപ്പെട്ട സഹനാത്മക യാഥാർത്ഥ്യങ്ങളെ പരിരംഭണം പ്രാപിച്ചും ധന്യവും സാർത്ഥകവുമായ ജീവിതം അനുസ്യൂതം തുടരട്ടെ എന്നും വിശുദ്ധി-തനിമ-വിനയം എന്നീ പദങ്ങളിൽ അലിഞ്ഞു ചേർന്ന അന്യാദൃശ വൈഭവം എന്നും 'ഏഴ'കളുടെ സംരക്ഷക്കായി വിനിയോഗിക്കാൻ കഴിയട്ടെയെന്നും ആത്മാർത്ഥമായി ആഗ്രഹിച്ചും ആശംസിച്ചും കൊള്ളുന്നു

അനുഭവങ്ങൾ, സംസ്കാരം, സൗമ്യത, ലാളിത്യം, സത്യസന്ധത, പരസ്പര വിശ്വാസം എന്നീ നന്മകളാൽ സന്നിവേശിക്കപ്പെട്ട സഞ്ചിതസംസ്കാരമാണ് ഈ കാരുണ്യവാനെ ഈ നിലയിലേക്ക് ചിന്തിക്കാനും പ്രവർത്തിക്കാനും സന്നദ്ധമാക്കിയതെന്ന് നിസ്സംശയം വിലയിരുത്താൻ കഴിയും.

ക്ലിന്റു പവിത്രൻ
(സിനിമ, നാടക പ്രവർത്തകൻ)



# പയ്യന്നൂരിന്റെ വി ടി വി



ഗാന്ധിയൻ സന്ദേശം മുറുകേ പിടിക്കുന്ന ഇദ്ദേഹം വിദേശത്ത് ഗാന്ധിസാഹിത്യവേദി രൂപീകരിക്കുകയും ഗാന്ധിയൻ ദർശനങ്ങൾ പ്രചരിപ്പിക്കുന്നതിനോടൊപ്പം സാമൂഹിക, സാംസ്കാരിക, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ കർമ്മനിരതനാണ്.

വി.ടി.വി ദാമോദരൻ എന്ന വി.ടി.വി സ്വദേശത്തും വിദേശത്തും ഏവർക്കും സുപരിചിതനാണ്. ഏറെ സൗഹൃദങ്ങളുള്ള ഇദ്ദേഹം സഹജീവികളോടുള്ള അനുകമ്പ എന്നും കൈവിടാതെ കാത്തുസൂക്ഷിക്കാറുണ്ട്. സഹോദര തുല്യം എനിക്ക് വേണ്ടുന്ന പ്രോത്സാഹനവും കരുതലും വി.ടി.വിയിൽ നിന്നും എപ്പോഴും ലഭിക്കാറുണ്ട്. ഓണത്താർ എന്ന കലാരൂപം അബുദാബിയിലും ദുബായിലും അവതരിപ്പിക്കുന്നതിന് എനിക്ക് വേദി ഒരുക്കിതന്നത് നന്ദിപൂർവ്വം സ്മരിക്കുന്നു.

"എന്റെ ജീവിതമാണ് എന്റെ സന്ദേശം" എന്ന് മഹാത്മജി പറഞ്ഞതുപോലെ വി.ടി.വി.യുടെ ജീവിതത്തിൽ നിന്നും ഒരുപാട് സന്ദേശം നമുക്ക് പ്രകാശമായി വർഷിക്കാറുണ്ട്. ഗാന്ധിയൻ സന്ദേശം മുറുകേ പിടിക്കുന്ന ഇദ്ദേഹം വിദേശത്ത് ഗാന്ധിസാഹിത്യവേദി രൂപീകരിക്കുകയും ഗാന്ധിയൻ ദർശനങ്ങൾ പ്രചരിപ്പിക്കുന്നതിനോടൊപ്പം സാമൂഹിക, സാംസ്കാരിക, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ കർമ്മനിരതനാണ്. യു.എ.ഇയുടെ തലസ്ഥാന നഗരിയിൽ മഹാത്മജിയുടെ അർദ്ധകായ പ്രതിമ സ്ഥാപിച്ചത് വി.ടി.വിയുടെ നിരന്തരമായ പരിശ്രമം കൊണ്ടാണ്.

ഈ പ്രതിമ ഉള്ളിടത്തോളം കാലം വി.ടി.വി ഓർമ്മിക്കപ്പെടും. വി.ടി.വിയുടെ മറ്റൊരു പരിശ്രമമാണ് ഇന്ത്യൻ എംബസിയിൽ സ്ഥാപിച്ച ചർക്കയും നൂലും.

ഇതിനെല്ലാം പുറമേ നല്ലൊരു കവി കൂടിയാണ്. കൂടാതെ നിരവധി അവാർഡുകൾ കരസ്ഥമാക്കിയ ഇദ്ദേഹം അബുദാബി ഗ്രാന്റ് മോസ്ക്കിനെക്കുറിച്ചും, യു.എ.ഇ രാഷ്ട്രപിതാവിനെക്കുറിച്ചും പ്രകീർത്തിച്ച് എഴുതിയ കവിതകളും മറ്റ് അനേകം കവിതകളും അറബ് ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുകയും പ്രശസ്തി നേടുകയും ചെയ്തിട്ടുണ്ട്.

പയ്യന്നൂരിന്റെ തനത് കലാരൂപങ്ങളായ പയ്യന്നൂർ കോൽക്കളി വി.ടി.വിയുടെ ശിക്ഷണത്തിൽ അബുദാബിയിൽ അവതരിപ്പിക്കുകയുണ്ടായി. അതിനു പുറമേ തെയ്യം, പൂരക്കളി, ചരടുകുത്തിക്കളി, നാടൻപാട്ട്, എന്നിവ യു.എ.ഇ യുടെ വിവിധ പ്രദേശങ്ങളിൽ അവതരിപ്പിക്കുന്നതിന് നാട്ടിൽ നിന്നും വന്ന കലാകാരന്മാർക്ക് അവസരമൊരുക്കിയതും ഇദ്ദേഹമാണ്.

പയ്യന്നൂർ സൗഹൃദവേദി എന്ന സംഘടന യു.എ.ഇ യിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിന്റെ രൂപീകരണത്തിന്റെ മുഖ്യ ശിൽപി കൂടിയാണ് വി.ടി.വി.

പയ്യന്നൂരിൽ മാനസികവെല്ലുവിളി നേരിടുന്ന കുഞ്ഞുങ്ങൾക്ക് വേണ്ടിയുള്ള എം.ആർ.സി.എച്ച് എന്ന സ്ഥാപനത്തിന് മതിയായ പ്രോത്സാഹനവും മറ്റ് സഹായങ്ങളും ഈ വിദേശമണ്ണിൽ നിന്നും നൽകിവരുന്നതിൽ അതീവ ശ്രദ്ധാലുവാണ് അദ്ദേഹം.

വി.ടി.വിയെ ആദരിക്കുന്ന ഈ വേളയിൽ ഈ എളിയ കലാകാരന്റെ ആദരം അറിയിക്കട്ടെ

വെദിരമന വിഷ്ണുനമ്പൂതിരി
കേശവതീരം ആയുർവേദ ഗ്രാമം

# നന്മയുടെ തീരം തേടുന്നവർ



സഹജീവികൾക്ക് സഹായഹസ്തവുമായി നന്മയുടെ തീരത്തുകൂടി ജീവിതയാത്ര ചെയ്യുന്ന ഒരാളെ കണ്ടുമുട്ടാനാവുക, പരിചയപ്പെടുക, അവരുടെ സൗഹൃദവലയത്തിലെ ഒരാളായി തീരുക അതൊക്കെ നമ്മുടെ ജീവിതത്തിൽ അപൂർവ്വമായി മാത്രം സംഭവിക്കുന്ന കാര്യമാണ്. എങ്കിലും ഞാൻ അത് എന്നും ആഗ്രഹിച്ചിരുന്നു.

മഴത്തുള്ളിക്കായി കാത്തിരിക്കുന്ന വേഴാമ്പലിനെപ്പോലെ നന്മയുടെ നിറവിൽ ജീവിക്കുന്ന നല്ല സുഹൃത്തുക്കൾക്കായി ഞാനും കാത്തിരിക്കാറുണ്ട്.

അങ്ങനെ കാത്തിരുന്നുകാത്തിരുന്ന് കണ്ടുമുട്ടിയ അനവധി സുഹൃത്ത്ബന്ധങ്ങളുടെ ഊഷ്മളമാർന്ന എന്റെ ജീവിതത്തിലേക്ക് ഇപ്പോൾ ഒരു മഹത്‌വ്യക്തി കൂടി കടന്നു വന്നിരിക്കുന്നു-ശ്രീ. വി.ടി.വി ദാമോദരൻ. ഏറെ സന്തോഷമുണ്ട്; ഒപ്പം അഭിമാനവും.

ഒരർത്ഥത്തിൽ നാമൊക്കെ സഞ്ചാരികളാണല്ലോ? ജീവിതത്തിന്റെ മറുകര തേടുന്ന സഞ്ചാരികൾ. പക്ഷേ, നമ്മളിൽ ഭൂരിപക്ഷം പേരും സ്വയം കേന്ദ്രീകൃത സ്വഭാവക്കാരാണ്. ഞാനെന്നും, എന്റേതെന്നും, എനിക്കു മാത്രമെന്നും സദാ ചിന്തിച്ച് പ്രവർത്തിക്കുന്നവർ. എല്ലാം വാരിക്കൂട്ടുന്നതിലാണ് അങ്ങനെയുള്ളവർക്ക് താൽപര്യം. സ്വന്തം സുഖത്തിനും സന്തോഷത്തിനും മാത്രമാണ് അവർ പ്രാധാന്യം നൽകുന്നത്.

എന്നാൽ അവരിൽ നിന്നൊക്കെ തികച്ചും വ്യത്യസ്തമായി ചുറ്റിലുമുള്ളവരുടെ നന്മകൂടി ലക്ഷ്യമാക്കി യാത്ര ചെയ്യുന്നവരുണ്ട്. സ്വന്തം സുഖത്തിനും ആഡംബരത്തിനുമപ്പുറം സഹജീവികളുടെ നിലനിൽപിനും, സന്തോഷത്തിനും പ്രാധാന്യം നൽകുന്നവർ. വ്യക്തിപരമായ താൽപര്യങ്ങളുടെ പാതയിൽ നിന്നും മാറി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ. അവർ എണ്ണത്തിൽ കുറവായിരിക്കും. പക്ഷേ, തേടുന്നതും സമ്പാദിക്കുന്നതും എല്ലാം സ്വമനസ്സാലെ സന്തോഷത്തോടെ സഹജീവികൾക്ക് പങ്കുവെച്ച്



നൽകുവാൻ മാത്രം വിശാലഹൃദയമുള്ളവരായിരിക്കും.

അങ്ങനെയുള്ളവരോടൊപ്പം ചേർന്നുനിൽക്കാനും പ്രവർത്തിക്കാനും ആഗ്രഹിക്കുന്ന ഒരാൾ എന്ന നിലയ്ക്ക് തുറന്നുപറയട്ടെ ശ്രീ.വി.ടി.വി. ദാമോദരൻ അങ്ങനെയുള്ള ഒരു മഹത്വ്യക്തിത്വത്തിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്. ആലങ്കാരികമായി പറഞ്ഞാൽ എന്നും നന്മയുടെ ഓരം ചേർന്ന് സഞ്ചരിക്കുവാൻ ഇഷ്ടപ്പെടുന്നയാൾ.

കേരളത്തിലെ പ്രശസ്ത ഇലക്ട്രോണിക്സ് സ്ഥാപനമായ കെൽട്രോണിൽ സ്റ്റെനോഗ്രാഫറായി ഔദ്യോഗിക ജീവിതത്തിന് തുടക്കം. പിന്നീട് പ്രവാസി ജീവിതത്തിലേക്ക്. അബുദാബിയിലാണ് അദ്ദേഹത്തിന്റെ പ്രധാന പ്രവർത്തന കേന്ദ്രം. എങ്കിലും എല്ലാ ഗൾഫ് രാജ്യങ്ങളിലുമുള്ള മലയാളികളുടെയും പ്രിയസുഹൃത്ത്.

ഔദ്യോഗിക ജീവിതത്തിൽ പടിപടിയായി ഉയരങ്ങളിലേക്ക് പോവുമ്പോഴും പിറന്ന നാടിനും പ്രവാസിലോകത്തിനും ഒരുപോലെ മാതൃകയായി തീർന്ന സാമൂഹ്യപ്രവർത്തകൻ. സമൂഹത്തിൽ അവശതയനുഭവിക്കുന്നവർക്കുവേണ്ടിയുള്ള കാരുണ്യപ്രവർത്തനങ്ങളിൽ എന്നും മുൻനിരയിൽ നിന്നുതന്നെ പ്രവർത്തിക്കുന്ന മനുഷ്യസ്നേഹി. ഒപ്പം നല്ലൊരു കവിയും, കലാകാരനും. അങ്ങനെ അനവധി വിശേഷണങ്ങൾക്ക് അർഹനാണ് ശ്രീ. വി.ടി.വി ദാമോദരൻ.

ഒറ്റ വാചകത്തിൽ പറഞ്ഞാൽ ആകർഷകമായ വ്യക്തിത്വം കൊണ്ട്, നന്മനിറഞ്ഞ പ്രവർത്തനം കൊണ്ട്, സ്നേഹപൂർവ്വമായ പെരുമാറ്റം കൊണ്ട് നമ്മുടെയെല്ലാം മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ പ്രിയസുഹൃത്ത്.

വ്യക്തിജീവിതത്തിലും, ഔദ്യോഗിക ജീവിതത്തിലും, സാമൂഹികജീവിതത്തിലും, പ്രവാസി ജീവിതത്തിലും ഒരുപോലെ വിജയം കൈവരിച്ച ആ ധന്യാത്മാവിന്റെ വിജയരഹസ്യം എന്തായിരിക്കും? അദ്ദേഹം എന്നും സഞ്ചരിക്കുന്നത് നന്മയുടെ വെളിച്ചത്തിലാണ് എന്നതുതന്നെയാണ്.

നന്മയെ പിൻതുടരുന്നവർ ഇന്നല്ലെങ്കിൽ നാളെ ജീവിതവിജയം

ആകർഷകമായ വ്യക്തിത്വം കൊണ്ട്, നന്മനിറഞ്ഞ പ്രവർത്തനം കൊണ്ട്, സ്നേഹപൂർവ്വമായ പെരുമാറ്റം കൊണ്ട് നമ്മുടെയെല്ലാം മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ പ്രിയസുഹൃത്ത്.



കൈവരിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

എങ്കിലും നന്മചെയ്യുന്നവർ കുറവും തിന്മ ചെയ്യുന്നവർ കൂടുതലും ഉള്ളതായി ലോകത്ത് കാണപ്പെടുന്നു. അതെന്തുകൊണ്ട്?

ഈ ചോദ്യം പലപ്പോഴും ഞാൻ എന്നോടുതന്നെ ചോദിച്ചിട്ടുണ്ട്.

ഒരിക്കൽ ഒരു ശിഷ്യൻ തന്റെ ആശ്രമത്തിലെ ഗുരുവിനോട് ഇതേ ചോദ്യം ചോദിക്കുകയുണ്ടായി.

"നീ ഇനി ഭിക്ഷയ്ക്കു പോവുമ്പോൾ നിന്നെ താനെന്നു കരുതി ഭിക്ഷ തരുന്നവർ എത്രയുണ്ടാവുമെന്ന് ശ്രദ്ധിക്കുക. അതിനുള്ള ഉത്തരം കിട്ടും."

"അതെങ്ങനെ?"

"വളരെ ലളിതമല്ലേ. നിനക്ക് ഭിക്ഷ തരുമ്പോൾ അവരുടെ മുഖം പ്രസന്നമാണെങ്കിൽ, അവരുടെ ഇരു കൈകളും പൂർണ്ണമായും നിന്റെ ഭിക്ഷാപാത്രത്തിലേക്ക് നീട്ടിയിട്ടുണ്ടെങ്കിൽ, അവരുടെ മനസ്സിൽ നിന്നെ അവരെന്നുതന്നെ കരുതുന്നവരായിരിക്കും. നിന്റെ ഭിക്ഷാപാത്രം നിറയ്ക്കുന്നതിലാണ് അവരുടെ സന്തോഷം."

അല്ലാത്തവരുടെ മുഖം ഇരുണ്ടിരിക്കും. കൈകൾ ഉൾവലിയും. കാരണം കൈയിലുള്ളത് കുറയുമല്ലോ എന്ന ദു:ഖമാണ് അവർക്ക്.

അന്നത്തെ ഭിക്ഷാടനം കഴിഞ്ഞുവന്നപ്പോൾ ശിഷ്യൻ പറഞ്ഞു.

"ഇന്നുപോയ ഗ്രാമത്തിലെ മൂന്നുപേരേ അങ്ങുപറഞ്ഞതുപോലെയുള്ളൂ നൽകുന്നവർ വിരളമായിരിക്കും. കാരണം സഹജീവികളെ താനെന്നു കരുതി ഉൾകൊള്ളുവാനുള്ള സന്മനസ്സ് ആർജ്ജിച്ചിട്ടുള്ളവർക്കുമാത്രമെ അതിന് കഴിയൂ." ഗുരു പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞുനിർത്തി.

സ്നേഹമാണ് ബോധവികാസത്തിന്റെ വിത്ത്. അത് വിതയ്ക്കുന്നിടത്ത് എന്നും സന്തോഷത്തിന്റെ പൊൻമണികൾ കൊയ്യുന്നുവെന്ന് ഒരു ചൈനീസ് പഴമൊഴിയുണ്ട്. അതായത് നാം ചെയ്യുന്ന നന്മയുടെ ഫലങ്ങളാണ് നമ്മുടെ ജീവിത വിജയം എന്നതാണ് വാസ്തവം.

പക്ഷേ ജീവിതത്തിൽ നന്മചെയ്യാനും ഒരു തയ്യാറെടുപ്പ് ആവശ്യമാണ്. സഹജീവികളെക്കൂടി ഉൾക്കൊള്ളുന്ന വിധം ജീവിക്കാനുള്ള തയ്യാറെടുപ്പ്.

നന്മയുടെ ഇരിപ്പിടം സ്നേഹമാണല്ലോ? സ്നേഹത്തിലൂടെയാണ് സഹജീവികളെ ഉൾക്കൊള്ളാനുള്ള അവബോധം നമുക്ക് ലഭിക്കുക.

ലോകാവസാനം വരെ ജനമനസ്സുകളിൽ നിറസാന്നിദ്ധ്യമായി നിലകൊള്ളുന്ന അത്തരം മഹാത്മാക്കളുടെ ജീവചരിത്രവും നമ്മോടു പറയുന്നു-നന്മയുടെ തീരമാണ് വിജയത്തിലേക്കുള്ള മാർഗ്ഗം. നാളെ എന്റെ പ്രിയസുഹൃത്ത് വി.ടി.വി ദാമോദരന്റെ ആത്മകഥയും നമ്മളോട് പറയുന്നതും അതു തന്നെയായിരിക്കും, സംശയമില്ല ▭

**വ്യക്തിജീവിതത്തിലും, ഔദ്യോഗിക ജീവിതത്തിലും, സാമൂഹികജീവിതത്തിലും പ്രവാസി ജീവിതത്തിലും ഒരുപോലെ വിജയം കൈവരിച്ച ആ ധന്യാത്മാവിന്റെ വിജയരഹസ്യം എന്തായിരിക്കും? അദ്ദേഹം എന്നും സഞ്ചരിക്കുന്നത് നന്മയുടെ വെളിച്ചത്തിലാണ് എന്നത് തന്നെയാണ്.**

ഞാൻ അറിയുന്ന വി.ടി.വി



# ഞാൻ അറിയുന്ന വി.ടി.വി



നസീർ പാങ്ങോട്

അബുദാബിയിലെ കലാ സാംസ്കാരിക വേദികളിൽ എപ്പോഴും അമരക്കാരനായി കാണാൻ കഴിയുന്ന വി.ടി.വി. എന്ന വി.ടി.വി. ദാമോദരേട്ടനെ പരിചയപ്പെട്ടിട്ട് ഒരു ദശാബ്ദ ക്കാലം പൂർത്തിയാകുന്നു. പ്രവാസി മലയാളി കൾക്ക് ഏറ്റവും പ്രിയപ്പെട്ടവനായ വി.ടി.വി ഏത് തിരക്കിനിടയിൽവെച്ച് കണ്ടാലും കരം ഗ്രഹിച്ച് ക്ഷേമാന്വേഷണം നടത്താതെ പോ കാറില്ല. ആ ഒരു സ്വഭാവമഹിമ തന്നെയാണ് വി.ടി.വി. ദാമോദരേട്ടനെ ഏവരിൽ നിന്നും വ്യത്യസ്തനാക്കുന്നത്. ജീവിതം കലയ്ക്കും സാമൂഹ്യ പ്രവർത്തനങ്ങൾക്കും നാടിന്റെ ഉന്നമനത്തിനും വേണ്ടി മാറ്റിവെച്ച വി.ടി.വി ഇവിടുത്തുകാർക്കും ഏറ്റവും പ്രിയപ്പെട്ടവ നാണ്. യുണൈറ്റഡ് അറബ് എമിറേറ്റ്സിനെ കുറിച്ചും അതിന്റെ രാഷ്ട്രപിതാവ് മഹാനാ യ ഷേയ്ക്ക് സായിദിനെ കുറിച്ചും കവിത യെഴുതി ഇന്നാട്ടുകാരുടെ ഹൃദയങ്ങളിൽ ഇടംനേടിയ വി.ടി.വി.യെ ഇവിടുത്തെ ഭരണാ ധികാരികളും ആദരിച്ചിരുന്നു. തികഞ്ഞ ഗാന്ധിയനായ ഇദ്ദേഹം അബുദാബി ഇന്ത്യൻ സോഷ്യൽ സെന്ററിൽ ഗാന്ധിപ്രതിമയും ചർക്കയും സ്ഥാപിച്ചത് ഈ അടുത്തകാലത്താ ണ്. ഇനിയും ഉയരങ്ങൾ കീഴടക്കാനും സമൂ ഹനന്മയ്ക്കുവേണ്ടി പ്രവർത്തനമേഖലകൾ വിപുലമാക്കാനും കഴിയട്ടെയെന്ന് ആശം സിക്കുന്നു ▭

# വി ടി വി ദാമോദരൻ സാമൂഹിക

ജന്മനാടായ പയ്യന്നൂരിൽ ശ്രീ.വി.ടി.വി. ദാമോദരൻ പൗരാവലിയുടെ സ്നേഹാദരവുകൾ ഏറ്റുവാങ്ങുകയാണ്. സ്നേഹിതനെക്കാളേറെ സഹോദരസ്ഥാനീയനായ വി.ടി.വി.ക്ക് ലഭിക്കുന്ന അർഹതയ്ക്കുള്ള ഈ അംഗീകാരത്തിൽ അനല്പമായ സന്തോഷം പങ്കുവെക്കുന്നതോടൊപ്പം ഇത്തരമൊരു പരിപാടി സംഘടിപ്പിക്കാൻ മുന്നിട്ടിറങ്ങിയ സൗഹൃദ സംഘത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുകയുമാണ്.

നാട്ടിലും മറുനാട്ടിലുമായി പ്രശംസനീയമായ സാമൂഹിക പ്രവർത്തനങ്ങൾ കൊണ്ട് ഒട്ടേറെ ആദരവ് ലഭിച്ച വ്യക്തിയാണ് വി.ടി.വിയെങ്കിലും ജന്മനാട് നൽകുന്ന ഈ അംഗീകാരമായിരിക്കും അദ്ദേഹം ഏറ്റവും വലിയ ബഹുമതിയായി കരുതുക. കാരണം ഒരു പയ്യന്നൂർക്കാരൻ എന്ന നിലയിൽ അത്രയേറെ അഭിമാനം കൊള്ളുന്ന ഒരു മനസ്സിന്റെ ഉടമയാണ് വി.ടി.വി.യെന്ന് രണ്ടു പതിറ്റാണ്ടിലേറെ കാലം നീണ്ടു നിൽക്കുന്ന അദ്ദേഹവുമായുള്ള സൗഹൃദ ബന്ധങ്ങളിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ വി.ടി.വി. രാഘവനുമായി നാട്ടിൽ വെച്ചുതന്നെ സൗഹൃദമുണ്ടായിരുന്നുവെങ്കിലും ദാമോദരനെ പരിചയപ്പെടുന്നത് യു.എ.ഇയിൽ അബുദാബി പയ്യന്നൂർ സൗഹൃദവേദിയുടെ രൂപീകരണവേളയിൽ വെച്ചായിരുന്നു.

സാംസ്കാരികവും വൈഞ്ജാനികവുമായ മഹത്തായ പാരമ്പര്യം കാത്തുസൂക്ഷിക്കുന്ന പയ്യന്നൂർകാരുടെ പ്രവാസലോക കൂട്ടായ്മയാണ് പി.എസ്.വി. അതിന്റെ പ്രഥമ പ്രസിഡന്റ് പദവി എന്ന ഭാരിച്ച ഉത്തരവാദിത്വം ഏറ്റെടുത്തപ്പോൾ പ്രസ്തുത കമ്മറ്റിയുടെ ജനറൽ സെക്രട്ടറി ആയി വന്നത് ശ്രീ. വി.ടി.വി.യാണ്. അദ്ദേഹത്തിൽ നിന്നും ലഭിച്ച ആത്മാർത്ഥമായ സഹകരണമായിരുന്നു, പ്രശംസനീയവും ആയാസകരവുമായ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ കമ്മറ്റിയെ പ്രാപ്തമാക്കിയത്.

എത്രതന്നെ സങ്കീർണ്ണമായ കാര്യങ്ങളായാലും ഏറ്റെടുത്തു കഴിഞ്ഞാൽ സമയബന്ധിതമായി ചെയ്തു തീർക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കുന്ന വി.ടി.വി. മാതൃകയാക്കാവുന്ന ഒരു സാമൂഹിക പ്രവർത്തകനാണ്. വലുപ്പച്ചെറുപ്പമില്ലാതെ വിനയവും ലാളിത്യവും പ്രകടമാക്കാറുള്ള വി.ടി.വി.യുടെ സ്വഭാവവും ലളിതമായ



**ഉസ്മാൻ കരപ്പാത്ത്**
(ജനറൽ സെക്രട്ടറി, അബുദാബി ഇന്ത്യൻ ഇസ്ലാമിക സെന്റർ. സ്ഥാപക പ്രസിഡണ്ട്, അബുദാബി പയ്യന്നൂർ സൗഹൃദവേദി.

# മാതൃകായോഗ്യനായ പ്രവർത്തകൻ

ജീവിതരീതികളും അദ്ദേഹത്തെ പരിചയപ്പെടുന്ന ഓരോരുത്തരിലും മതിപ്പുളവാക്കുന്നതായിരുന്നു.

തന്റെ പിതാവിനെപ്പോലെ തന്നെ പയ്യന്നൂർ കോൽക്കളിയുടെ പ്രചാരകനായ വി.ടി.വി അറബ് നാടുകളിൽ കോൽക്കളി അവതരിപ്പിച്ചത് അന്താരാഷ്ട്ര തലത്തിൽ പയ്യന്നൂരിന്റെ തനത് നാടൻകലയുടെ പ്രസിദ്ധിക്ക് കാരണമായി.

സാമൂഹിക പ്രവർത്തനങ്ങളോടൊപ്പം കലാ-സാഹിത്യമേഖലകളിലും സ്വന്തമായൊരു സാന്നിധ്യം ഉണ്ടാക്കിയ വി.ടി.വി.യുടെ എഴുത്തുകൾ മനുഷ്യസ്നേഹത്തിന്റെയും, സാഹോദര്യത്തിന്റെയും ഓർമ്മപ്പെടുത്തലുകളുടേതായിരുന്നു. യു.എ.ഇ.യുടെ രാഷ്ട്രപിതാവ് ഹിസ് ഹൈനസ് ഷെയ്ഖ് സായിദ് അൽ നഹിയാനെക്കുറിച്ച് നിരവധി കവിതകൾ എഴുതി അറബ്ലോകത്ത് ശ്രദ്ധേയനായ വി.ടി.വി. ദാമോദരൻ യു.എ.ഇ. ഭരണാധികാരികളുടെ പ്രശംസയ്ക്കുവരെ അർഹനായിട്ടുണ്ട്.

ജീവകാരുണ്യപ്രവർത്തന മേഖലയാണ് തന്റെ ഇടം എന്നുറച്ചുവിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതുതന്നെയാണ് എന്നെപോലുള്ളവരിൽ അദ്ദേഹത്തോടുള്ള അനല്പമായ സ്നേഹാദരങ്ങൾക്ക് കാരണമായിത്തീർന്നത്. യു.എ. ഇ.യിലും നാട്ടിലുമായി സംഘടനാപരമായും ചില ഘട്ടങ്ങളിൽ ഒറ്റയ്ക്കും ഒട്ടേറെ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിവരുന്ന വി.ടി.വി. ഒരിക്കലും പ്രശംസയോ പ്രശസ്തിയോ പ്രതിഫലമോ ആഗ്രഹിച്ച് ഒന്നും ചെയ്തിരുന്നില്ല. എം.ആർ.സി. എച്ചിലെ ഭിന്നശേഷിക്കാരായ കുട്ടികളെ സ്വന്തം കൂടപ്പിറപ്പുകളെപ്പോലെ കൊണ്ടുനടക്കുന്ന വി.ടി. വി.യുടെ ഒഴിവുവേളകളെല്ലാം അവരെപ്പോലുള്ളവർക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായി നീക്കിവെച്ചതായിരുന്നു. സമൂഹത്തിൽ തനിക്കുള്ള സ്വാധീനങ്ങളെല്ലാം അത്തരത്തിലുള്ള നിരാംബരായ ജീവിതങ്ങൾക്ക് വേണ്ടി വി.ടി.വി. ഫലപ്രദമായി വിനയോഗിക്കുമായിരുന്നു. ഫ്രണ്ട്സ് എ.ഡി.എം.എസ് അബുദാബിയുടെ സാമ്പത്തിക സഹായം എം. ആർ. സി.എച്ചിന് വേണ്ടി വാങ്ങിക്കൊടുക്കുകയും അത് സ്വീകരിക്കാനെത്തിയ ഡോ.വി.സി.രവീന്ദ്രനെ



POWER The first name of Best Quality

POWER

# POWERtherm

THE PP-R PIPING SYSTEM
FOR HOT AND COLD WATER



*Manufactures of PVC, uPVC, HDPE & PPR Pipes and Fittings*



## POWERPlastics

Ultimate Pipeline Systems

# POWER PLASTIC FACTORY

P.O.Box: 8831,JURF INDUSTRIAL AREA 3,AMAN, U.A.E
Ph :- +971 6 7401074 Fax:- +971 6 8860146
Mail ID:- ppf@powergroupgcc.com



HEAD OFFICE
P.O.BOX: 47703, Abu Dhabi - U.A.E
Ph: +971 2 6315935, 6315912
Fax: +971 2 6315961



**www.powergroupgcc.com**

DEALERS IN:
Building Materials, Sanitary, Hardware, Paints Tools,
Electrical,PVC, uPVC Pipes & Water Tank
Mussafah, Abu Dhabi Ph: +971 2 5538687, Fax: +971 2 5597894

പോലുള്ളവരുടെ സാന്നിദ്ധ്യത്തിൽ പ്രമുഖ വ്യവസായി എം.എ. യുസഫലിയിൽ നിന്നും 10 ലക്ഷത്തോളം രൂപ എം.ആർ.സി.എച്ചിന് വേണ്ടി നേടിയെടുക്കാൻ സാധിച്ചതുമൊക്കെ അതിന്റെ ഉദാഹരണമാണ്. കക്ഷിരാഷ്ട്രീയത്തിനും ജാതിമത ചിന്തകൾക്കും അതീതനായി മാനുഷിക മൂല്യങ്ങൾ മാത്രം പിന്തുടർന്ന് പ്രവർത്തിക്കുന്ന വി.ടി.വിയെ പോലെ പ്രവാസലോകത്ത് പൊതുസ്വീകാര്യത ലഭിച്ചവർ വളരെ കുറവാണ്.

ഗാന്ധിയൻ ദർശനങ്ങളെ ജീവിതത്തിൽ പകർത്തുന്നതോടൊപ്പം സമൂഹത്തിൽ ഗാന്ധിസം പ്രചരിപ്പിക്കുക വഴി വർത്തമാനകാലത്ത് നഷ്ടമായിക്കൊണ്ടിരിക്കുന്ന സാഹോദര്യവും ഐക്യവും ഊട്ടിയുറപ്പിക്കുക എന്ന മഹത്തായ ദൗത്യമാണ് അദ്ദേഹം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ഗാന്ധിജിയുടെ ജീവിതദർശനങ്ങൾ എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്ന മറ്റ് പല ഗാന്ധിയൻമാരെയും പോലെ ആയിരുന്നില്ല വി.ടി.വി. ജനങ്ങൾക്കിടയിലേക്ക് നേരിട്ടിറങ്ങിച്ചെന്ന് എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്നുപറഞ്ഞ യഥാർത്ഥ ഗാന്ധിയെയാണ് നമുക്ക് വി.ടി.വി.യിൽ കാണാൻ സാധിക്കുന്നത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന അബുദാബി ഗാന്ധി സാഹിത്യവേദി ഇന്ത്യൻ എംബസിയുമായി സഹകരിച്ചുകൊണ്ട് വർഷങ്ങളായി ചെയ്തുവരുന്ന വിലമതിക്കാനാവാത്ത പ്രവർത്തനങ്ങൾക്ക് സാക്ഷിയാകാൻ എനിക്ക് സാധിച്ചിട്ടുണ്ട്. അതിൽ പ്രധാനമായിരുന്നു ഗാന്ധി പ്രതിമയും ചർക്കയും. ഒരു അറബ് രാജ്യത്ത് ഗാന്ധി പ്രതിമ സ്ഥാപിക്കുന്നതിന് നേതൃത്വം വഹിക്കാൻ അദ്ദേഹത്തിന് സാധിച്ചത് നല്ല കാര്യമാണ്. അതുവഴി പയ്യന്നൂരിന്റെ പെരുമയും കൂടിയാണ് ലോകശ്രദ്ധ നേടിയത്.

എപ്പോഴും ശാന്തസ്വഭാവക്കാരനായ വി.ടി.വി. ചിലപ്പോഴെങ്കിലും ക്ഷോഭിക്കുന്നത് കണ്ടിട്ടുള്ളത് തന്റെ ദേശീയതയെ അപഹസിക്കുന്ന പ്രവർത്തനം ഏതെങ്കിലും കോണുകളിൽ പ്രകടമാവുമ്പോൾ മാത്രമായിരുന്നു.

യു.എ.ഇ.യിൽ പ്രവർത്തിക്കുന്ന ഒരു വിദേശ കമ്പനി ഒരിക്കൽ തങ്ങളുടെ ഉൽപ്പന്നമായ ബാത്ത് ടൗവ്വലിൽ പല രാജ്യങ്ങളുടെയും ദേശീയ പതാകകളുടെ ചിത്രങ്ങളോടൊപ്പം ഇന്ത്യൻ ദേശീയ പതാകയുടെ ചിത്രവും പ്രിന്റ് ചെയ്ത് പുറത്തിറക്കുകയുണ്ടായി. തന്റെ മാതൃരാജ്യത്തിന്റെ പതാകയെ അവഹേളിക്കുന്ന പ്രവർത്തിയായി അതിനെ നോക്കിക്കണ്ട വി.ടി.വി. കമ്പനിയുമായി ബന്ധപ്പെട്ട് പതാക പ്രിന്റ് ചെയ്ത ബാത്ത് ടൗവ്വലുകൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടു. മറ്റു പല രാജ്യക്കാരും ഉന്നയിക്കാത്ത ഒരു ആവശ്യമായി ലാഘവത്തോടെ അതിനെ കാണുകയും തന്റെ ആവശ്യം അവഗണിക്കുകയും ചെയ്ത കമ്പനിക്കെതിരെ നിയമ നടപടികളുമായി മുന്നോട്ടുപോയ വി.ടി.വി. പതാകകൾ മുദ്രണം ചെയ്ത കമ്പനി പുറത്തിറക്കിയ ബാത്ത് ടവ്വലുകൾക്ക് നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് സമ്പാദിച്ചുകൊണ്ടാണ് പോരാട്ടം അവസാനിപ്പിച്ചത്. മറ്റൊരിക്കൽ ഗാന്ധിജിയെയും നെൽസൺ മണ്ഡേലയേയും പരിഹസിച്ചുകൊണ്ട് വരച്ച ചിത്രങ്ങൾ അബുദാബി മുസഫയിലെ പ്രശസ്തമായൊരു മാളിൽ പ്രദർശനത്തിന് വെക്കുകയുണ്ടായി. കാര്യം ശ്രദ്ധയിൽപ്പെട്ട വി.ടി.വി. ആ ചിത്രം എടുത്തുമാറ്റണമെന്ന് ബന്ധപ്പെട്ടവരോട് അഭ്യർത്ഥിച്ചു. എന്നാൽ തന്റെ സ്വാതന്ത്ര്യത്തിൽ ഇടപെടാൻ മറ്റുള്ളവരെ അനുവദിക്കാത്ത കച്ചവടതാൽപ്പര്യക്കാരനായ ചിത്രകാരൻ വി.ടി.വി.യുടെ അഭ്യർത്ഥന മുഖവിലയ്ക്കെടുത്തില്ല. കാര്യകാരണങ്ങൾ സഹിതം നിയമത്തിന്റെ വഴിക്ക് നീങ്ങിയ വി.ടി.വി.ക്കു തന്നെയായിരുന്നു അന്തിമ വിജയം.

ദേശസ്നേഹത്തിന്റെയും മാനവികതയുടെയും ഐക്യത്തിന്റെയും സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രവർത്തനനിരതനായി നാട്ടിലും വിദേശത്തും ഒരുപോലെ പ്രവർത്തിക്കുകയും ജനങ്ങൾക്കിടയിൽ അംഗീകാരം നേടുകയും ചെയ്ത വി.ടി.വി.ദാമോദരൻ നാടിന്റെ അഭിമാനം തന്നെയാണ്

# ചെണ്ടുമല്ലിപ്പൂവ്



വിഷലിപ്തമായ ഒരു ലോകത്ത്, കാലത്ത്, വിഷവാഹികളായ കീടങ്ങളെ ചെറുക്കുക ഒരു നന്മയാണ്. ആ നന്മയുടെ വിത്തുകളിലാണ് ലോകം നാളെ പുലരേണ്ടതും. വെയിലുദിച്ച നമ്മുടെ കണ്ടങ്ങളിൽ നാം ചീരയുടേയും വെള്ളരിയുടേയും കുമ്പളത്തിന്റെയും മത്തന്റെയും കൈപ്പയുടേയും പടവലത്തിന്റെയും വിത്തുകൾ നടാറുണ്ട്. വലിയൊരാവേശത്തെ നട്ട് വളവും വെള്ളവും കൊടുത്ത് അതിനെ സ്വപ്നങ്ങളാക്കാറുണ്ട്. വളരുകയും പടരുകയും ചെയ്യുന്ന ചെടികളെ, പൂക്കളെ നിർവൃതിയോടെ നോക്കിനിൽക്കാറുണ്ട്. ചുവന്ന ചീരയുടെ ഇലകളിൽ നിറയെ വെള്ളക്കുത്തുകൾ, ഗാളീച്ചകൾ വട്ടം പറക്കുന്ന പടവല/ കൈപ്പ പന്തലുകൾ, അരക്ക് പറ്റിപ്പിടിച്ച പയറുവള്ളികൾ... മാരക വിഷലായനികൾ തളിക്കാൻ ചിലരുപദേശിക്കുന്നു. അത് ഒരു ലോകത്തെ അവസാനിപ്പിക്കലാണ്. പൂക്കളിൽ പൂക്കളായി പൂവുകളേറെയുണ്ടെങ്കിലും ചെണ്ടുമല്ലികൾ വലിയ പൂവാകുന്നത് ഇവിടെയാണ്. കടുത്ത വർണ്ണത്തിൽ രൂക്ഷഗന്ധത്താൽ വിഷകീടങ്ങളെ ആകർഷിച്ച് നമ്മുടെ പടവലത്തെ, കൈപ്പയെ, വെള്ളരിയെ, മത്തനെ ഈച്ചകളിൽ നിന്നും മറ്റു കീടങ്ങളിൽ നിന്നും രക്ഷിച്ച് നാളേക്കുള്ള വിത്തുകളായി, ഇന്നേക്കുള്ള കായ്കളായി തരുന്നതിൽ ഒരു ജൈവസഹായിയായി ചെണ്ടുമല്ലികൾ നമുക്ക് മുന്നിലുണ്ട്.

ഒരു വിത്ത് ഒരാശയമാണ്. ഗാന്ധിജി ലോകത്തിന് കിട്ടിയ വലിയ നന്മയാണ്, വിത്താണ്. ആ നന്മയാണ് വി.ടി.വി. ദാമോദരൻ എന്ന പയ്യന്നൂർക്കാരൻ പ്രവാസി ചെയ്യുന്നത്. അവിടെയാണ് ശ്രീ. ദാമോദരൻ ഗ്രാമ്യതയുടെ, നന്മയുടെ വലിയ ചെണ്ടുമല്ലി പൂവാകുന്നത്. പ്രവാസലോകത്തെ മലയാളി സാന്നിധ്യങ്ങളിൽ ശ്രദ്ധേയമായ മുഖമാണ്, വി.ടി.വി. ദാമോദരന്റേത്. പിതൃവഴി കിട്ടിയ പയ്യന്നൂർ കോൽക്കളിയുടെ ചടുലതാളങ്ങൾ പ്രവാസലോകത്തിന് പരിചയപ്പെടുത്തുകയും, ഹിംസയുടെ അഭിരമിക്കലിന്റെ ഈ ലോകകാലത്ത് സ്വന്തം നാട്ടിന്റെ അഹിംസയുടെ ഗാന്ധിയൻ ബിംബങ്ങൾ മറ്റൊരു രാജ്യത്തേക്കുകൂടി പറിച്ചു നടാൻ ആത്മാർത്ഥമായി, വേറിട്ട വഴികളിൽ പ്രയത്നിക്കുന്ന വ്യക്തിത്വമാണ് ശ്രീ. ദാമോദരേട്ടന്റേത്.

ആർട്ട്ഗാലറിയിലല്ല മനസ്സുകളിലേക്കാണ് ഗാന്ധിയും ചർക്കയും കടന്നുവരേണ്ടതെന്ന എളിയ ബോധ്യത്തിന്റെ തുറന്നുവെക്കലാണ് ആവശ്യമെന്നത് തന്റെ പ്രവർത്തനങ്ങളിലൂടെ കാണിച്ചുതന്ന ഈ പയ്യന്നൂരുകാരനെ പ്രവാസലോകത്തെ വരുംതലമുറയും വിശേഷിപ്പിക്കപ്പെടുക തികഞ്ഞ ഗാന്ധിയൻ എന്നുതന്നെയായിരിക്കും. ഉല്പതിഷ്ണുവായ ഈ മികച്ച സംഘാടകൻ ഇനിയുമേറെ ഉയരങ്ങളിലേക്ക് നടന്നുകയറുമെന്ന്, കഴിയട്ടെ എന്ന് ആശംസിക്കുന്നു

ടി.സി.വി. സതീശൻ





# എന്റെ പയ്യന്നൂർ

വി.ടി.വി.ദാമോദരൻ

മഹിതമാം പാരമ്പര്യമുള്ള നാടെൻ പയ്യന്നൂര്
മഹാത്മാക്കളേറെ വാണ നാടാണെൻ നാട്
സ്വാതന്ത്ര്യ രണാങ്കണത്തിൽ വീരശൂര പുത്രന്മാരെ
ദാനം ചെയ്ത വീരമാതാവാണെന്റെ നാട്.

ആലിപ്പൂർ കാരാഗൃഹത്തിൽ ആത്മാവിനെ സമർപ്പിച്ച
ആദ്യ വിദ്യാർത്ഥിയെയോർത്തു പുകഴ്ത്തിപ്പാടാം...
ആദിപാട്ടാണെന്ന പേരു കേട്ട പയ്യന്നൂർ പാട്ടിന്റെ
ആദ്യപാദമലിവോടെ പുകഴ്ത്തിപ്പാടാം..

ചെണ്ടമേളലഹരിയിൽ തെയ്യമുറഞ്ഞാടും നാട്
കണ്ടുനിന്നോർ കൊതിക്കുന്ന പൂരത്തിൻ നാട്
കോതാമൂരിപ്പാട്ടിന്നീണം കേളീപാത്രമണിയൊച്ച
ചേതോഹരം കോൽക്കളിതൻ മധുരനാദം...

കർഷകസമരത്തിന് കേളികേട്ട പയ്യന്നൂരിൽ
കർഷകരീനാടിൻ നന്മ കൊയ്തെടുക്കുന്നു...
കലയും സാഹിത്യ സാംസ്കാരിക മേഖലകൾ തോറും
തലയെടുപ്പുള്ളോരിന്നും പുലരും നാട്...

ജാതിമത വർഗ്ഗ വൈരം കൂടാതെല്ലാ മനുജരും
ഏകോദരസോദരരായ് പുലരും നാട്...
നാരായണ ഗുരുതന്ന നാനാദർശനാമൃതവും
നേരുതേടും ഗാന്ധിചിന്തയുണരും നാട്...

ശാസ്ത്രകാരന്മാരും പിന്നെ വിദ്വാന്മാരും വേണ്ടുവോളം
ശാസ്ത്രഗ്രന്ഥം തച്ചുവിദ്യ വിളഞ്ഞ നാട്...
പണ്ടു കശ്യപമുനിതൻ ദിവ്യമന്ത്രം ഗ്രഹിച്ചവർ
നിർമ്മിക്കുന്ന പവിത്രമോതിരത്തിൻ നാട്....

ലക്ഷ്മി വിളക്കുണ്ടാക്കുന്ന പ്രഗത്ഭന്മാരേറെയുണ്ട്
ലക്ഷണമൊത്തുള്ള ജ്യോതിശാസ്ത്രജ്ഞന്മാരും
ഖാദി വ്യവസായത്തിന് പേരുകേട്ട പയ്യന്നൂരിൽ
ഖാദി വസ്ത്രക്കാരാണേറെ മനംകുളിർക്കും...

തിരുവാതിരക്കളിയുമൊപ്പന തന്നിശലുമായ്
തിരുവാതിരക്കാറ്റുണർന്നൊഴുകും നാട്...
സമ്പന്നമാം പാരമ്പര്യമുറങ്ങുമെൻ പയ്യന്നൂരിൻ
സഞ്ചിത സൗഭാഗ്യം നമ്മൾ പുലർത്തീടേണം...
അന്യദേശത്താണെന്നാലുമന്യചിന്തവെടിഞ്ഞു നാം
അമ്മ നാടിന്നഭിമാനം പുലർത്തിടേണം

# രാമേട്ടൻ- ഒരു ഫോക്ക്‌ലോർ നന്മ

കെ വി സുരേന്ദ്രൻ

അന്നൂരിന്റെ, പയ്യന്നൂരിന്റെ നാട്ടുവഴികളിൽ ഇനി രാമാട്ടനില്ല. പ്രായഭേദമില്ലാതെ, വലിപ്പച്ചെറുപ്പമില്ലാതെ എല്ലാവരോടും ചിരിച്ചും ഗാഢസൗഹൃദം പങ്കിട്ടും നടന്നു നീങ്ങിയ കെ യു രാമപൊതുവാൾ(രാമേട്ടൻ 88) കഴിഞ്ഞ ദിവസം അന്തരിച്ചു. ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിൽ നിന്നുള്ള നൂറുകണക്കിനാളുകളാണ് ആ സൗഹൃദത്തിന്റെ മധുരമൂറുന്ന കഥകളുമായി ഇപ്പോഴും രാമേട്ടന്റെ അന്നൂരിലെ വീട്ടിലെത്തുന്നത്. നമ്മുടെ ഗ്രാമ പ്രദേശങ്ങളിൽ ഏറെക്കുറെ അന്യം നിന്നുപോയ സൗഹൃദത്തിന്റെ ഭേദഭാവങ്ങളില്ലാത്ത രക്ഷാകർതൃത്വത്തിന്റെ മാതൃകയായി, സ്വയം ഒരു ഫോക്‌ലോർ നന്മയായി മാറുകയാണ് രാമപൊതുവാൾ.

രാമപൊതുവാൾ ഒരു കോൽക്കളി ആചാര്യനായിരുന്നു. തന്റെ കുടുംബക്ഷേത്രമായ തങ്കയം ഉത്തമത്തിൽ ക്ഷേത്രപാലക ദേവസ്വത്തിന്റെ കളിയരങ്ങിൽ നിന്നാണ് കോൽക്കളി അഭ്യസിക്കുന്നത്. പയ്യന്നൂരിന്റെ പാരമ്പര്യവുമായി ഇഴചേർന്ന ഈ കായികകലാരൂപം അന്ന് കുറെക്കൂടി പ്രചാരത്തിലുണ്ടായിരുന്നു. ഈ നാട്ടിൽ കളിക്കാരനായി, പാട്ടുകാരനായി, പിന്നെ ആശാനായി പുതുതലമുറയെ ആവേശപൂർവ്വം, അന്യം നിന്നുപോകുന്ന ഈ കലയിലേക്ക് കൈപിടിച്ചുചേർത്തു. രാമേട്ടൻ. പയ്യന്നൂർ പെരുമാളെ പ്രകീർത്തിച്ചും, പിന്നീട് ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ആവേശം സ്വാംശീകരിച്ചും. പാടിവന്ന കോൽക്കളിപ്പാട്ടുകൾ രാമേട്ടന്റെ ശബ്ദത്തിൽ ജനം കേട്ടു. അവർക്കത് ബോധിച്ചു. രാമേട്ടന് അംഗീകാരങ്ങളും കിട്ടി 2002ൽ കേരളാ ഫോക്‌ലോർ അക്കാദമിയുടെ പുരസ്കാരം തുടർന്ന് നാട്ടിലെ കലാസാംസ്കാരിക സംഘടനകളുടെ ആദരം, എല്ലാം സന്തോഷത്തോടെ രാമേട്ടൻ ഏറ്റുവാങ്ങി.

കൃഷിക്കാരനായിരുന്നു രാമപ്പൊതുവാൾ. സഹോദരങ്ങൾ അധ്യാപനവൃത്തിയിലേക്കും മറ്റ് തൊഴിലുകളിലേക്കും പോയപ്പോൾ മണ്ണിൽ തന്നെ ചവിട്ടിനിന്നു. ഈ കർഷകൻ ടി സി വി രാമപൊതുവാളിന്റെയും കിഴക്കേക്കര ഉത്തമത്തിൽ കുഞ്ഞങ്ങ അമ്മയുടേയും മകനായി 1926ൽ ജനിച്ചു. അച്ഛനുമുണ്ട് വിശേഷപ്പെട്ടതായി ചിലത്. ആൾ കാശിരാമൻ എന്നാണ് അറിയപ്പെട്ടിരുന്നത്. കാൽനടയായി കാശി വരെ പോയി കാശിവിശ്വനാഥനെ തൊഴുതുവണങ്ങി തിരിച്ചുവന്നയാൾ കാശിരാമേട്ടൻ തന്നെ ആ പെരുമയാണ് കോൽക്കളി രാമേട്ടനിലൂടെ പിന്നെ കേട്ടത്.



തറവാട്ട് ക്ഷേത്രത്തിലെ അനുഷ്ഠാനങ്ങളിലും ചടങ്ങുകളിലും അവശത മറന്നും രാമേട്ടനെ കാണാം. പയ്യന്നൂർ സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ നിന്നും കോലധാരികയുടെ തൊഴുതുവരവ് ചടങ്ങിൽ തറവാട്ടംഗം കൂടെ ഓടി വരണമെന്നുണ്ട്. പ്രായത്തിന്റെ അവശതകൾക്കിടയിലും രാമേട്ടൻ തന്നെ വേണമതിന്.

അതിരില്ലാത്ത ജീവിതനന്മയാണ് രാമപൊതുവാൾ പ്രസരിപ്പിച്ചുകൊണ്ടിരുന്നത്. സമൂഹത്തിലെ എല്ലാ ശ്രേണികളിലുമുള്ളവരും രാമേട്ടന്റെ പരിചയക്കാരായിരുന്നു. മന്ത്രിമാർ നാട്ടിലെ ചടങ്ങിനെത്തുമ്പോൾ, ഉന്നത ഉദ്യോഗസ്ഥർ, പോലീസുകാർ, നാട്ടിൽ ജോലിചെയ്യുന്ന പുറംനാട്ടുകാർ, സാധാരണക്കാർ എല്ലാവരും ടൗണിലൂടെ നടന്നുനീങ്ങുന്ന രാമേട്ടന്റെ പരിചയക്കാർ തന്നെ. ലോഹ്യം പറയാതെ പോകുന്നവരോട് പരിഭവിക്കും. രാമേട്ടൻ, സമ്മേളന വേദികളായാലും വിവാഹച്ചടങ്ങുകളായാലും, ആൾക്കാർ കൂടുന്ന സ്ഥലം രാമേട്ടന് പ്രിയപ്പെട്ടതാണ്. ടെൻഷനടിച്ച് ജീവിതത്തിന്റെ പ്രയാസങ്ങളെക്കുറിച്ച് സംസാരിക്കുന്ന സദസ്സിൽ പ്രസാദാത്മകമായി, പ്രതീക്ഷകളോടെ, രാമേട്ടൻ ഇടപെടും. ജീവിതത്തെ സന്തോഷത്തോടെ, പ്രത്യാശയോടേയേ രാമേട്ടൻ കണ്ടിട്ടുള്ളു. ആ സാന്നിദ്ധ്യമാണ് വേർപാടായി ആളുകൾക്ക് ഇനി അനുഭവപ്പെടാൻ പോകുന്നതും.

മക്കളിലൂടെയും പ്രശസ്തിയും അംഗീകാരവും രാമേട്ടനെ തേടിയെത്തി. മൂത്ത മകൻ വി ടി വി രാഘവൻ, പൊതുകാര്യ പ്രസക്തനാണ്. സെയിൽടാക്സ് പ്രാക്ടീഷണേർസ് അസോസിയേഷൻ സംസ്ഥാന പ്രസിഡണ്ടായിരുന്നു. രണ്ടാമത്തെ മകൻ, ഇപ്പോൾ അബുദാബിയിൽ ജോലി ചെയ്യുന്ന വിടിവി ദാമോദരൻ പ്രവാസജീവിതത്തിലും നാടൻ കലാ പ്രചരണത്തിലും ജീവകാരുണ്യ പ്രവർത്തനത്തിലും പൂർണ്ണമായി മുഴുകിയ ആളാണ് അബുദാബിയിലെ പയ്യന്നൂർക്കാരുടെ കൂട്ടായ്മയായ പയ്യന്നൂർ സൗഹൃദവേദിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയാണ്. ഗൾഫ് നാടുകളിൽ കോൽക്കളിയുടെ പ്രചാരത്തിനായി നൽകിയ സേവനങ്ങളെ മാനിച്ച് 2006ൽ കേരള ഫോക്‌ലോർ അക്കാദമിയുടെ പുരസ്കാരം നേടി. ജീവകാരുണ്യ പ്രവർത്തനത്തിലും മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്നു. കരുണയറ്റ ലോകത്തിന് പ്രത്യാശയുടെ പൊൻവെളിച്ചമായ എംആർസിഎച്ച് പോലുള്ള സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകുന്നു. രാമേട്ടന്റെ ഈ മകൻ. മക്കളെച്ചൊല്ലി ഏറെ അഭിമാനിച്ചു രാമേട്ടൻ.




# MAJOR HONOURS & AWARDS

'FOLKLORE ACADEMY AWARD' OF THE GOVT. OF KERALA (2005)
(This is the first time, a Non-Resident Keralite was honoured by this body)

'BEST SOCIAL ACTIVIST AWARD OF THE YEAR 2008'
by the World Malayalee Council.
(This award was presented during January 2009 at their Global Conference at the India Social & Cultural Centre, Abu Dhabi).

'AKSHYA NATIONAL AWARD 2010'
OF THE AKSHYA PUSTHAKA NIDHI.

FIRST KERALA GANDHIGRAM AWARD
(for gandhian activities) – 2012

'PRAVASI SAMSKRITHI PURASKARAM' of 2009
by Malayala Bhasha Padasala, Kannur

'OUTSTANDING PRAVASI PURASKARAM-2010'
by Rotary Club of Payyanur.

'MASTER OF FOLKLORE AWARD'
OF THE INDIA SOCIAL & CULTURAL CENTRE, ABU DHABI.

'AWARD' FROM THE SOUHRUDA VEDI OF QATAR
Presented by the Indian Ambassador to the State of Qatar.

'PATTUM VALAYUM'
by the Alumini of Kannur SN College, Abu Dhabi.

'BEST SOCIAL WORKER AWARD'
by the Risala Study Circle, Abu Dhabi
during December 2012 at Abu Dhabi.

'KESARI AWARD'
by the Akhila Kerala Kalakara Samithi, Kannur.

'KALANIKETAN STATE AWARD'
by Kalanikethan Trust, Kodakkad, Kasargod.

'UMMA AWARD'
(Union of Malayali Music and Arts), Abu Dhabi.


മാതൃഭൂമി

അറേബ്യ

The Sultan of Arabia

കോൽക്കളി വിദ്വാൻ
വി.ടി.വി. ദാമോദരന് പട്ടും വളയും

വൈകല്യം ബാധിച്ചവർക്ക് സാന്ത്വനമേകാൻ കൈകോ

ദേശാഭിമാ

യു.എ.ഇ

പയ്യന്നൂർ കോൽക്കളിക്ക്
പുനർജൻമം നൽകി വി.ടി

ദേശാഭിമാനി

ഗൾഫ് ഗാജ്

Update

പയ്യന്നൂർ സ്വദേശിക്ക്
അബുദാബിയിൽ അംഗീകാരം

കവിത തരംഗമായി;
വി ടി വി താരവും

അവാർഡിതുക ജീവകാരുണ്യ
പ്രവർത്തനത്തിന്

Over 30 Years in the Gulf www.pktuae.com

മാതൃഭൂമി

Update

Social Work Recognised

വി.ടി.വി. ദാമോദരന്
നാടൻ കലാ
പുരസ്കാരം

Mathrubhumi, The National Daily in Malayalam

മംഗലാപുരം – ഗൾഫ് വിമാന
സർവീസുകൾ ഒരു മാസത്തിനകം

മലയാളം ന്യൂസ്

മലയാളം ന്യൂസ്

ഗൾഫ് മാധ്യമം

മാതൃഭൂമി

അജ്ഞാത രോഗം ദുരിതത്തിലാക്കിയ
കുടുംബത്തിന് ടെലിവിഷൻ

വി ടി വി ദാമോദരന്
കലാനികേതനം അവാർഡ്

ശാന്തയുടെയും മക്കളുടെയും
ദുരിതത്തിന് അറുതിയാവുന്നു

അബുദബിയിലെ 'ഓണ...
...തുകമായി

മികച്ച പ്രവാസി പുരസ്കാരം
വി.ടി.വി.ദാമോദരന്

malayalam news

# മലയാളം ന്യൂസ്

FIRST MALAYALAM DAILY PUBLISHED OUTSIDE INDIA

## പ്രവാസിയുടെ കാരുണ്യം: ശാന്തയുടെ കുടുംബത്തിന് കിടപ്പാടം ലഭിച്ചു



# സിറാജ്




# ാതൃഭൂമി

KANNUR EDITION

Mathrubhumi, The National Daily in Malayalam

## എൻഡോസൾഫാൻ: നീതിആവശ്യപ്പെട്ട് കേരളാ സ്പീക്കർക്ക് നിവേദനം

## എൻഡോസൾഫാൻ ദുരിതബാധിതർക്കു വേണ്ടി പ്രവാസി സാമൂഹ്യ പ്രവർത്തകന്റെ ഒറ്റയാൾ പോരാട്ടം



# ...ദീപം

ദിനപത്രം

മിഡിൽ ഈസ്റ്റ്

# ചന്ദ്രിക

www.mechandrikaonline.com

2012 മെയ് 19

Kozhikode • Kochi • Kannur • Thiruvananthapuram • Malappuram

## ...ധനരെ കണ്ടെത്തുന്നവർ കാഴ്ചയെ ...സമ്പന്നമാക്കുന്നു : ജി.ഡി.നായർ



## എൻഡോസൾഫാൻ ഇരകൾക്കു വേണ്ടി നിവേദനം നൽകി



# ...ത്യഭൂമി

THRISSUR EDITION

The National Daily in Malayalam

## ഗൾഫ് മലയാളിക്ക് ജന്മനാട്ടിന്റെ അംഗീകാരം

# മാതൃഭൂമി

KG

Mathrubhumi, The National Daily in Malayalam

Kochi • Kannur • Kottayam • Malappuram • Kollam • Palakkad • Alappuzha • Mumbai • Chennai • Bangalore • Delhi

# ...ാഭിമാനി



## എം.പി. വീരേന്ദ്രകുമാറിനും വി.ടി.വി. ദാമോദരനുമടക്കം ഏഴുപേർക്ക് ഗാന്ധിഗ്രാം പുരസ്കാരം



...DDLE EAST

# ചന്ദ്രിക

MALAYALAM ...

Friday • 1430 Muharram 20

വെള്ളി 2009



## സ്വീകരണം നൽകി

ഗാന്ധിഗ്രാം പുരസ്കാരം...



T. Govindan



K.C. Venugopal



G Karthikeyan



Dr. Shashi Tharoor



K.P. Noorudheen



M.P. Veerendrakumar



Dr. Vijay P. Bhatkar




Chemmanam Chacko


K.S. Chithra


Dhakshinamoorthi


Capt.V.K. Singh


Dr. Madhavan Nair


Love and affection from native mothers


Gopinath Muthukad


Dr. V.P. Gangadharan


Police Authorities




## ക്ലാസ് വൺ സൂപ്പർ ഗ്രേഡ് ബേങ്ക്

**ബ്രാഞ്ചുകൾ**

| | |
|---|---|
| മെയിൻ ബ്രാഞ്ച് പയ്യന്നൂർ | 203080 |
| അന്നൂർ ബ്രാഞ്ച് | 203060 |
| കൊറ്റി ബ്രാഞ്ച് | 203050 |
| കണ്ടങ്കാളി ബ്രാഞ്ച് | 203540 |
| പെരുമ്പ ബ്രാഞ്ച് | 203530 |
| വനിതാ ബ്രാഞ്ച് കൊക്കാനിശ്ശേരി | 204380 |
| കാരയിൽ ബ്രാഞ്ച് | 203008 |

(വ്യാഴം അവധി, ഞായർ പ്രവൃത്തി ദിവസം)

**സായാഹ്നശാഖകൾ**

| | |
|---|---|
| പയ്യന്നൂർ | 203070 |
| അന്നൂർ | 203081 |
| പുതിയ ബസ്സ്റ്റാന്റ്, പയ്യന്നൂർ | 203035 |

- 16% വരെ വിലക്കുറവിൽ മരുന്നുകൾ ലഭിക്കുന്ന നീതി മെഡിക്കൽ സ്റ്റോർ (മുകുന്ദ ഹോസ്പിറ്റലിന് സമീപം, പയ്യന്നൂർ) ഫോൺ: 203595
- 'എ' ക്ലാസ്സ് മെമ്പർമാർക്ക് ക്ഷേമനിധി ആനുകൂല്യം 'എ', 'ഡി' ക്ലാസ്സ് മെമ്പർമാർക്ക് 25,000 രൂപ വരെ
- അപകട ഇൻഷുറൻസ് ആനുകൂല്യം
- വസ്തു ഈടിന്മേൽ 50 ലക്ഷം രൂപ വരെ വായ്പ
- സ്കൂൾ വിദ്യാർത്ഥികളുടെ നിക്ഷേപങ്ങൾക്ക് പ്രത്യേക സൗകര്യം

- **വായ്പകൾക്ക് ലളിതമായ വ്യവസ്ഥകൾ**
- **കുറഞ്ഞ പലിശനിരക്ക്**

സ്ഥാപിതം: 1949

# പയ്യന്നൂർ സർവ്വീസ് ബേങ്ക്

**(ക്ലിപ്തം) നമ്പർ എഫ്. 1401, പി.ബി. നമ്പർ 27, ഹെഡ്ഓഫീസ്: പയ്യന്നൂർ, കണ്ണൂർ ജില്ല**
**ഫോൺ–ഹെഡ്ഓഫീസ്: 04985 202080 www.payyanurscb.com**

പ്രസിഡണ്ട്: അഡ്വ. ശശി വട്ടക്കൊവ്വൽ, ഫോൺ: 9447685425 സെക്രട്ടറി: പി.എം. വിജയകുമാർ, ഫോൺ: 9495494568

# നിവേദനം

ബഹുമാനപ്പെട്ട പയ്യന്നൂർ നഗരപിതാവിന്
വി.ടി.വി.ദാമോദരൻ സമർപ്പിക്കുന്ന നിവേദനം.

സർ,

ഉത്തരകേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമെന്ന് അറിയപ്പെടുന്ന പയ്യന്നൂരിന്റെ ചരിത്രാതീതകാലം മുതലുള്ള മഹിതമായ പാരമ്പര്യം സുവിദിതമാണല്ലോ. ഭാരതത്തിന്റെ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ ഐതിഹാസിക സംഭവമായ ഉപ്പു സത്യാഗ്രഹത്തിനുപോലും സാക്ഷ്യം വഹിച്ച നാടാണ് നമ്മുടെ പയ്യന്നൂരിന്റേത് എന്ന് ഞാൻ പ്രത്യേകം പറയേണ്ടതില്ല. മാത്രമല്ല, ഇന്ത്യയുടെ മഹാത്മാവ് ഗാന്ധിജിയുടെ പാദസ്പർശനത്താൽ പുണ്യമായ ഈ മണ്ണിൽ ആ തിരുകരങ്ങളാൽ നട്ടുവളർത്തപ്പെട്ട മാവ് പൂത്തുനിൽക്കുന്നത് ഓരോ പയ്യന്നൂർകാരന്റെയും മനസ്സ് നിറക്കുന്ന അഭിമാനകരമായ കാഴ്ചയാണ്. ഗാന്ധി പ്രതിമകളും ഗാന്ധിപാർക്കും മറ്റുമായി ഗാന്ധിജിയുടെ ഒളിമങ്ങാത്ത അടയാളങ്ങൾ വേറെയും നമ്മുടെ നാട്ടിലുണ്ട്. യു.എ.ഇയിൽ ഇദംപ്രഥമായി സ്ഥാപിതമായ ഗാന്ധിപ്രതിമയും ചർക്കയും നൂലും പയ്യന്നൂരിന്റേതാണെന്നത് ലോകമെമ്പാടും വാർത്തകളിൽ നിറഞ്ഞു നിന്ന കാര്യമാണ്. ആ മഹാത്മാവിന്റെ മഹത്തായ ദർശനങ്ങളെ ഇത്രയേറെ നെഞ്ചോട് ചേർത്ത ഈ മണ്ണിൽ ഉള്ള എത്രയോ റോഡുകളിൽ ഒരു റോഡിനെങ്കിലും മഹാത്മാവിന്റെ നാമധേയം ചേർക്കുകയാണെങ്കിൽ ഒരു സമ്പൂർണ്ണ ഗാന്ധിനഗരമായി, അല്ലെങ്കിൽ ഗാന്ധിജിയെ നെഞ്ചേറ്റിയ നാടായി പയ്യന്നൂർ പരിപൂർണ്ണത നേടുമായിരുന്നു.

ലോകമെമ്പാടും എത്രയോ നഗരങ്ങളിലും ഗ്രാമങ്ങളിലും "മഹാത്മാ ഗാന്ധി റോഡ്" എന്ന പേരിൽ ഗാന്ധിറോഡ് ഉണ്ടെന്നിരിക്കെ നമ്മുടെ പയ്യന്നൂരിലും അനുയോജ്യമായ ഏതെങ്കിലുമൊരു റോഡിനു ഗാന്ധിജിയുടെ നാമം നൽകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മഹാത്മാവിന്റെ നൂറ്റി അൻപതാം ജന്മവാർഷികം ലോകമാകെ കൊണ്ടാടുന്ന ഈ വേളയിൽ ഇത്തരമൊരു മഹത്തായ കർമ്മത്തിനും നഗരസഭ മുന്നിട്ടിറങ്ങുകയാണെങ്കിൽ പയ്യന്നൂരിന്റെ മഹിതമായ ചരിത്രത്തിനു അത് തങ്കത്തിളക്കം നൽകുമെന്ന് വിശ്വസിക്കുന്നു.

ഈ അഭ്യർത്ഥനയിൽ പ്രതീക്ഷയോടെ പ്രർത്ഥനകളോടെ,

28/02/2019

വി.ടി.വി.ദാമോദരൻ,
പയ്യന്നൂർ (9895200124)
(അബുദാബി) +971505229059
www.vtvdamodaran.com





# കൃതജ്ഞത

പല ചരിത്രദൗത്യങ്ങളും
ആകസ്മികങ്ങളാണ്.
പ്രതിമകളില്ലാത്ത നാട്ടിലെ
ഗാന്ധിപ്രതിമസ്ഥാപനവും
വി.ടി.വി.യിലൂടെ സംഭവിച്ച
ആകസ്മികതയാണ്.
അവിസ്മരണീയമാകേണ്ട
അത്തരമൊരു സന്ദർഭത്തെ
അടയാളപ്പെടുത്തിവെക്കുവാനുള്ള
ശ്രമമാണിവിടെ നടത്തിയിരിക്കുന്നത്.
പാഠപുസ്തകമാകാനൊരു അച്ചടിക്കെട്ട്.
ഇങ്ങനെയൊരു പുസ്തകം സാധ്യമാക്കിയ
എഡിറ്റർ സി.വി. വിനോദ്കുമാർ,
മധു ഒറിജിൻ, ഡോ:വി.സി.രവീന്ദ്രൻ,
ടി.കെ.സന്തോഷ് തുടങ്ങിയവർക്കും,
ആദരം പരിപാടിയുടെ നടത്തിപ്പിനായി
സഹകരിച്ച മുഴുവൻ ബന്ധുജനങ്ങൾക്കും
കൃതജ്ഞത നേരുന്നു.

**ഡോ: ഇ.ശ്രീധരൻ**
ജനറൽ കൺവീനർ
ആദരം സംഘാടക സമിതി